UNIVERSITY LIBRARY MADRAS

# ഗുരുനാഥൻ

പുസ്തകം 7 } 1103 തുലാം { ലക്കം 3

## ചന്ദ്രൻ

(ആർ. ഈശ്വരപിള്ള., ബി. എ.)

വാചാമഗോചരമായ രമ്യതയെ വഹിക്കുന്ന വിവിധവസ്തുക്കളെക്കൊണ്ടു ഈ പ്രപഞ്ചം സദാ സങ്കീൎണ്ണമായിട്ടാണിരിക്കുന്നതു്. എവിടെ നോക്കിനാലും നിരീക്ഷണശക്തിയുള്ള ദൃഷ്ടിക്കു രമ്യത്വം കാണ്മാൻ പ്രയാസമില്ല. പരിമിതപരിധിയോടുകൂടിയ ഭൂമിയിലും, ഒരന്തവുമില്ലാത്ത ആകാശത്തിലും പ്രകൃതിലക്ഷ്മി തന്റെ ഉദാരഹസ്തംകൊണ്ടു് അസംഖ്യം അനൎഘരത്നങ്ങളെ വാരിവിതറിയിട്ടുണ്ടു്. എന്നാൽ സാധാരണ മനുഷ്യർ കണ്ണുണ്ടെങ്കിലും അതിനെ ഇതരശരവ്യങ്ങളിലേയ്ക്കു് തിരിച്ചുകൊണ്ടു സദാ വൎത്തിക്കുന്നതിനാൽ കാൽചുവട്ടിൽ കിടക്കുന്ന ഈ രത്നശകലങ്ങളെ കാണാതെ അവയെ ചവിട്ടിയുംകൊണ്ടാണു് ലോകയാത്ര ചെയ്യുന്നതു്. എങ്കിലും അപൂൎവ്വം ചിലർ ഇതിനു് വ്യത്യസ്തമായിട്ടില്ലെന്നുമില്ല. എന്നാൽ നിശാവേളയിൽ ആകാശത്തിൽ കാണുന്ന കാഴ്ച ഏതു മനുഷ്യനിലും—മന്ദമതി തന്നെയായിരുന്നാലും—അവാച്യങ്ങളും അഗാധങ്ങളുമായ വികാരങ്ങളെ ജനിപ്പിക്കാതിരിക്കയില്ല. ചിലപ്പോൾ നാം മറ്റേതോ ഒരു ലോകത്തിലേയ്ക്കു വഹിക്കപ്പെട്ടതായും തോന്നിപ്പോകുന്നു. രാത്രിയിൽ കേവലം ഒരു നാസ്തികനും അല്പമായ ആസ്തിക്യബുദ്ധി ഉണ്ടാകുമെന്നു പറയപ്പെട്ടിരിക്കുന്നു. നമ്മുടെ വാസസ്ഥാനമായ ഭൂമിയിലെ അത്ഭുതങ്ങൾതന്നെ ഇനിയും നമുക്കു ദുർഗ്രാഹ്യങ്ങളായിരിക്കുന്ന സ്ഥിതിക്കു്, നമുക്കു നിഃശ്ശേഷം അപ്രാപ്യമായിരിക്കുന്ന ആകാശത്തിലെ വിസ്മയങ്ങളെപ്പററി ഒന്നും പറയേണ്ടതില്ലല്ലോ. സംഖ്യാതീതങ്ങളായ തേജോഗോളങ്ങളുടെ നിരന്തരസാന്നിധ്യം—അവയുടെ തരാതരത്തിലുള്ള ദീപ്തി—മന്ദമായ ചലനം—ഇടക്കിടെ വിദൂരഖേചരങ്ങളും ഉജ്ജ്വലനപിശുനങ്ങളുമായ ധൂമകേതുക്കളുടെ ആവിർഭാവം—സദാ തീക്ഷ്ണപ്രദീപ്തിയോടുകൂടിയ ഭാനുമാൻ—വൃദ്ധിക്ഷയങ്ങളോടുകൂടിയ അതികാന്തനായ ചന്ദ്രൻ ഇവയൊക്കെയും നമ്മിൽ എന്തെന്നില്ലാത്ത ഭക്ത്യത്ഭുതാനന്ദസമ്മിശ്രമായ ഒരു വികാരത്തെ ഉദ്ദീപിപ്പിക്കുന്നു. ഇവയെല്ലാം ഭാവരൂപചൈതന്യങ്ങൾ നൽകിയ ആ അദൃശ്യഹസ്തത്തിന്റെയും അവയെ രേഖാമാത്രം വ്യതിചലനം കൂടാതെ നയിക്കുന്ന ആ പ്രദേശി

നിയുടേയും മാഹാത്മ്യം മനുഷ്യബുദ്ധിയുടെ ഗണനശക്തിക്ക് അതീതമാണെന്നല്ലാതെ മറ്റൊന്നും പറവാൻ കാണുന്നില്ല.

എന്നാൽ പ്രപഞ്ചത്തിൽ നിസർഗ്ഗരമ്യങ്ങളായ വികാരങ്ങളെ മനസ്സിൽ ജനിപ്പിക്കുന്നവയായ വസ്തുക്കളിൽവെച്ച് എല്ലാംകൊണ്ടും പ്രാധാന്യം വഹിക്കുന്നതു ചന്ദ്രനാണെന്നു പറയാം. അതു പ്രകൃതിയുടെ ഫാലതിലകമായിട്ടുതന്നെ ശോഭിക്കുന്നു. പ്രതാപംകൊണ്ടു സൂര്യനാണു ഗഗനാധിപത്യം വഹിക്കുന്നതെങ്കിലും പ്രകാശനൈർമ്മല്യംകൊണ്ട് ചന്ദ്രനാണു ലോകത്തെ വശീകരിച്ചു പ്രകൃതിരഞ്ജനനായ 'രാജാ'വായി വർത്തിക്കുന്നതും ആ നാമം ധരിക്കുന്നതും. എന്നാൽ ഒന്നു നിശാകരനും മറ്റതു് ദിവാകരനുമായിട്ടാണു ഭരണകാലത്തെ ദ്വൈതീഭാവത്തോട് വിഭജിച്ച് എടുത്തിരിക്കുന്നതു്. പക്ഷെ, ചന്ദ്രനു ഗ്രഹപ്പിഴനിമിത്തം ക്ഷയരോഗം ഇടക്കിടക്ക് സംഭവിക്കുന്നുണ്ടു്. എന്നാൽ അതു് 'അമൃതാംശു'വായിരിക്കുന്നതുകൊണ്ടു നിശ്ശേഷം നാശം സംഭവിക്കുന്നില്ല. പോരെങ്കിൽ "ഓഷധീശനും" കൂടിയാണല്ലോ. ചന്ദ്രന്റെ സ്വല്പകാലത്തെയ്ക്കുള്ളതായ വിയോഗം നമുക്ക് എത്രമാത്രം അസുഖത്തിനു ഹേതുവായിത്തീരുന്നുവെന്നു പറയേണ്ടതില്ല. ചന്ദ്രൻ രാജത്വംകൊണ്ട് ആരാധ്യനായിരിക്കുന്നതുപോലെതന്നെ ദ്വിജത്വംകൊണ്ടും കലാനിധിത്വംകൊണ്ടും അദ്ദേഹം പൂജ്യനായിട്ടാണിരിക്കുന്നതു്. ചന്ദ്രൻ നമ്മെ ഒരിക്കലും തപിപ്പിക്കയില്ലെന്നു മാത്രമല്ല ആഹ്ലാദപ്രദനും കൂടിയാണ്. എന്നാൽ ചന്ദ്രനുള്ള ഒരു ദോഷം 'പക്ഷഭേദം' ഉണ്ടെന്നുള്ളതാണ്. ഇതു ലോകത്തിൽ സഹജമാണല്ലോ. "ഏകോഹി ദോഷോ ഗുണസന്നിപാതേ നിമജ്ജതീ" എന്നു മഹാകവിതന്നെ പറഞ്ഞിട്ടുണ്ടല്ലോ. സൂര്യൻ നമ്മോട് മിത്രഭാവം വഹിക്കുന്നുണ്ടെങ്കിലും ഭൂലോകത്തോട് ഏറ്റവും അടുത്തിരിക്കുന്ന ബന്ധു ചന്ദ്രൻ തന്നെയാണ്. പലപ്പോഴും സൂര്യന്റെ അഭാവത്തിൽ തന്റെ പ്രശാന്ത രമണീയമായ സാന്നിധ്യംകൊണ്ടു നമ്മെ ആശ്വസിപ്പിക്കുന്നതും ഈ ചന്ദ്രൻ തന്നെയാണ്. ഈ ജ്യോതിസ്സിന്റെ സാന്നിധ്യം ഇല്ലാതിരുന്നുവെങ്കിൽ രാത്രി നമുക്കെല്ലാവർക്കും എത്രമാത്രം ഭയാവഹമായിരിക്കുമായിരുന്നുവെന്ന് ഊഹിപ്പാൻപോലും പ്രയാസമാകുന്നു. തസ്കരന്മാർ, ഘാതകന്മാർ മുതലായവർ അവരുടെ ദുഷ്കൃത്യാനുഷ്ഠാനത്തിനു ചന്ദ്രനില്ലാത്തതായ അവസരം പ്രതീക്ഷിച്ചിരിക്കയാണു പതിവ്. ദുർമ്മതികൾക്ക് വെൺമതിയെ എല്ലായ്പ്പോഴും ഭയപ്പെടാതിരിക്കാൻ തരമില്ലല്ലോ. രാത്രിയിൽ നാം അനന്തമായ അന്തരീക്ഷത്തിലേക്കു കണ്ണയക്കുന്നതായാൽ അനേകായിരം തേജോമയങ്ങളായ ഗോചരങ്ങൾ നമുക്കു ദൃഷ്ടിഗോചരങ്ങളായി ഭവിക്കുന്നു. ഇവയിൽ ചിലതു മിന്നിയും ചിലവ മങ്ങിയും കാണപ്പെടുന്നു. എന്നാൽ സസ്മിതം നമ്മെ കടാക്ഷിക്കുകയും അമൃതസ്യന്ദികളായ കരങ്ങൾ കൊണ്ടു നമ്മെ സംവാഹനം ചെയ്കയും ചെയ്യുന്നതും നിശാനാഥനായി വർത്തിക്കുന്ന ഈ ചന്ദ്രൻതന്നെയാണ്.

"നക്ഷത്രതാരാഗ്രഹസംകുലാപി
ജ്യോതിഷ്മതി ചന്ദ്രമസൈവ രാത്രി"

എന്നു കവി പറഞ്ഞിട്ടുള്ളതിൽ ഭൂലോകവാസികളായ നമ്മെ സംബന്ധിച്ചു് ഒട്ടും അതിശയോക്തിയുണ്ടെന്നു പറവാൻ പാടില്ല. സരസ്സിലൊ സമുദ്രത്തിലൊ മററു ജലാശയത്തിലൊ പ്രതിഫലിച്ചു കാണുന്ന ചന്ദ്രബിംബത്തെപ്പോലെ ലോകോത്തരമനോഹരമായ വസ്തു മറെറന്താണുള്ളതു്? "സോമാഭിരാമദ്യുതിമുഖലസിത"യായിരിക്കുന്ന രാത്രി ആൎക്കാണു് ആനന്ദത്തെ പ്രദാനം ചെയ്യാതിരിക്കുന്നതു്? പൌൎണ്ണമാസിയിങ്കൽ ചന്ദ്രൻ ലോകമാസകലം ഒരു ശുഭ്രവസ്ത്രംകൊണ്ടു് ആവരണം ചെയ്യുന്നതുപോലെയാണു നമുക്കു തോന്നുന്നതു്. അവിടവിടെ കാണുന്ന നിഴലുകൾ ഇതിന്റെ രമ്യതയെ സവിശേഷം വൎദ്ധിപ്പിക്കുന്നു. വിദൂരവൎത്തിയായിരിക്കുന്ന ഈ തേജോഗോളം മനുഷ്യനിൽ എന്തെല്ലാം സ്മരണകളെ ഉദ്ദീപിപ്പിക്കുന്നു! കേവലം ശിശുക്കൾക്കുപോലും ചന്ദ്രനെ കാണുമ്പോൾ എന്തെന്നില്ലാത്ത സന്തോഷം ഉണ്ടാകുന്നു. "അമ്പിളി അമ്മാമൻ" അവരുടെ ഗൃഹങ്ങളിലെ ഒരംഗമായിട്ടാണു് അവർ കരുതിപ്പോരുന്നതു്. ശിവന്റെ ജടാഭാരത്തിൽ ചന്ദ്രനു് സ്ഥാനം നൾകിയിരിക്കുന്നതു കവികളുടെ പ്രതിഭാവിലാസത്തിന്റെ ഉത്കൎഷംകൊണ്ടൊ പുരാണകൎത്താക്കന്മാരുടെ ചിന്താശക്തിയുടെ തൈക്ഷ്ണ്യംകൊണ്ടൊ എന്നു തീൎച്ചയാക്കാൻ പ്രയാസമാണു്. ഏതുതന്നെയായാലും ചന്ദ്രനു് അതു യഥാൎത്ഥമായ ഒരു ബഹുമതിതന്നെയാണെന്നുള്ളതിനു സംശയം ഇല്ല. ലോകോപകാരികൾക്കു ഈ പ്രകാരമുള്ള സ്ഥാനമാനങ്ങൾ ലഭിക്കുന്നതു് അത്ഭുതമല്ലല്ലൊ. ചന്ദ്രൻ പാന്ഥന്മാൎക്കു് ഒരു നേതാവും, മാൎഗ്ഗഭ്രംശം പററിയവൎക്കു് ഒരു ദീപവും കര കാണാതെ കുഴങ്ങുന്ന നാവികനു് അഭയദായകനും കവികൾക്കു് വിവിധങ്ങളായ ആശയസന്ദായകനും ഗായകനു പ്രേരകനും വിദൂരവൎത്തിയായിരിക്കുന്ന രാജ്യഭ്രഷ്ടനെ സ്വരാജ്യത്തോടു ഘടിപ്പിക്കുന്ന ഒരു ബന്ധുവുമാകുന്നു. ജ്യോതിശ്ശാസ്ത്രജ്ഞൻ- തത്വജ്ഞാനി—ഗണിതകാരൻ- കാമുകൻ- കവി- ചിത്രകാരൻ- പണ്ഡിതൻ- പാമരൻ മുതലായവർ ചന്ദ്രനെ വീക്ഷിക്കുന്ന രീതി എത്രയൊ വ്യത്യാസപ്പെട്ടിരിക്കുന്നു. ജ്യോതിശ്ശാസ്ത്രജ്ഞനു് ഇതു കേവലം ഭൂമിയുടെ ഒരു പാൎശ്വസേവിയും അനുഗാമിയും മാത്രമാണു്. തത്വാന്വേഷിയുടെ ദൃഷ്ടിയിൽ ചന്ദ്രൻ ഒരു "മൃതഗോളം" ആണത്രെ. ഗണിതകാരൻ ഇതിന്റെ വലിപ്പവും ഭാരവും ദൂരവും ചലനക്രമവും നോക്കി തൃപ്തിപ്പെടുന്നു. കവി ഇതിന്റെ രാമണീയകത്വത്തെയും പ്രയോജനത്തെയും മററും നോക്കി രസിക്കുന്നു. കാമുകനാകട്ടെ, തന്റെ മനോവികാരങ്ങളുടെ തരഭേദം അനുസരിച്ചു് സഖാവായൊ, വിരോധിയായൊ ചന്ദ്രനെ വീക്ഷിക്കുന്നു. ചിത്രകാരൻ, അതിന്റെ മനോഹരങ്ങളും ആകൎഷണീയങ്ങളുമായ ഭാവവൈവിധ്യത്തെ അപ്പുളപ്പോൾ വീക്ഷിച്ചു ചിത്രഫലക

ത്തിൽ രേഖപ്പെടുത്തുന്നു. സാധാരണ മനുഷ്യർ ചന്ദ്രനെ തങ്ങളുടെ ഒരു കൂട്ടുകാരനായിട്ടും ഉപകർത്താവായിട്ടും ഗണിച്ചുവരുന്നു.

എന്നാൽ ചന്ദ്രൻ കേവലം അതിന്റെ രമ്യത്വംകൊണ്ടു മാത്രമല്ല നമ്മെ അനുഗ്രഹിക്കുന്നതു്. ചന്ദ്രൻ തന്റെ ആകർഷണശക്തിയാൽ സമുദ്രജലത്തെ ആകമാനം ഉയർത്തിത്തള്ളിക്കൊണ്ടു കരയോരങ്ങളിലും ഉൾക്കടലുകളിലും മററുമുള്ള മലിനപദാർത്ഥങ്ങളെ ഒക്കെയും അടിച്ചുമാർജ്ജനം ചെയ്തു് അനേകായിരം ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നു. സമുദ്രത്തിൽ ചന്ദ്രന്റെ ശക്തികൊണ്ടുണ്ടാകുന്ന ഏററവും ഇറക്കവും ഇതുപോലെ പലവിധത്തിൽ മനുഷ്യന്നു് പ്രയോജനമുള്ളതായിട്ടാണിരിക്കുന്നതു്. പ്രത്യേകിച്ചു് കൃഷകൻ, നാവികൻ മുതലായവർ അവരുടെ കൃത്യങ്ങളെ ഇതുകൊണ്ടു നിയമനം ചെയ്തുവരുന്നുണ്ടു്. ബന്ധുക്കൾക്കു് ദൂരസ്ഥിതന്മാരായാലും നമ്മെ സഹായിക്കാൻ സാധിക്കുമെന്നുള്ളതിനു ചന്ദ്രൻ ഒരുത്തമദൃഷ്ടാന്തം നൽകുന്നു. ചന്ദ്രൻ ഭൂമിയിൽനിന്നും ഏകദേശം 238000 മൈൽ ദൂരത്തിലാണു സ്ഥിതിചെയ്യുന്നതെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു. എന്നിരുന്നിട്ടും ഭൂലോകവാസികളായ നമ്മെ അതു പ്രതിഫലേച്ഛകൂടാതെ പലവിധത്തിൽ അനുഗ്രഹിക്കുന്നു.

ചന്ദ്രന്റെ ഭൂപ്രദക്ഷിണം, അതിന്റെ ഘടനാക്രമം, അതിന്റെ ഉല്പത്തി, അതിന്റെ ഉപരിഭാഗത്തിൽകാണുന്ന പ്രകൃതിവിശേഷങ്ങൾ, അതിന്റെ "കളങ്കം" മുതലായവ മനുഷ്യബുദ്ധിക്കു രസകരങ്ങളായ ഗവേഷണവിഷയങ്ങളാകുന്നു. ചന്ദ്രന്റെ ഒരുവശം മാത്രമെ നാം എന്നും കാണുന്നുള്ളു എന്നതും ആലോചനയ്ക്കു വിഷയീഭവിക്കേണ്ട ഒരു സംഗതിയാണു്. ചന്ദ്രന്റെ മറുവശം മനുഷ്യർ ആരുംതന്നെ ഇന്നേവരെയും കണ്ടിട്ടില്ല; കാണാൻ സാധിക്കയുമില്ല. നാം ചന്ദ്രനെ വീക്ഷിക്കുമ്പോളൊക്കെയും ഒരുതരം കാഴ്ചയാണു നമ്മുടെ നയനങ്ങളെ ഉപചരിക്കുന്നതു്. ചന്ദ്രന്റെ ഉപരിഭാഗത്തിൽ കാണപ്പെടുന്ന പ്രകൃതിവിശേഷങ്ങളെ പരിശോധിക്കുന്നതു വളരെ രസാവഹമായ ഒരു ജോലിയാണു്. എന്തുകൊണ്ടെന്നാൽ, നഭോമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന ഏതൊരു ഗോളവും വിവിധരൂപധാരിയായ ചന്ദ്രനെക്കാൾ അത്ഭുതവും ആനന്ദവും നമുക്കു നൽകുന്നില്ല. ഒരു ശക്തിയുള്ള ദൂരദർശിനിയിൽക്കൂടി ചന്ദ്രനെ വീക്ഷിക്കുന്നതായാൽ ഈ ഗോളത്തിലെ വിസ്മയനീയങ്ങളും വിവിധങ്ങളുമായ രമ്യതകൾ നമുക്കു ദൃഷ്ടിഗോചരങ്ങളായി ഭവിക്കുന്നു. ഭൂമിയിലുള്ളതുപോലെ സമുദ്രങ്ങളും ശൈലങ്ങളും ഭൂഖണ്ഡങ്ങളും അതിൽ ഉണ്ടെന്നു നാം പ്രതീക്ഷിക്കുന്നതു സാധാരണയാണു്. എന്നാൽ ഇവയൊന്നും ചന്ദ്രമണ്ഡലത്തിൽ ഇപ്പോൾ ഇല്ലെന്നാണു ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നതു്. ഒരു മൃതഗോളത്തിന്റെ അവശിഷ്ടമാണു് നാം ഇന്നു കാണുന്ന ചന്ദ്രഗോളമെന്നു ദൂരദർശിനി നമ്മെ ധരിപ്പിക്കുന്നു. രണ്ടുവിധം കാഴ്ചയാണു് നാം അതിൽ

കാണുന്നത്. അതിൻെറ ധ്രുവപ്രദേശങ്ങളിൽ പ്രത്യേകിച്ചും ദക്ഷിണധ്രുവപ്രദേശത്തിൽ ചന്ദ്രൻെറ ഉപരിഭാഗം തുഷാരധവളമായിട്ടാണിരിക്കുന്നത്. എന്നാൽ ചന്ദ്രൻെറ ഏകദേശം മധ്യപ്രദേശത്തോടടുത്ത ഭാഗം ഒരു വൃത്താകാരത്തിൽ കൃഷ്ണവൎണ്ണമായി കാണപ്പെടുന്നു. ഇതിൽനിന്നും ഒരു കൃഷ്ണവൎണ്ണമായ രേഖ വടക്കോട്ടു നീണ്ടുകിടക്കുന്നുണ്ട്. എന്നാൽ ചന്ദ്രൻ പൂൎണ്ണനായിരിക്കുമ്പോൾ വേറൊരു കാഴ്ചയും നാം കാണുന്നുണ്ട്. ദക്ഷിണധ്രുവത്തോടടുത്ത് അംഗുലീയകാകൃതിയിൽ ഒരു ധവളവൎണ്ണമായ വലിയ പൎവ്വതമുള്ളതായി കാണുന്നു. ഇതിൻെറ ചുററും നക്ഷത്രങ്ങളെപ്പോലെ വൃത്താകാരത്തിൽ ഏതാനും രേഖകളും കാണുമാറുണ്ട്. ധവളവൎണ്ണത്തോടുകൂടിയ ഈ പ്രദേശം മുഴുവനും പല രൂപത്തിലുള്ള "വമനദ്വാരങ്ങൾ" കൊണ്ടു നിറഞ്ഞിരിക്കയാണ്. കൃഷ്ണവൎണ്ണമായ പ്രദേശത്തു ധവളസീമകളോടുകൂടി വേൎതിരിക്കപ്പെട്ട ഏതാനും വൃത്താകാരങ്ങളിലുള്ള നാലു സമുദ്രങ്ങൾ ഉണ്ടു. എന്നാൽ ചന്ദ്രൻെറ ശൈത്യാവസ്ഥ അറിയപ്പെട്ടിടത്തോളം അതിൽ അലിഞ്ഞജലം ഉണ്ടായിരിക്കാൻ തരമില്ലെന്നാണ ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. ചന്ദ്രനിൽ വായുമണ്ഡലവും ഇല്ലെന്നാണ് ഇവർ അഭിപ്രായപ്പെടുന്നത്. സസ്യങ്ങളോ വൃക്ഷങ്ങളോ ജീവികളോ ചന്ദ്രൻെറ ഇപ്പോഴത്തെ സ്ഥിതിക്ക് അതിൽ ഉണ്ടായിരിക്കാൻ തരമില്ല. നാം ദൂരദൎശിനിയിൽകൂടി അൎദ്ധചന്ദ്രനെ നോക്കുന്നതായാൽ അതിൻെറ തുഷാരധവളപ്രദേശത്തിൽ ഉള്ള വമനദ്വാരങ്ങളുടെ രൂപവൈചിത്ര്യം നമ്മുടെ ഉള്ളിൽ അതിയായ വിസ്മയം ജനിപ്പിക്കുന്നതാണ്. ചന്ദ്രൻെറ പ്രകാശിതമായ അൎദ്ധഭാഗത്തിൻെറയും അപ്രകാശിതമായ അൎദ്ധഭാഗത്തിൻെറയും മദ്ധ്യേയുള്ള അതിൎത്തിയോടടുത്തു കിടക്കുന്ന ഈ വമനദ്വാരങ്ങളുടെ വിവിധവികൃതരൂപങ്ങൾ ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധയെ സവിശേഷം ആകൎഷിക്കുന്നവയാണ്. ഈ വമനദ്വാരങ്ങളുടെ ചുററുമുള്ള ഭിത്തികൾ എത്രയോ ഉന്നതമുള്ളവയാണെന്ന് സൂൎയ്യരശ്മി അവയിൽ പതിക്കുമ്പോൾ ഉണ്ടാകുന്ന ദീൎഘങ്ങളായ ഛായാദൈൎഘ്യംകൊണ്ട് ഏകദേശം ഊഹിക്കാവുന്നതാണ്. വിസ്താരത്തിലും ഉയരത്തിലും ഇവ വളരെ വ്യത്യാസപ്പെട്ടു കാണപ്പെടുന്നു. ഈ വമനദ്വാരങ്ങൾ അഗ്നിപൎവ്വതങ്ങളുടെ വക്ത്രങ്ങളാണെന്ന് ഒരിക്കൽ വിചാരിക്കപ്പെട്ടിരുന്നു. എന്നാൽ ഇവയെ ഭൂമിയിലുള്ള അഗ്നിപൎവ്വതങ്ങളോടു താരതമ്യപ്പെടുത്തി നോക്കുന്നതായാൽ പല സാരങ്ങളായ അംശങ്ങളിലും ഇവ വിഭിന്നങ്ങളായി കാണപ്പെടുന്നതുകൊണ്ട് ഈ അഭിപ്രായം ഇപ്പോൾ നിരാകരിക്കപ്പെട്ടിരിക്കുന്നു. ഇനിയുമൊരഭിപ്രായമുള്ളത് ചന്ദ്രൻ ഒരിക്കൽ ഉരുകിയിരുന്ന ഭൂമിയുടെ ഒരു ഭാഗമായിരുന്നു എന്നും എന്തോ ശക്തിയാൽ അതിൽനിന്നും തെറിച്ചു ദൂരെ പോയിട്ടുള്ളതാണെന്നും ചന്ദ്രൻ ചെറുതായതുകൊണ്ടു ഭൂമിയെ അപേക്ഷിച്ച് അതിവേഗം തണുത്തുപോയിട്ടുള്ളതാണെന്നുമാണ്. അതുകൊ

ണ്ടു് ഭൂമിയുടെ ശീതോഷ്ണാവസ്ഥ ഇപ്പോൾ ക്രമമായിരിക്കയും ചന്ദ്രന്റെ അവസ്ഥ വെള്ളംകൂടി ഘനീഭവിക്കത്തക്കവണ്ണം അതിശീതമായിരിക്കയും ചെയ്യുന്നവത്രെ. ചന്ദ്രനിൽ ജലാശയങ്ങളും സമുദ്രങ്ങളും ഒരിക്കൽ ഉണ്ടായിരുന്നു എങ്കിൽ അവയിലെ ജലം ഇപ്പോൾ ഘനീഭവിച്ചു് ഉപലപ്രായമായി തീൎന്നിട്ടും ഉണ്ടായിരിക്കും. ചന്ദ്രന്റെ ഘടനാംശങ്ങളും ഭൂമിയുടെ ഘടനാംശങ്ങളും ഒന്നുപോലെതന്നെയാണെന്നും ജലാംശം ഉണ്ടായിരുന്നതു് ഇപ്പോൾ ഘനീഭവിച്ചുപോയിട്ടുള്ളതാണെന്നും ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ടു്. എന്നാൽ ചന്ദ്രന്റെ ഘടനയിൽ ഭൂമിയേക്കാൾ ജലാംശം കൂടിയിരിക്കുന്നുണ്ടെന്നും യുക്തിപൂൎവ്വം ഊഹിക്കപ്പെട്ടിരിക്കുന്നു. ഇതു വാസ്തവമാണെങ്കിൽ ചന്ദ്രനിലുള്ള ജലാശയങ്ങൾക്കു 400—മൈലോളം അഗാധതയുണ്ടായിരിക്കണം. ഇതിൽനിന്നും അനുമാനിക്കേണ്ടതു ചന്ദ്രൻ ഉള്ളിൽ പാറയോടുകൂടിയ ഒരു ഘനീഭവിച്ച ഹിമഗോളമാണെന്നും ഇടയ്ക്കിടക്കു് വമനദ്വാരങ്ങൾകൊണ്ടും ഹിമസമുദ്രങ്ങൾകൊണ്ടും സങ്കീൎണ്ണമായിരിക്കുന്നു എന്നും അതിൽ നെടുകെ ഒരു വിടവുണ്ടെന്നും മററുമാകുന്നു. എന്നാൽ ഇതൊക്കെയും യുക്തിയെ ആസ്പദമാക്കി ചെയ്യുന്ന അനുമാനങ്ങൾ മാത്രമാണെന്നും പ്രത്യക്ഷമായ തെളിവിന്മേൽ സ്ഥാപിതങ്ങളല്ലെന്നും ഓൎമ്മിക്കേണ്ടതാണു്. ഏതായാലും നമ്മുടെ മുമ്പിൽ മുകളിലായി കാണപ്പെടുന്നതു് ഒരാധാരവുമില്ലാതെ ലംബമാനമായ ഒരു ഹിമഗോളമാണെന്നും അതിന്റെ ചില ഭാഗങ്ങൾ ഹിമവിമുക്തങ്ങളായി കറുത്തു കാണപ്പെടുന്നുണ്ടെന്നും അതിൽ കാണുന്ന വിള്ളലുകൾ അഥവാ വിടവുകൾ എന്തോ അസാമാന്യമായ ഒരു ക്ഷോഭംകൊണ്ടു സംഭവിച്ചിട്ടുള്ളതാണെന്നും ഏറെക്കുറെ വിശ്വസിക്കാവുന്നതാണു്. ഇതാണു ശാസ്ത്രജ്ഞന്മാരുടെ മതം.

എന്നാൽ കവികൾ ഇതൊന്നും കാൎയ്യമായി ഗണിക്കുമെന്നു തോന്നുന്നില്ല. ഹിമാംശുവാണെന്നു് അവരും സംവദിക്കുന്നുണ്ടു്. പക്ഷെ കറുത്തമദ്ധ്യത്തിൽ കാണുന്നതു് "മൃഗ"മാണെന്നും അഗ്നിപൎവ്വതങ്ങളുടെ വമനദ്വാരങ്ങളും മററുമല്ലെന്നും അവരുടെ പ്രതിഭാശക്തിയായ ദൂരദൎശിനി അവരെ ഉൽബോധിപ്പിക്കുന്നു. സൂക്ഷ്മം നോക്കിയാൽ ശാസ്ത്രജ്ഞന്മാരും കവികളും അല്പം ഭിന്നങ്ങളായ ദൂരദൎശിനികളെത്തന്നെയാണു അവലംബിക്കുന്നതു്. എന്നാൽ ശക്തി കൂടുന്നതു് കവികളുപയോഗിക്കുന്ന അകൃത്രിമമായ ദിവ്യചക്ഷുസ്സിനാണെന്നു പറയപ്പെട്ടിരിക്കുന്നു. ശാസ്ത്രജ്ഞന്മാൎക്കു കാണ്മാൻ സാധിക്കാത്ത പല നിഗൂഢരമ്യതകളും വിശേഷങ്ങളും അവർ കാണുകയും നമുക്കു കാണിച്ചുതരികയും ചെയ്യുന്നുണ്ടു്. ചന്ദ്രൻ ഹിമഗോളമാണെന്നും അതിന്റെ ശീതോഷ്ണാവസ്ഥ അതിശീതളമാണെന്നും ഇപ്പോൾ ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിട്ടുള്ളതു നമ്മുടെ പൂൎവ്വന്മാർ പണ്ടെതന്നെ മനസ്സിലാക്കിവച്ചിട്ടുണ്ടെന്നുള്ളതു ചന്ദ്രനെ അവർ "ഹിമാംശു"വെന്നും

"ശീതാംശു"വെന്നും പേർ കല്പിച്ചിരിക്കുന്നതുകൊണ്ടുതന്നെ സ്പഷ്ടമാകുന്നു. ചന്ദ്രനിൽ ജലാംശം കൂടിയുണ്ടെന്നുള്ളതും അതിനുള്ള "അബ്ജൻ" എന്നുള്ള പേർ സൂചിപ്പിക്കുന്നുണ്ട്. ഇവക്കുണ്ടായിരുന്ന ദൂരദർശിനി അവരുടെ നിശിതബുദ്ധിതന്നെയായിരുന്നു. പ്രാചിയാണു പ്രതീചിക്കുപദേഷ്ടാവായിരിക്കുന്നതെന്നുള്ളതിന് ഇതും അനേകദൃഷ്ടാന്തങ്ങളുള്ളവയിൽ ഒന്നാകുന്നു. ഭാരതീയർ ആദ്യംതന്നെ ചിന്താശീലന്മാരായിരുന്നതുകൊണ്ട് എല്ലാവിഷയത്തേയുംപററി അവർ പര്യാലോചിക്കയും ആലോചനയുടെ ഫലം രേഖപ്പെടുത്തുകയും ചെയ്യുക പതിവായിരുന്നു. ഇന്നത്തെ ഭൌതികോപകരണസഹായം കൂടാതെ മനുഷ്യബുദ്ധിക്കെത്രത്തോളം ഉയരാൻ സാധിക്കുമെന്നു ഭാരതീയർ പ്രത്യക്ഷമായി തെളിയിച്ചിട്ടുണ്ട്. "പ്രാചി"തന്റെ നിരീക്ഷണഫലമായി സംക്ഷിപ്തമായി രേഖപ്പെടുത്തിയിട്ടുള്ള തത്വങ്ങളെ പരീക്ഷിച്ച് സവിസ്തരം വ്യാഖ്യാനിക്കുകയാണു "പ്രതീചി" ഇന്നു ചെയ്തുവരുന്നത്.

## * ഒരു പ്രശസ്തവിദ്യാഭ്യാസസ്ഥാപനം.

ബായ്ക്രൂൾ എന്ന മഹാൻ ബെൽഗിലെ ഒരു വിശിഷ്ടവിദ്യാഭ്യാസപ്രവർത്തകനാണ്. ഗ്രാമത്തിലെ ഒരു അദ്ധ്യാപകനായിട്ടാണ് അദ്ദേഹം തന്റെ ജീവിതം ആരംഭിച്ചത്. വിദ്യാഭ്യാസസംബന്ധമായി സ്വന്തം ചില ആദർശങ്ങൾ അദ്ദേഹത്തിന് ഉണ്ടായിരുന്നതുകൊണ്ടു വിദ്യാലയമേലധികാരികളുമായി കൂടക്കൂടെ തധിരധാരകൂടാതെയുള്ള സമരം അദ്ദേഹത്തിനു ചെയ്യേണ്ടിവന്നു. ഭാരതത്തിലെ ഒരു മഹാകവിയും പ്രസിദ്ധവിദ്യാഭ്യാസപ്രവർത്തകനുമായ രവീന്ദ്രനാഥടാഗോറിനെപ്പോലെതന്നെ കുട്ടികൾക്കു സ്വാതന്ത്ര്യം നൽകണമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായവും. വിദ്യാലയങ്ങളിലെ പുസ്തകങ്ങളേക്കാൾ കൂടുതലായി തന്റെ ജീവിതത്തിൽനിന്നും പ്രകൃതിയാകുന്ന മഹാഗ്രന്ഥത്തിൽനിന്നും കുട്ടികൾ പഠിക്കേണ്ടതാണെന്നാണ് അദ്ദേഹത്തിന്റെ വിശ്വാസം. "മലയുടെ മുകളിൽനിന്നും ധൃതിയോടുകൂടി താഴോട്ടോടി മൂക്കുപൊട്ടിക്കുന്നതുവരെ അങ്ങനെ ചെയ്യുന്നതു വിഡ്ഢിത്തമാണെന്നു കുട്ടി പഠിക്കുകയില്ല. രാമൻ കൃഷ്ണനെ നല്ലപോലെ അടിക്കാതെ രാമനു കൃഷ്ണനേക്കാൾ ശക്തിയുണ്ടെന്നു കൃഷ്ണൻ മനസ്സിലാക്കുകയില്ല" എന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്.

പ്രേമവും ഭക്തിയുമാണു ബായ്ക്രൂളിന്റെ പ്രധാന വിദ്യാഭ്യാസോപകരണങ്ങൾ. കുട്ടികളിലുള്ള സൃഷ്ടിപരമായ ശക്തികളെ വികസിപ്പിച്ചു വളർത്തുന്നതിൽ അദ്ദേഹം അദ്വിതീയനായ ഒരു ഗുരുവാണ്. അദ്ദേഹത്തി

* മോഡേൺറിവ്യൂ.

ന്റെ കീഴിൽ പഠിച്ചിട്ടുള്ളവരെല്ലാം ചിത്രകാരന്മാരും, മരംവെട്ടികളും, ആശാരികളും, കൽപണിക്കാരും, സംഗീതജ്ഞന്മാരും എഴുത്തുകാരുമായി തീൎന്നിട്ടുണ്ടു്. ഇവയും മററു പല ജോലികളും അവരെ അഭ്യസിപ്പിച്ചിട്ടുണ്ടു്. എന്നാൽ അവയിൽ അദ്ദേഹത്തിനു വലിയ പരിജ്ഞാനമൊന്നുമുണ്ടായിരുന്നില്ല. ഓരോ കുട്ടിയിലുമുള്ള വാസനകളെ അദ്ദേഹം കണ്ടറിഞ്ഞു അവയെ പോഷിപ്പിച്ചു് കുട്ടികളെ വളരെ സാമൎത്ഥ്യത്തോടും താല്പൎയ്യത്തോടുംകൂടി പ്രോത്സാഹിപ്പിച്ചു് പ്രവൃത്തിയിൽ അദ്ദേഹം സന്തോഷം ജനിപ്പിച്ചു. തൽഫലമായി അവരിലുള്ള വാസനകൾ സ്വയം വളൎന്നുവന്നു.

ഒരു സൎവ്വകലാശാലാ പ്രാസംഗികൻ അംഗഭംഗം വന്നിട്ടുള്ള കുട്ടികളുടെ വിദ്യാഭ്യാസാൎത്ഥം ഒരു സ്ഥാപനം ഏൎപ്പെടുത്തുന്നതിനു് ആഗ്രഹിക്കുകയും ബായ്ക്ക്രുളിനെ അവിടത്തെ അദ്ധ്യാപകനായി നിയമിക്കുകയും ചെയ്തു. കയ്യും കാലും മൂക്കും ഇല്ലാത്ത ഈ സാധുക്കുട്ടികളെ ഏതുതരത്തിലാണു് സമുദായത്തിനു് ഉപകാരികളാക്കിത്തീൎക്കേണ്ടതെന്നു് അദ്ദേഹം ചിന്തിച്ചു് ചിന്തിച്ചു് അതിനുള്ള മാൎഗ്ഗങ്ങൾ കണ്ടുപിടിച്ചു് യഥാൎത്ഥജീവിതം എന്താണെന്നു് അദ്ദേഹം ആദ്യമായി അവരെ പ്രസ്പഷ്ടമായി കാണിച്ചുകൊടുത്തു. മനുഷ്യജീവിതം എന്നു പറയുന്നതു്—സാമുദായികജീവിതം—സഹകരണം—ഒന്നിച്ചുള്ള ജീവിതവും പ്രവൃത്തിയുമാണു്. ആദ്യമായി അവരെ ഒരു സമുദായമായി—ചെറിയ കുട്ടികളുടെ സമുദായമായി—യഥാൎത്ഥ സമുദായമായി അദ്ദേഹം രൂപീകരിച്ചു. ഒരു സമുദായത്തിലെ അംഗങ്ങളായതുകൊണ്ടു പ്രത്യേകം ചില ചുമതലകൾ ഉണ്ടെന്നു് അവർ മനസ്സിലാക്കി. വേല ചെയ്യുവാൻ അവർ പഠിച്ചു. കയ്യില്ലാത്തവരെ കാലുകൊണ്ടും, കാലില്ലാത്തവരെ കയ്യുകൊണ്ടും, അവ രണ്ടുമില്ലാത്തവരെ തലച്ചോറുകൊണ്ടും, ദുൎവ്വിധി അവൎക്കു നൽകിയിട്ടുള്ള മററംഗങ്ങളെക്കൊണ്ടും വേല ചെയ്യുന്നതിനു് അദ്ദേഹം അവരെ പഠിപ്പിച്ചു. എഴുതുന്നതിലും വായിക്കുന്നതിലും അദ്ദേഹം അത്ര ശ്രദ്ധിച്ചിരുന്നില്ല. വിദ്യാലയാധികൃതന്മാൎക്കു് അദ്ദേഹത്തോടു നീരസം തോന്നിത്തുടങ്ങി. എഴുതുന്നതിനും വായിക്കുന്നതിനുമുള്ള ആഗ്രഹം ജനിക്കുന്നതുവരെ അദ്ദേഹം ക്ഷമിച്ചിരുന്നു. കുട്ടികളുടെ അമ്മമാൎക്കോ സഹോദരിമാൎക്കോ എപ്പോൾ കത്തുകൾ അയക്കണമെന്നു് ആഗ്രഹം തോന്നിയോ അപ്പോൾ കുട്ടികൾ എഴുതുവാൻ പഠിച്ചുതുടങ്ങി. പുസ്തകങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള സംഗതികൾ എന്താണെന്നു് അറിയുവാൻ കുട്ടികൾക്കു ജിജ്ഞാസ ഉദിച്ചപ്പോൾ അവർ വായിക്കുവാനും പഠിച്ചുതുടങ്ങി.

യുദ്ധത്തിന്റെ ഒരു പ്രധാനഫലം അംഗഭംഗം വന്നിട്ടുള്ള ഉപയോഗശൂന്യരായ ആളുകൾ വൎദ്ധിച്ചു എന്നുള്ളതാണു്. ബായ്ക്ക്രുളിന്റെ ജോലി വൎദ്ധിക്കുകയും ഒരു വിദ്യാലയത്തിന്റെ ആവശ്യം നേരിടുകയും ചെ

ണ്ടു. അദ്ദേഹം വളരെ ബുദ്ധിമുട്ടി പരിശ്രമിച്ചു. എന്നാൽ പ്രഭുക്കന്മാരെ വകവയ്ക്കാതെ സാധുജനങ്ങളിൽ ശ്രദ്ധിച്ചിരുന്നതുകൊണ്ടു നാനാതരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിട്ടു. ആറു സംവത്സരത്തെ ഉപയോഗകരമായ ആ പ്രവൃത്തിക്കുശേഷം അദ്ദേഹത്തിന് ആ ജോലി ഉപേക്ഷിക്കേണ്ടിവന്നു. എന്നാൽ അംഗഭംഗം വന്നിട്ടുള്ള അദ്ദേഹത്തിന്റെ ശിഷ്യന്മാർ അദ്ദേഹവുമായി വേർപെടുന്നതിൽ വിമുഖത പ്രദർശിപ്പിച്ചു. അദ്ദേഹത്തെ അനുഗമിക്കുന്നതിനും ഒരു പുതിയ വിദ്യാലയം സ്ഥാപിച്ച് പ്രഭുക്കന്മാരുടെ സങ്കുചിതമായ മനസ്ഥിതിയിൽനിന്നും യാതൊരു ഉപദ്രവവും നേരിടാതെ അതു നടത്തിക്കൊണ്ടുപോകുന്നതിനും അവർ ആഗ്രഹിച്ചിരുന്നു. പതിനൊന്ന് ആൺകുട്ടികളും ഒരു പെൺകുട്ടിയും കയ്യിൽ ഒരു കാശുപോലുമില്ലാതെ തങ്ങളുടെ പ്രയത്നംകൊണ്ടുമാത്രം ഉപജീവനം നേടുന്നതിനും ഗുരുവിന്റെ രീതി ഉത്തമമാണെന്നു തെളിയിക്കുന്നതിനും നിശ്ചയിച്ചു. ഗവമ്മെൻറിൽനിന്നും ധനാഢ്യന്മാരിൽനിന്നും ലഭിക്കാമായിരുന്ന സഹായത്തെ കുറെ നാളത്തേക്ക് അവർ സ്വീകരിച്ചില്ല. അവരുടെ ഗുരുവിന്റെ—പ്രക്ഷോഭകൻ എന്നാണ് അദ്ദേഹത്തെ വിളിച്ചിരുന്നത്— പ്രവൃത്തി ശരിയാണെന്നും അംഗഭംഗം വന്നിട്ടുള്ള അവർ വേലയെടുക്കുവാൻ പഠിച്ചു എന്നും, സ്വപ്രയത്നത്താൽ ജീവിക്കുവാൻ പരിചയിച്ചു എന്നും പൊതുജനങ്ങളെ അറിയിക്കുവാൻ അവർ നിശ്ചയിച്ചു. വളരെ വിഷമതകൾ സഹിച്ച് അതു തെളിയിച്ചുകൊടുത്തു. അവക്കു താമസിക്കുവാൻ വീടുണ്ടായിരുന്നില്ല. ഒരു ഗ്രാമത്തിൽനിന്നും മറെറാരു ഗ്രാമത്തിലേക്കു നിരാശ്രയരായി അവർ നടന്നു. സായാഹ്നങ്ങളിൽ ബായ്ക്രൂൾ അവക്കുവേണ്ടി പ്രസംഗിച്ചു. കാലുകൊണ്ടും കൈകൊണ്ടും മററും പ്രയത്നിച്ച് അവക്ക് ആവശ്യമുള്ളതെല്ലാം കുട്ടികൾ സമ്പാദിച്ചു.

ഒടുവിൽ അവിചാരിതമായ ഒരു സഹായം അവക്കു ലഭിച്ചു. അമേരിക്കയിലെ ഒരു കൂട്ടം കുട്ടികൾ കുറെ പണം പിരിച്ചെടുത്ത് 'ടാബോ' പട്ടത്തിൽ താമസിക്കുന്നുണ്ടായിരുന്നു. ഒരു വേനൽകാലത്ത് അവർ ബായ്ക്രൂളിനേയും കുട്ടികളേയും ക്ഷണിക്കുകയുണ്ടായി. അവരുടെ നേതാവായ മിസ്സ് ഹാരിസനു അംഗഭംഗം വന്നിട്ടുള്ള ആ കുട്ടികളുടെ പ്രവൃത്തികളിലും വിജയങ്ങളിലും മതിപ്പും സന്തോഷവും തോന്നുകയും അമേരിക്കയിലെ വിദ്യാർത്ഥിലോകത്തെ ഈ വിവരം അറിയിച്ച് അവരിൽനിന്നും സഹായം വാങ്ങിത്തരാമെന്നു വാഗ്ദാനം ചെയ്യുകയും ചെയ്തു. ആ സഹായം അവക്കു മാത്രമല്ലായിരുന്നു. സമുദായസേവനത്തിനായിരുന്നു. അതുതന്നെയാണല്ലോ 'ബായ്ക്രൂൾസമുദായ'ത്തിന്റെ ആദർശവും ഉദ്ദേശവും. തെരുവുകളിലെ സാധുക്കുട്ടികൾക്ക് ആശ്രയമായി ഒരു സ്ഥാപനം ഉണ്ടാക്കുന്നതിനും സ്വാതന്ത്ര്യത്തേയും നന്മനസ്സിനേയും പ്രേമത്തേയും അടിസ്ഥാനപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം നൾകുന്നതിനും ആണല്ലോ അദ്ദേഹം ആഗ്രഹിച്ചിരുന്നത്;

കമനീയമായ ആ വേനൽകാലത്തിനുശേഷം ഉദ്വേഗകരമായ ശീതകാലം ആവിർഭവിച്ചു. ആ ചെറുസമുദായത്തിന് ബുദ്ധിമുട്ടുകൾ നേരിട്ടുതുടങ്ങി. ഭക്ഷണമില്ല; തണുപ്പ് അതികഠിനം; കിടക്കുവാൻ വീടുമില്ല. എന്നിട്ടും അവരുടെ സന്തോഷമനസ്ഥിതിയാകട്ടെ, ധീരതയാകട്ടെ, ആത്മവിശ്വാസമാകട്ടെ അവരെ വിട്ടുപിരിഞ്ഞില്ല. മിസ്സ് ഹാരിസൺ തന്റെ പ്രതിജ്ഞയെ നിർവ്വഹിക്കാതിരുന്നില്ല. ഒരു വലിയ പണത്തുക അവർക്കു ലഭിച്ചു. തന്നത്താൻ ജീവിക്കുവാൻ സാദ്ധ്യമാണെന്ന് സ്പഷ്ടമാക്കിയതിന്റെ ശേഷം സഹായം സ്വീകരിക്കുന്നതിൽ അവർ വൈമനസ്യം കാണിച്ചിരുന്നില്ല. ആ ധനമെല്ലാം ബായ്ക്ക്രാം സ്ഥാപനത്തിനും സമുദായസേവനത്തിനുമായി വിനിയോഗിച്ചു.

ബായ്ക്ക്രാംസ്ഥാപനം പ്രേഗിലെ എന്നു മാത്രമല്ല ലോകത്തിലെ ഉൽകൃഷ്ടവും പ്രധാനവുമായ ഒരു വിദ്യാഭ്യാസസ്ഥാപനമാകുന്നു. പ്രേഗിന്റെ പരിസരപ്രദേശത്തായി ഒരു ചെറിയ ഭവനം കാണാം. അതിനോടു ചേർന്ന് ഒരു തോട്ടവുമുണ്ട്. ഒരു യഥാർത്ഥകുടുംബത്തെപ്പോലെ ബായ്ക്ക്രാം തന്റെ കുട്ടികളുമൊന്നിച്ച് അവിടെ ജീവിക്കുകയും പ്രയത്നിക്കുകയും ചെയ്യുന്നു. ഗ്രാമങ്ങളിൽനിന്നും ബാലികാബാലന്മാർ അവിടെ വന്നു വേല ചെയ്യുകയും പഠിക്കുകയും ചെയ്യുന്നു. ഇപ്പോൾ അംഗഭംഗം വന്നിട്ടുള്ള കുട്ടികൾ മാത്രമല്ല, നല്ല ആരോഗ്യമുള്ള കുട്ടികളും അവിടെ ധാരാളമായിവരുന്നുണ്ട്. പ്രയത്നം ചെയ്യുന്നതിനും പ്രയത്നത്തിലുള്ള ആനന്ദം അനുഭവിക്കുന്നതിനുമാണ് അവർ അവിടെ വരുന്നത്. ബായ്ക്ക്രാളിന്റെ ഗൃഹത്തിൽ പകൽ സമയത്തെ ജോലി കഴിഞ്ഞാൽ കുട്ടികൾ അടുക്കളയിൽ ഒന്നിച്ചുകൂടി പാട്ടുപാടുവാൻ പഠിക്കുന്നു. ഇതാണ് ബായ്ക്ക്രാളിന്റെ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ ഒരു പ്രധാന ഗുണവിശേഷം. നല്ല ശബ്ദമുള്ള കുട്ടികൾ മാത്രമല്ല അവിടെ പാടുന്നത്. എല്ലാ കുട്ടികളും പാടുന്നുണ്ട്. ഒരു കുഗ്രാമത്തിലെ അദ്ധ്യാപകന് എന്തു മാത്രം സംഗീതം അറിയാമൊ അതിൽ കൂടുതലായി ബായ്ക്ക്രാളിന് അറിഞ്ഞുകൂടാ എന്ന് അദ്ദേഹംതന്നെ പറയുന്നുണ്ട്. എന്നാൽ അദ്ദേഹത്തിന് ഒരു സംഗീതസഭ രൂപീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. പാട്ടുകൾ സാധാരണലോകത്തെ മാത്രമല്ല ആകർഷിക്കുന്നത്. പല സംഗീതവിദ്വഷികളുടെ പ്രശംസക്കും പാത്രീഭവിച്ചിട്ടുമുണ്ട്. അദ്ദേഹത്തെയും കുട്ടികളേയും ക്ഷണിച്ചു പലരും പാട്ടുകച്ചേരികൾ നടത്തുന്നുണ്ട്. ഇപ്പോഴും ഓരോ രാജ്യങ്ങളിൽ പോയി പ്രസംഗങ്ങൾ അദ്ദേഹം നടത്തിവരുന്നുമുണ്ട്.

കഴിഞ്ഞകൊല്ലം രവീന്ദ്രനാഥടാഗോർ പ്രേഗിൽവന്നപ്പോൾ അദ്ദേഹം ബായ്ക്ക്രാം സ്ഥാപനത്തെ സന്ദർശിക്കുകയുണ്ടായി. മഹാകവിയുടേയും ബായ്ക്ക്രാളിന്റേയും വിദ്യാഭ്യാസാദർശങ്ങൾ തമ്മിൽ സാമ്യമുണ്ടല്ലൊ. ആ സ്ഥാപനത്തിൽ കണ്ട കാഴ്ച മഹാകവിക്ക് വളരെ ആനന്ദംനൽകി.

ആ ഭാരതീയമഹാകവിയെ അവരുടെ മദ്ധ്യേ കണ്ടതുകൊണ്ടു ബായ്ക്രൂളിനും കുട്ടികൾക്കും അനിതരസാധാരണമായ സന്തോഷം ഉണ്ടായി. മഹാകവി പറഞ്ഞ ചില വാക്കുകൾ അവരെ അപഹൃതചിത്തരാക്കി. മഹാകവി അവരെ ശാന്തിനികേതനത്തിലേക്കു ക്ഷണിച്ചു. അതു് അസാദ്ധ്യമായ ഒരു കാര്യമല്ല എന്നായിരുന്നു ബായ്ക്രൂളിൻെറ മറുപടി. ലോകം മുഴുവനും ചുററി സഞ്ചരിക്കുന്നതിനാണു് അവർ ഉദ്ദേശിക്കുന്നതു്. ഈക്കൊല്ലം അവർ സ്വിററ്സർലണ്ടു സന്ദർശിക്കും. കഴിഞ്ഞകൊല്ലം അവർ ഡെൻമാർക്കിൽ പോയി. അവരുടെ ഗാനംകൊണ്ടു വിദേശങ്ങളിലുള്ള ജനങ്ങളേയും കുട്ടികളേയും ആകർഷിക്കുവാൻ അവർ ആഗ്രഹിക്കുന്നു. രാജ്യം ഏതായിരുന്നാലും, മതമേതായിരുന്നാലും, ഭാഷ ഏതായിരുന്നാലും നാം എല്ലാവരും സഹോദരന്മാരും സഹോദരിമാരുമാകുന്നു എന്നു് പ്രസംഗിക്കുവാനാണു് അവർ ഉദ്ദേശിക്കുന്നതു്. ഇപ്രകാരം ബായ്ക്രൂൾ മഹത്തായ ഒരു വിദ്യാഭ്യാസപ്രസ്ഥാനത്തിൻെറ നായകൻ മാത്രമല്ല ലോകസമാധാനപ്രവർത്തകന്മാരിൽ ഒരു പ്രധാനിയുമാണു്.

---

# ജീവജാലം.

---

(എം. രാജരാജവർമ്മ തമ്പുരാൻ എം. എ, ബി. എൽ.)

അഞ്ചാം പാഠം.

---

മനുഷ്യർക്കുള്ള വികാരങ്ങളെല്ലാം ജന്തുക്കൾക്കുമുണ്ടെന്നു കിടാങ്ങൾക്കുപോലും അറിയാം. ശ്രീകൃഷ്ണൻ ഗോപവാടത്തിൽ കാലികളുമായി കേളിയാടുമ്പോൾ വേണുഗാനം കേട്ടു് പശുക്കൾ ആനന്ദപരവശങ്ങളായി നിന്നിരുന്നുവെന്നു കഥകളിൽനിന്നും ചിത്രങ്ങളിൽനിന്നും കുട്ടികൾ മനസ്സിലാക്കീട്ടുണ്ടല്ലോ. ഒരു തൊഴുത്തിൽകെട്ടുന്ന കാലികളിൽ ഒന്നു പിരിഞ്ഞുപോയാൽ മററുള്ളവ കരയുന്നില്ലയോ? ശത്രുവിൻെറ ബാധ തടുക്കാൻ ജന്തുക്കൾ അനവധി ഉപായങ്ങൾ നോക്കാറില്ലേ? തീററി കൊടുക്കുന്നവനോടു ഹിംസ്രജന്തുക്കൾപോലും നന്ദികാട്ടുന്നു. സന്താനസംരക്ഷണത്തിൽ ജന്തുക്കൾക്കുള്ള പ്രതിപത്തിയും സാമർത്ഥ്യവും മനുഷ്യനില്ല. കക്ഷിപിണക്കങ്ങൾ ജന്തുക്കൾക്കില്ലെന്നാണോ? ജാതിസ്പർദ്ധയും ഒട്ടും കുറവല്ല. കൊള്ളക്കാരും പിടിച്ചുപറിക്കാരും അനവധി. ഇങ്ങിനെ നോക്കിയാൽ ജന്തുക്കളിൽ കാണാത്ത പ്രകൃതി മനുഷ്യർക്കുണ്ടോ എന്നും സംശയമാണു്. മനശ്ശക്തി ഒന്നു കൂടുതലില്ലായിരുന്നെങ്കിൽ മനുഷ്യൻ ജന്തുക്കളുടെ മേൽക്കോയ്മ വഹിക്കയില്ലായിരുന്നു.

എല്ലാ പ്രാണികൾക്കും ഉപജീവനമാണു് ഒന്നാമത്തെ കൃത്യം. അതിനു മനുഷ്യനും ജന്തുക്കളും നിരന്തരം പണിപ്പെടുന്നു. നായാടിയാണു മ

മനുഷ്യൻ ആദ്യം ആഹാരം സമ്പാദിച്ചുവന്നതു്. ജന്തുക്കൾ ഇന്നും അങ്ങനെതന്നെ ചെയ്യുന്നു. നരിവൎഗ്ഗത്തിലും നായിവൎഗ്ഗത്തിലുമുള്ള ജന്തുക്കൾ ഇരതേടുന്ന കഥ മുമ്പൊരു പടലത്തിൽ പറഞ്ഞു കഴിഞ്ഞു. നരിവൎഗ്ഗജന്തുക്കൾ ഒരു നായകന്റെ കീഴിലുള്ള പടയാളികളെപ്പോലെ ചട്ടമായിനടന്നു പടവെട്ടുന്നതു കാണാനുള്ളതാണു്.

വൻതരം ജന്തുക്കൾ കാട്ടുന്ന കൂത്തിനേക്കാൾ രസാവഹമാണു ചെറുജന്തുക്കളുടെ ചേഷ്ടകൾ. അണ്ണാൻ മരന്തോറും ചാടി പുറങ്കാലിൽ ഊന്നിയിരുന്നു് കൈകൾകൊണ്ടു ചെറുപ്രാണികളേയും പഴങ്ങളേയും പിടിച്ചുതിന്നുന്നതു കണ്ടാൽ ആൎക്കും കൌതുകം തോന്നും. ശബ്ദം കേൾക്കുമ്പോൾ അതിന്റെ ഓട്ടവും, കൂട്ടുകാരെ വിളിക്കുന്ന കൂവലും, ചൊടിയോടുള്ള പ്രവൃത്തികളും മനസ്സിനെ ഹഠാൽ ആകൎഷിക്കുന്നു. മലയണ്ണാൻ കുറെക്കൂടി മുട്ടനാണു്; അവനു കാട്ടിലാണു് സഞ്ചാരം; അതിനൊത്ത വിരുതുമുണ്ടു്. കീരിയെ നമുക്കു കുറെക്കൂടി പരിചയമുണ്ടു്. കൊഴുത്ത ജടിലമായ ദേഹവും, തടിച്ചു പൂട ഞെരുങ്ങിയ വാലും, കൂൎത്തുചുകന്ന ചുണ്ടും, കുടുകുടയോട്ടവും, മാളങ്ങളിലൊളിക്കാനുള്ള മെയ്യുമുള്ള ഈ മിടുക്കൻ ഗംഭീരനാഗത്താന്മാരെപ്പോലും വട്ടത്തിലാക്കുന്നു. മരപ്പട്ടി തട്ടിൻപുറത്തു കാട്ടുന്ന ഗോഷ്ടികൾ നമ്മെ പലപ്പോഴും അസ്തനിദ്രരാക്കുന്നുണ്ടു്. ഇരതേടാനുള്ള കോലാഹലങ്ങളാണിതെല്ലാം.

പക്ഷിവൎഗ്ഗത്തിൽ ഒട്ടു വളരെ മാംസഭുക്കുകളുണ്ടു്. അവ പ്രാണിഹിംസ ചെയ്യുന്നതിനു കണക്കില്ല. ഒന്നാമതു കഴുകൻ—അതിന്റെ ബലിഷ്ഠമായ കൊക്കും, നിശിതങ്ങളായ നഖങ്ങളും, ദീൎഘദൎശനചുഞ്ചുക്കളായ ദൃഷ്ടികളും ഭയാനകങ്ങളാണു്. ആട്ടിൻകുട്ടികളെപ്പോലും റാഞ്ചാനുള്ള ശക്തി കഴുകനുണ്ടു്. കുറ്റമാണോ ജടായു രാവണനോടു പൊരുതിയതു്? ആ പക്ഷീന്ദ്രന്റെ ഇദാനീന്തനസന്താനങ്ങളായ വവ്വാൽ അല്പനും തുച്ഛനമാണു്. എങ്കിലും തല കീഴായി തൂങ്ങിക്കിടന്നു് ഇരതേടാനുള്ള മിടുക്കു് അതിനിന്നുമുണ്ടു്. പരുന്തിനെപ്പററി വിശേഷിച്ചു പറയണമെന്നില്ലല്ലോ. ആകാശവിമാനോപജ്ഞതയ്ക്കു പാത്രീഭൂതനായ ഈ പത്രിപ്രവരൻ വിയൽപഥത്തിൽ സ്വൈരസഞ്ചാരം ചെയ്തു ജലാശയാന്തൎവ്വൎത്തികളായി ക്രീഡിക്കുന്ന ശകുലികളെ കണ്ണുവച്ചു ചിലക്കുന്നു് അധോമുഖനായി പാഞ്ഞുവന്നു കയ്ക്കലാക്കുന്ന വിദ്യ ഒന്നു വേറെതന്നെയാണു്. കുളങ്ങളുടേയും ചാലുകളുടേയും കരകളിൽ വാലും തലയും കുലുക്കി കാത്തിരുന്നു ചെറുമീനുകളെ റാഞ്ചി തിന്നുന്ന പൊന്മാനെന്നു പേരുള്ള ചെറുപക്ഷി നമുക്കു നിത്യം കാണാം. കാക്ക, കോഴി, ഉപ്പൻപ്രാവു് എന്നീ നാട്ടുപക്ഷികൾ ചെറുപ്രാണികളെ പിടിച്ചുതിന്നുപജീവിക്കുന്നു.

മിക്ക പക്ഷികളും ജന്തുക്കളും അന്നന്നത്തെ തീററിക്കു വേണ്ടുന്ന ഭക്ഷണമല്ലാതെ പിറേറ നാളത്തേക്കു കരുതിവയ്ക്കുന്ന സ്വഭാവക്കാരല്ല. ക

ശാപ്പുകാരൻ എന്നു വെള്ളക്കാർ പേരിട്ടിട്ടുള്ള ഒരു വക ചെറുകാക്ക പുഴുക്കളേയും പക്ഷികളേയും, ചിലപ്പോൾ ചെറുകരിലുകളേയും വണ്ടുകളേയും പിടിച്ചുകൊന്നു കൂട്ടിൽകൊണ്ടുപോയി മുള്ളിൽകോത്തു കെട്ടിത്തൂക്കുന്നു. ഇങ്ങനെ കരുതൽ കാണിക്കുന്ന പക്ഷികൾ ചുരുക്കമാണു്.

കഴുകൻ, റാഞ്ചൻ മുതലായ പക്ഷികൾ നല്ല പിടിച്ചുപറിക്കാരാണു്. ആളുകൾക്കു കയറാൻ പാടില്ലാത്തവിധം കിഴുക്കാംതൂക്കായ പാറകളുടെ ഇടകളിലാണു കഴുകൻ കൂടുവയ്ക്കുന്നതു്. സമുദ്രതീരത്തുള്ള പാറമേൽ ഇങ്ങനെ കൂടുവച്ചു് ഒരു കഴുകൻ പാത്തിരുന്നു. ഒരു ദിവസം ഒരു ചെറിയതരം റാഞ്ചൻ സാമാന്യം കനത്ത ഒരു മത്സ്യത്തെ കൊത്തിയെടുത്തുകൊണ്ടു കൂട്ടിലേയ്ക്കു പണിപ്പെട്ടു പറന്നു പോകയായിരുന്നു. അതു കണ്ടുകൊണ്ടിരുന്ന ആ കഴുകൻ, പൊടുന്നനെ റാഞ്ചന്റെ നേക്കു പാഞ്ഞെത്തി. പെട്ടെന്നു് ആപതിച്ച വൻപക്ഷിയുടെ ആഘാതത്താൽ അമ്പരന്നുവശമായ റാഞ്ചൻ യുദ്ധം തുടങ്ങി. ആ തക്കം നോക്കി കഴുകന്റെ ഇണ പറന്നു ചെന്നു മീനിനെ തട്ടിക്കൊണ്ടു പോകയും ചെയ്തു. പാവം റാഞ്ചൻ മേലാസകലം മുറിവുമേററു മീനിനേയും കളഞ്ഞു കരഞ്ഞുകൊണ്ടു വീട്ടിൽ പോകേണ്ടിവന്നു. മററവരുടെ സാമത്ഥ്യം കഴുകനുണ്ടെന്നുള്ളതിനു തെളിവു വേറെ വേണമൊ?

മത്സ്യങ്ങൾ തൻകുട്ടികളെത്തന്നെ പിടിച്ചുതിന്നാണു കഴിച്ചുകൂട്ടുന്നതു്. വലുതു ചെറുതിനെ ഭക്ഷിച്ചു തോന്ന്യാസമായി നടക്കുന്നതു് അവയുടെ കുലധമ്മമാണു്. നിയമരാഹിത്യത്തിനു മാത്സ്യന്യായമെന്നു് അതുകൊണ്ടാണു പറയാറുള്ളതു്. മത്സ്യങ്ങൾ അനവധി മുട്ടയിടും. എന്തുപ്രയോജനം?, മിക്കതും അവതന്നെ തിന്നൊടുക്കും. എങ്കിലും അനന്തമായ സമുദ്രത്തിൽ മീൻ ധാരാളമായി വദ്ധിക്കുന്നു. ഒരു ശുക്തി ഒരുകോടി അറുപതുലക്ഷം മുട്ടകളിടുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. അവയിൽ ശരാശരി രണ്ടെണ്ണത്തിൽ കൂടുതൽ വളന്നു സന്താനോല്പാദനം ചെയ്യുന്നില്ലത്രേ! എങ്കിലും എത്രവളരെശ്ശുക്തികളുണ്ടാകുന്നു! ചിപ്പിക്കൂടിനകത്തു സുരക്ഷിതങ്ങളായ ശുക്തികൾക്കുപോലും ശത്രുക്കളനവധിയുണ്ടു്. കടലൊച്ചുകൾ കൂത്ത കൊമ്പുകൾകൊണ്ടു ചിപ്പിക്കൂട്ടിൽ സുഷിരങ്ങൾ തുളച്ചു് അകത്തിരിക്കുന്ന ശുക്തികളുടെ ചാറു വാങ്ങിക്കളയുന്നു.

പൂച്ചികളെ വലയിലകപ്പെടുത്തി ഭക്ഷിക്കാൻ എട്ടുകാലനോടൊപ്പം സാമത്ഥ്യം മററു പ്രാണികൾക്കില്ലെന്നുവേണം പറയാൻ. വലകെട്ടാനുള്ള വിരുതു് അവയ്ക്കു് ഒന്നു വേറെതന്നെ. അതിന്റെ അഴകു കണ്ടറിയേണ്ടതാണു്. അതുകണ്ടായിരിക്കണം ബുദ്ധിമാനായ മനുഷ്യൻപോലും വല നെയ്യാൻ പഠിച്ചതു്. എട്ടുകാലന്റെ കാലുകൾക്കു ഒടികളുണ്ടു്. മററു പൂച്ചികൾക്കില്ലാത്ത വിശേഷമാണിതു്. രണ്ടു കണ്ണും, രണ്ടു വിഷപ്പല്ലും, രണ്ടു സ്പശവിഷാണങ്ങളും കൂടാതെ ചിലന്തിയ്ക്കു് എട്ടു കാലുകളുമുണ്ടു്. കാലുക

ളുടെ അഗ്രഭാഗത്തു നഖങ്ങൾപോലെ കൂർത്ത രോമങ്ങൾ കാണാം. പൃഷ്ഠഭാഗത്തു ചെറിയ ദ്വാരങ്ങളുള്ള ആറു മുഴകളുണ്ട്. ഈ മുഴകൾ നൂൽനൂല്ക്കുന്ന ചക്കുകളാണ്. ഓരോമുഴയിൽനിന്ന് അനവധി ചെറുകുഴലുകൾ ഉള്ളിലുള്ള രസഗ്രന്ഥികളിലേക്കു (Glands)ണ്ട്. ഈ ഗ്രന്ഥികളിൽനിന്നാണു നൂലുണ്ടാക്കാനുള്ള ദ്രവം പുറപ്പെടുന്നതു്. ആ ദ്രവം കുഴലുകൾ വഴി മുഴകളിൽ വന്നു കറങ്ങി നല്ല നൂലായി പുറത്തു വരുത്തുന്നതിനുള്ള ശക്തി ദൈവം ചിലന്തിക്കു കൊടുത്തിരിക്കുന്നു. നൂലിനു പശിമയുള്ളതുകൊണ്ടു കൂട്ടിപ്പിരിക്കാൻ പ്രയാസമില്ല. എട്ടുകാലന് എപ്പോഴും ആവശ്യംപോലെ നൂൽ ഉണ്ടാക്കാം. പൃഷ്ഠഭാഗചലനംകൊണ്ടു് നൂലിനു കനവും നേർമ്മയും വരുത്താം.

ചിലന്തി വല കെട്ടുന്നതു നോക്കിനില്ക്കാൻ ബഹുരസമാണ്. ആദ്യം ഒരു നെടുനൂലിടും. അതിന്റെ അററം ഒരേററത്തു് ഉറപ്പിച്ചിട്ടു മറേറ അററം ഉറപ്പായ മറെറാരു സ്ഥലത്തു പററുന്നതുവരെ ചിലന്തി തൂങ്ങിക്കിടക്കും. രണ്ടററവുമുറച്ചുകഴിഞ്ഞാൽ പാലത്തിൽക്കൂടി നടക്കുമ്പോലെ ചിലന്തി അങ്ങോട്ടുമിങ്ങോട്ടും കടന്നുതുടങ്ങും. നാലുവശവും ഉറപ്പിച്ചതിനുമേൽ ചുററിഴകൾ നെയ്തുതുടങ്ങുന്നു. ചുററിഴകൾ കെട്ടിക്കഴിഞ്ഞാൽ നടുക്ക് ഇരിപ്പിടം പണിയും. അവിടെനിന്നു നാലുവശത്തേക്കു ചൂണ്ടുകൾ കെട്ടിയുറപ്പിച്ചുകഴിഞ്ഞാൽ ജോലി മിക്കവാറും തീർന്നു. ഈ രാവണൻകോട്ടയുടെ നടുക്കു വിശ്രമിക്കുന്ന ചിലന്തിക്കു വലയിൽ എന്തെങ്കിലും തട്ടിയാൽ ഉടനേ അറിയാനുള്ള കമ്പിത്തപാൽനൂലുകളുണ്ട്. പറന്നുനടക്കുന്ന പൂച്ചികൾ വലയിൽവന്നു തട്ടിക്കഴിയുമ്പോൾ പററിപ്പിടിച്ചുപോകും. പററിയാലുടനെ നടുക്കോട്ടയിലിരിക്കുന്ന ചിലന്തിവീരൻ ചില ചലനങ്ങൾകൊണ്ടു പൂച്ചിയെ വലനൂൽകൊണ്ടു വരിഞ്ഞുകെട്ടിക്കഴിയുന്നു. പൂച്ചി ബന്ധനത്തിലായിക്കഴിഞ്ഞാൽ ചിലന്തി അടുത്തുവന്ന് അതിനെ കൊന്നുഭക്ഷിക്കുന്നു. ഈ വിദ്യകൾ നോക്കിനിന്നാൽ സമയം പോകുന്നതു് അറിയുകയില്ല.

ചിലന്തികൾ പല ജാതിയുണ്ട്. നൂലുണ്ടാക്കുന്നവയെ ഉർണ്ണനാഭികൾ എന്നു പറയുന്നു. കക്കടകങ്ങൾ എന്നൊരു വകയുണ്ട്. അവ മനുഷ്യരെക്കൂടി ഉപദ്രവിക്കും. കുഴിതുരന്നാണ്, വലകെട്ടിയല്ല കക്കടകങ്ങൾ ജീവിക്കുന്നതു്. തെക്കെ അമേരിക്കയിലുള്ള ഒരുവക ചിലന്തികളുടെ ഉടലിനു രണ്ടു അംഗുലത്തിൽ കവിയുന്ന നീളവും, കാലുകൾക്കു മനുഷ്യന്റെ കയ്യോളം ദൈർഘ്യവുമുണ്ടത്രെ. അവ പക്ഷികളെപ്പോലും വലയിൽ അകപ്പെടുത്തുന്നു. സരസനായ ഒരു വിദ്വാൻ ഉണ്ടാക്കിയ നേരമ്പോക്കു നോക്കുക. അവന്റെ വീട്ടിൽ കൊതുകിന്റെയും ഈച്ചയുടേയും ശല്യം സഹിക്കവയ്യാതെ ആയി; എന്തുവേണ്ടുവെന്ന് ആലോചിച്ചിരിക്കുമ്പോൾ ഒരു ദിവസം ഒരു വൃക്ഷത്തിന്റെ കൊമ്പിൽ അനവധി ചിലന്തികൾ കൂട്ടമായി അടുത്തടുത്തു വലകെട്ടിയിരിക്കുന്നതു കണ്ടു. ഇതുതന്നെ തരമെന്നു കരുതി ആ കൊമ്പു

മുറിച്ചു് അയാൾ വീട്ടിൽ കൊണ്ടുപോയി കെട്ടിത്തൂക്കി. ഈച്ചകളും കൊതുക്കളും ആ വലകളിൽ പററി നശിച്ചു.

ഇത്ര സമർത്ഥനായ വലവീശുകാരനെ അകപ്പെടുത്താൻ ശക്തിമാനത്രേ കടന്നൽ. കടന്നൽ ഒന്നു കൊട്ടിക്കഴിയുമ്പോൾ എട്ടുകാലൻ സ്തംഭിച്ചുപോകും. പിന്നീടു മോഹാലസ്യപ്പെട്ടു് കിടക്കുന്ന ചിലന്തിയെ തൂക്കിയെടുത്തു കൂട്ടിൽ കൊണ്ടുപോയി അടുത്തു് ഒരുമുട്ടയുമിട്ടു അറയടച്ചു മൂടും. മുട്ട വിരിഞ്ഞു കുഞ്ഞുവരുമ്പോൾ തീററിക്കാണു് എട്ടുകാലന്റെ ശരീരം. പേൻ മുതലായ ചെറുപ്രാണികൾ മൃഗങ്ങളുടേയും മനുഷ്യരുടേയും ദേഹത്തിൽ ഉപജീവിക്കുന്നതുപോലെ, എട്ടുകാലന്റെ ദേഹത്തും മുട്ടയിട്ടു വിരിയുന്ന ചില പ്രാണികളുണ്ടു്. പല മഹാരോഗങ്ങളേയും സംക്രമിപ്പിക്കുന്ന അണുപ്രാണികൾ എലിമുതലായ ജന്തുക്കളിൽ ഉപജീവിക്കുന്നുണ്ടെന്നു കഴിഞ്ഞ പടലത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. എപ്പോഴും പരാധീന്യത്തിൽ കഴിക്കുന്ന പ്രാണികൾ എന്നും അങ്ങനെയായാൽ കുറെക്കഴിയുമ്പോൾ കുററിയററുപോകും. പ്രകൃതിമാതാവു് അതു സമ്മതിക്കയില്ല. തനിക്കുതാൻപോരുന്നവരാക്കാൻ അവൾ ശക്തികൊടുക്കാതിരിക്കയില്ല. ആ സ്വാതന്ത്ര്യം വരുമ്പോൾ കലഹവും വൈരവും അതിനോടുകൂടി ജനിക്കുമെന്നുള്ളതു സിദ്ധമാണു്.

വാസ്തവംനോക്കിയാൽ പ്രാണികളുടെ ഇഹലോകജീവിതം ഒരു പോരാട്ടംതന്നെയാണു്. ഉപജീവനസമ്പാദനത്തിനും, പരബാധാധ്വംസനത്തിനും സർവ്വദാ ജാഗരൂകരാകാത്തപക്ഷം, ഒരു പ്രാണിക്കും ലോകത്തിൽ നിലനില്പനസാധ്യമാണു്. കാലദേശാവസ്ഥകൾ മൂലമുണ്ടാകുന്ന ഭേദങ്ങൾ അനുസരിച്ചുവർത്തിക്കാനുള്ള വശതയില്ലെങ്കിൽ ജീവസന്ധാരണം പ്രയാസമാകും. അതിനുള്ള ഉപായങ്ങൾ പ്രകൃതിമാതാവു സന്താനങ്ങൾക്കു പഠിപ്പിച്ചുകൊടുത്തിട്ടുണ്ടു്. അവയെപ്പററി അടുത്ത പടലത്തിൽ പറയാം.

## വിജയാശംസ

(ജി. ശങ്കരക്കുറുപ്പു്.)

(ഗാഥ)

ആരിതാദിത്യനോ? പാരിനെപ്പുൽകുന്ന
പാരിക്കും നൂതന സുപ്രകാശം.
വാരിയന്നീടുന്ന സജ്ജനത്തിൻമുഖ-
വാരിജം സംഫുല്ലമായിത്തീർന്നു.
പൂരിക്കുമാനന്ദബാഷ്പമാം തൂമഞ്ഞു
നീരിൻകണികകൾ ചിന്നിക്കാൺമൂ.
കോരകിതങ്ങളായ്ത്തീരുന്നു ബാലക-

കൈരവിണിയുടെ കൈത്താരകൾ
ജാതവിമോഹതിമിരത്താലാകുലീ-
ഭൂതവും തീരെജ്ജഡവുമായ,
ജീവഹിമലവമിദ്ദിവ്യരശ്മിയാൽ
പാവനജ്യോതിസ്സിൻ ബിന്ദുവായി!
പാരതന്ത്ര്യത്തിൻ കൊടുങ്കാററും ഭീതിതൻ
മാരിക്കരിങ്കാറുമററതായി
പാരം വിശാലമാം ശുദ്ധവിഹായസ്സിൽ
സ്വൈരവിഹാരത്തിനുത്സുകമായ്,
മാമകമാനസമായമരാളമാ-
പ്രേമച്ചിറകു പരത്തിനില്പൂ.
ലോകത്തിൻ നിത്യപ്രഭാതത്തെ നെയ്യുമീ-
യേകജ്യോതിസ്സിനെ വന്ദിച്ചാവൂ!
അങ്ങുമറഞ്ഞാലുമിപ്രഭാത പ്രഭ
ഞങ്ങളെയെന്നുമുണർത്തിക്കൊള്ളും
ഈ വെളിച്ചത്തെ നുകരുവാനുണ്ടാവും
പൂവെങ്ങും വൃക്ഷകദംബം തോറും
കർമ്മവിമുഖയായ് പാതാളം പററിയ
കർമ്മഭൂവിക്കർമ്മയോഗിമൂലം
ഒന്നുണർന്നുന്നതസ്വാതന്ത്ര്യസ്വർഗ്ഗത്തിൽ
ചെന്നണഞ്ഞീടുന്ന കാലത്തോളം
ദേഹരഥമവിടേയ്ക്കു പ്രതിയോഗി-
വ്യൂഹമഥനാർത്ഥ മേകും ദൈവം!
കന്നിക്കാറായ ഖദിരവസ്ത്രങ്ങളെ-
ത്തുന്നിപ്പിടിപ്പിച്ചണിഞ്ഞു മെയ്യിൽ
കേരളം നിൽക്കുന്നു താവകസന്ദേശം
കേൾക്കുവാനായവധാനപൂർവ്വം.
സത്യപ്രകാശം പരത്തും പ്രദീപമേ!
സ്തുത്യപ്രണയത്തെളിയുറവേ!
ഭാരതഭൂവിന്റെ നിത്യാഭിമാനമേ!
നേരെഴാത്യാഗത്തിൻ പൊൽപ്പൊടിപ്പേ!
ശാന്തി സുമത്തിന്റെ സൌരഭ്യപൂരമേ!
ഗാന്ധി മഹർഷേ! ജയിപ്പൂതാക!

# ഊരുഭംഗം

(തുടർച്ച)

(ഡി. പത്മനാഭനുണ്ണി ബി. എ.)

ഊരുഭംഗത്തിലെ കഥാഗതിയിൽ കാണുന്ന പ്രധാന സംഭവങ്ങളെല്ലാം വ്യാസകൃതമായ ഭാരതത്തെ ആശ്രയിച്ചാണു നില്ക്കുന്നതു്. എങ്കിലും നാടകകർത്താവിന്റെ മനോധർമ്മം അതിൽ പല ദിക്കിലും കാണ്മാനുണ്ടു്. 1. ഭാരതത്തിൽ ഗാന്ധാരി മുതലായ സ്ത്രീകൾ യുദ്ധക്കളം സന്ദർശിക്കുന്നതു ദുര്യോധനന്റെ മരണത്തിനുശേഷമാണു്. നാടകത്തിൽ അവർ സജീവനായ ദുര്യോധനനെ കാണുന്നു. ഈ ഭേദഗതി നിമിത്തം ദുര്യോധനന്റെ മാതൃഭക്തി, പത്നീപ്രണയം, പുത്രസ്നേഹം, സ്വാഭിമാനം മുതലായവയെ പ്രദർശിപ്പിക്കുന്നതിനും, തദ്വാരാ കരുണരസത്തെ ഉജ്ജ്വലിപ്പിക്കുന്നതിനും കവിക്കു് അവസരം കിട്ടി. 2 അശ്വത്ഥാമാവു യുദ്ധക്കളത്തിൽവച്ചല്ല, ഹ്രദസമീപത്തിൽവച്ചാണു താൻ പാണ്ഡവന്മാരെ മുഴുവൻ നശിപ്പിക്കുന്നതാണെന്നു സത്യം ചെയ്തതു്. നാടകത്തിൽ ഇതു ദുര്യോധനൻ മിക്കവാറും ഇഹലോകബന്ധം വിട്ടു ഗമിക്കുന്ന ഒരു അവസരത്തിലാക്കിയതുകൊണ്ടു കവി അശ്വത്ഥാമാവിന്റെ വിചാരശൂന്യവും, ഊർജ്ജസ്വലവുമായ സ്വഭാവത്തെ പ്രത്യക്ഷപ്പെടുത്തുകയും, വീരരസത്തെ പോഷിപ്പിക്കുകയും ചെയ്യുന്നുണ്ടു്. 3. ഭാരതകഥാപ്രകാരം ദുര്യോധനൻ ആസന്നമരണനായിക്കിടക്കുമ്പോൾ അശ്വത്ഥാമാവു പാഞ്ചാലനിധനം ചെയ്തുകൊള്ളാമെന്നു സത്യം ചെയ്കയും, രാത്രിയിൽ പാണ്ഡവശിബിരത്തിൽ പ്രവേശിച്ചു ധൃഷ്ടദ്യുമ്നാദികളെ വധിക്കുകയും ചെയ്തു. ഈ വിവരം ദുര്യോധനൻ അറിഞ്ഞപ്പോൾ അദ്ദേഹം സന്തോഷത്തോടുകൂടി ഇഹലോകവാസം വെടിയുകയും ചെയ്തു. നാടകകഥയിൽ ഈ നിശായുദ്ധത്തെപ്പററി യാതൊരു പ്രസംഗവുമില്ല. ഇതു നായകോൽകർഷത്തിനുവേണ്ടിയും, കൂടുതൽ രംഗത്തിന്റെ ആവശ്യം കൂടാതെ കഴിക്കുന്നതിനുവേണ്ടിയും ആണെന്നുള്ളതു പ്രത്യക്ഷമാണു്. 4. ദുര്യോധനൻ അശ്വത്ഥാമാവിനെ തന്റെ സേനാനായകനായി അഭിഷേകം ചെയ്യുന്നതും നാടകത്തിൽ വിട്ടുകളഞ്ഞിരിക്കുന്നു. ദുര്യോധനന്റെ സ്വഭാവത്തിൽ പെട്ടെന്നു വന്ന മാററം നമ്മുടെ ദൃഷ്ടിയിൽ അദ്ദേഹത്തെ വളരെ ഉയർത്തുകയാണു ചെയ്തിട്ടുള്ളതു്. ആ വൈരപ്രശാന്തനിർവ്വാണാവസരത്തിൽ ദുര്യോധനൻ പ്രതികാരേച്ഛുവാണെന്നു കാണിച്ചിരുന്നെങ്കിൽ അതു വലിയ ഒരു ഔചിത്യഭംഗമായിരിക്കുമായിരുന്നു. ദുര്യോധനപക്ഷപാതിയും മർമ്മജ്ഞനുമായ ഈ ദുരന്തനാടകകർത്താവു് അങ്ങനെ ഒരിക്കലും ചെയ്യുന്നതല്ല. 5. അവസാനമായി അശ്വത്ഥാമാവു ദുര്യോധനന്റെ പുത്രനായ ദുർജ്ജയനെ അദ്ദേഹത്തിന്റെ മുമ്പിൽ നിറുത്തി രാജാവായി അഭിഷേകം ചെയ്യുന്നതു് അശ്വത്ഥാമാവിന്റെ

സ്വാമിഭക്തിയെ പ്രകടിപ്പിക്കുകയും, ദുര്യോധനനു സമാധാനമുണ്ടാക്കുകയും ചെയ്യുന്നു. ഇങ്ങനെ നാടകകവി കഥാഗതിയിൽ വൈചിത്ര്യപൂർവ്വം ചെയ്തിട്ടുള്ള മാററങ്ങളെല്ലാം നായകോൽക്കർഷത്തിനായി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയാണ്. ഭാരതം വായിക്കുന്നവർക്ക് ദുര്യോധനൻ തന്റെ ദുഷ്കർമ്മഫലം അനുഭവിക്കുന്നതായിട്ടു മാത്രമേ തോന്നുകയുള്ളു. അദ്ദേഹത്തിന്റെ ചില ഗുണങ്ങളെ നാം അഭിനന്ദിക്കുമെങ്കിലും, ഒരിക്കലും വലിയ സഹതാപം പ്രദർശിപ്പിക്കുകയില്ല; നേരേമറിച്ച് ഊരുഭംഗത്തിൽ ദുര്യോധനൻ നമ്മുടെ പരിപൂർണ്ണമായ അനുകമ്പയ്ക്ക് പാത്രമായിത്തീരുന്നു.

യഥാർത്ഥത്തിൽ ഈ പാത്രരചനയിലാണു കവിയുടെ ദൃഷ്ടിമുഴുവൻ പതിഞ്ഞിട്ടുള്ളതു്. ധൃതരാഷ്ട്രർ, ഗാന്ധാരി, അശ്വത്ഥാമാവ്, ബലഭദ്രർ മുതലായവരുടെ സ്വഭാവകല്പനയിൽ ഭാരതത്തിൽനിന്നും അണുമാത്ര വ്യത്യാസം നാടകകർത്താവു ചെയ്തിട്ടില്ല. ദുര്യോധനന്റെ സ്വഭാവരൂപീകരണത്തിലാണു കവി തന്റെ കല്പനാവൈഭവം കാണിച്ചിട്ടുള്ളതു്. ഭാരതത്തിൽ ദുര്യോധനൻ ഗുരുഭക്തി, സോദരസ്നേഹം, ആശ്രിതവാത്സല്യം, ധൈര്യം, യുദ്ധവൈദഗ്ദ്ധ്യം മുതലായ സൽഗുണങ്ങളോടുകൂടിയവനാണ്. ഇവയിലെല്ലാം കൂടുതലായി ദുര്യോധനൻ ഒരു വലിയ മാനധനനുമാകുന്നു. നായകന്റെ ഈ ഗുണങ്ങളെല്ലാം ഊരുഭംഗത്തിലും കാണ്മാനുണ്ടു്. ബലദേവനെ അദ്ദേഹം വിനയപൂർവ്വം വന്ദിക്കുന്നു. ഗാന്ധാരിയോട്,

'കമ്പിട്ടു ചൊല്ലാം പുണ്യം ഞാൻ
ചെയ്തിട്ടുണ്ടെന്നിരിക്കിലോ
മറുജന്മത്തിലുമെനി-
ക്കമ്മയാകവിടുന്നു താൻ.'

എന്നാണു പറയുന്നതു്. 'വളരെ ക്ഷേമം ശ്രിതർക്കേകി'യെന്നു ദുര്യോധനൻ പറയുന്നതു് അശ്വത്ഥാമാവിന്റെ സ്വാമിഭക്തി സമ്മതിക്കുന്നുണ്ടു്. അദ്ദേഹത്തിന്റെ യുദ്ധവൈദഗ്ദ്ധ്യം ഭീമസേനനേക്കൂടി നിലംപതിപ്പിക്കാൻ മതിയായതായിരുന്നു. ഗുരു, പിതാവ്, കളത്രപുത്രാദികൾ ഇവരിൽ ഓരോരുത്തരോടും താൻ മാനധനനാണെന്ന് അദ്ദേഹം വിളിച്ചുപറയാതിരിക്കുന്നില്ല. ഈ വിഷയങ്ങളിലെല്ലാം ഊരുഭംഗകർത്താവു വ്യാസനെ പിൻതുടരുകയാണു ചെയ്തിട്ടുള്ളതു്. എന്നാൽ ദുര്യോധനന്റെ മരണം ശ്രോതാക്കളുടെ സഹതാപത്തിനു ഹേതുഭൂതമാക്കിത്തീർക്കുന്നതിന് ഊരുഭംഗകർത്താവിനോളം വ്യാസനു സാധിച്ചിട്ടില്ല. ഇതു നാടകകവി സാധിക്കുന്നതു നാലഞ്ചു പ്രത്യേക സംഗതികളെക്കൊണ്ടാണ്. (1) ദുര്യോധനന്റെ ധർമ്മവീരത്വം. (2) ഗുരുക്കളോടും, ഭാര്യമാരോടും, പുത്രനോടും അദ്ദേഹം കാണിക്കുന്ന അപരിമിതമായ സ്നേഹം. (3) ശത്രുക്കളുടെ വഞ്ചനയിൽ ദുര്യോധനനു തോന്നുന്ന അധിക്ഷേപം. (4) ദുര്യോധനന്റെ ബന്ധുക്കളുടേയും ആശ്രിതന്മാരുടേയും ശോകം. (5) ദുര്യോധനന്റെ പ്രതികാരരഹാപ

തിത്യാഗം. ഈ ഒടുവിൽ പറഞ്ഞതിലാണു കവിയുടെ പരമമായ വിജയം. ഭാരതത്തിൽ ദുര്യോധനൻ നിലംപതിച്ചതിനുശേഷവും അശ്വത്ഥാമാവിനെ സേനാനായകനായി അഭിഷേകം ചെയ്യുകയും, ആയാളുടെ അകൃത്യങ്ങൾകൊണ്ടു പാഞ്ചാലാദികൾക്കുണ്ടായ നാശമറിഞ്ഞു സന്തോഷത്തോടുകൂടി മരിക്കുകയും ചെയ്യുന്നു. എന്നാൽ ഊരുഭംഗത്തിലാകട്ടെ, പാണ്ഡവധ്വംസനത്തിനു പുറപ്പെടുന്ന ബലഭദ്രരോടു ദുര്യോധനൻ,

‘.........ക്രോധംവെടിയുകവിടുന്നാദ്യമക്കൂട്ടർ മററും
ജീവിക്കട്ടെ കുരുകുലനിവാപാംബുവാഹങ്ങളായ്ത്താൻ.’

എന്നപേക്ഷിക്കുകയും, അതുകൊണ്ടു ഫലമില്ലെന്നു കണ്ടപ്പോൾ,

‘ഭീമൻ പ്രതിജ്ഞ സാധിച്ചു
വിണ്ണേറീ നൂറുസോദരർ
ഞാനീമട്ടിലുമായ് രാമ
പോരിനാൽ ഫലമെന്തിനി’

എന്നു യുക്തിവാദം ചെയ്തു സമ്മതിപ്പിക്കുകയും ചെയ്യുന്നു. പുത്രനോട്,

‘ചാരേധർമ്മസുതന്റെ നൂൽവളയണി-
കൈക്കുതൊട്ടു നിന്നിട്ടുതാൻ
നീരേകേണമെനിക്കു പാണ്ഡവരുമായ്
പേർചൊല്ലി നിത്തുമ്പോൾനീ.’

എന്നുപദേശിക്കുന്നു. ആശ്രിതനും, പരാക്രമിയും, സാഹസികനുമായ അശ്വത്ഥാമാവിനോട്,

‘നിലംപൊത്തീസാക്ഷാൽ നൃപതികുലമൊട്ടുക്കിവിടെവി-
ണ്ടലം പൂകീകർണ്ണൻ, ശയനഗതനായ് ശന്തനുസുതൻ
കൊലപ്പെട്ടു നൂറും മമസഹജർ, നേരിട്ടടരിലീ
നിലക്കായീ ഞാനും ഗുരുതനയ വിൽവെക്കുക ഭവാൻ.’

എന്നാണാജ്ഞാപിക്കുന്നതു്. നിരാശകൊണ്ടാണെങ്കിലും ഇവിടെ ദുര്യോധനൻ തന്റെ പ്രതികാരേച്ഛയെ കേവലം പരിത്യജിച്ചതായിക്കാണുന്നു.

ഇവിടെ ഒരു സംശയത്തിന് അവകാശമുണ്ടു്. അശ്വത്ഥാമാവ്,

‘ഭവാനേയുമീയെന്നെയും വീരലോക-
ങ്ങളേയും പിടിച്ചാണയിട്ടോതിടുന്നേൻ
നിശായുദ്ധമൊന്നേൽപ്പെടുത്തീട്ടു പോരിൽ
പൃഥാപുത്രരേ ച്ചുട്ടുപൊട്ടിക്കുവൻഞാൻ.’

എന്നു സത്യംചെയ്തതിനു വിപരീതമായി ദുര്യോധനൻ ഒന്നും പറയുന്നില്ല. ഇതു് അദ്ദേഹത്തിന്റെ മൌനാനുവാദത്തെ കാണിക്കുന്നില്ലയോ? അടുത്തു തന്നെ അശ്വത്ഥാമാവു് ദുര്യോധനപുത്രനായ ദുർജ്ജയനെ ‘വിപ്രോക്തിയാൽ’ ‘പട്ടാഭിഷേകക്രിയയെന്നിയെ’ ‘പാർത്ഥിവനാ’ക്കുന്നുമുണ്ടു്. അതു ദുര്യോധനന്റെ സമ്മതത്തിനും, സന്തോഷത്തിനും അനുകൂലവുമല്ലെ? ഈ

ചോദ്യങ്ങൾക്കു ശരിയായ സമാധാനം പറവാൻ പ്രയാസമുണ്ട്. എങ്കിലും നായകപക്ഷപാതിയായ ഗ്രന്ഥകർത്താവ് അവസാനത്തിൽ അസ്പഷ്ടമായ ഒരു ദോഷം ദുര്യോധനനിൽ ആരോപിക്കുമെന്നു വിചാരിക്കാൻ വലിയ ന്യായം കാണുന്നില്ല. അശ്വത്ഥാമാവിൻെറ ശപഥത്തിലും, പ്രവൃത്തിയിലും ദുര്യോധനൻെറ മനസ്സു പതിയുന്നില്ല. അദ്ദേഹം മൃത്യുവിൻെറ വായിൽ പതിച്ച് ഐഹികമായ സകല ചിന്തകളോടും യാത്രപറഞ്ഞു കഴിഞ്ഞു; തന്നിമിത്തം വീണ്ടും യുദ്ധോദ്യുക്തനായ അശ്വത്ഥാമാവിനെ തടയാതിരുന്നതാണ്. ഈ അനുമാനം ശരിയാണെങ്കിൽ ദുര്യോധനൻ ഇപ്പോഴും ലേശംപോലും പ്രതികാരതല്പരനല്ല. ആ ഒരു കാരണംകൊണ്ടുതന്നെ അദ്ദേഹം ഒരു അസാധാരണമനുഷ്യനായിത്തീർന്നിരിക്കുന്നു.

കവിതാവിഷയത്തിൽ ഊരുഭംഗകർത്താവു വ്യാസനു വളരെ കടപ്പെട്ടിട്ടുണ്ട്. ചിലദിക്കിൽ ഭാരതത്തിലെ ആശയംതന്നെ ഒന്നു തുടച്ചുമിനുക്കി ഭംഗിയാക്കി വെച്ചിരിക്കുന്നതു കാണാം.

(1) 'കയ്യിൽഗദയുമായ്നിന്നു മെയ്യിൽചോരയണിഞ്ഞവൻ
അവൻെറചോരയണിമെയ് വെള്ളംകൊണ്ടുനനഞ്ഞഹോ
പോലുമേയോലും മലകണക്കേററം ശോഭിച്ചിതപ്പൊഴേ.

(ഭാരതം)

'പാറകൾകാവിനീരിൽ നനയും ശ്രീമേരുവേപോലവേ.'

(ഊരുഭംഗം)

(2) ഗദായുദ്ധത്തിൽ നിലംപതിച്ച ദുര്യോധനൻ
'വാലററിടും ക്രുദ്ധസർപ്പത്തിൻെറ മട്ടായിവന്നിതേ.'

(ഭാരതം)

'പീയൂഷോന്മഥനം കഴിഞ്ഞതഗവരാൽ ദേവാസുരന്മാരഴി-
ച്ചിട്ടിട്ടാഴിയിൽ വാട്ടമോടുമിഴയുന്നാവാസുകിക്കൊപ്പമേ.'

(ഊരുഭംഗം)

ചിലദിക്കിൽ ഭാരതത്തിലെ ആശയങ്ങളെ അങ്ങനെതന്നെ പകർത്തീട്ടുണ്ട്. ഉദാഹരണം,

(1) 'ഉപദേശമിവക്കൊപ്പം ഭീമനുക്കു പെരുത്തവൻ
ഭീമനേക്കാൾ കൃതികിണഞ്ഞവനീധൃതരാഷ്ട്രജൻ.'

(ഭാരതം)

'മററും പയററരചനുക്കിഹ ഭീമനേവം'

(ഊരുഭംഗം)

(2) 'ജയിച്ചു ഭൃത്യരെപ്പോററി കാത്തുകടലൊട്ടൂഴിയെ
നിന്നുജീവിച്ചിടും ശത്രുതലയിൽത്തന്നെസഞ്ജയ'

'ധനംനൽകീശക്തിപോലെ ചെയ്തുമിത്രക്കു ഞാൻപ്രിയം
ബാധിച്ചു വൈരിവൃന്ദത്തെയാർക്കെന്മട്ടന്തമുത്തമം?,
'മാനിച്ചു ബാന്ധവന്മാരെ പൂജിച്ചു പാട്ടിലാളുകളെ
ത്രിവർഗ്ഗമൊക്കെസ്സേവിച്ചിതാർക്കെന്മട്ടന്തമുത്തമം?,
'ചെയ്തിതധ്യയനംനന്നായ് നല്കിയായുസ്സരോഗമായ്
സ്വധർമ്മാൽവെന്നനാട്ടാരെയാർക്കെന്മട്ടന്തമുത്തമം?,

(ഭാരതം)

'നാനാഭീഷ്ടമഖങ്ങൾചെയ്തു, ശരിയായ് ബന്ധുക്കളെത്താങ്ങിനേൻ
വാണേൻ വൈരിനിരയ്ക്കുമീതെ, വളരെ ക്ഷേമം ശ്രിതർക്കേകിനേൻ
താനേററിയുധിപത്തുമെട്ടുമവനീക്ഷൌഹണിക്കല്ലലെ-
ന്മാനം മാനിനികണ്ടുനീകരയുകില്ലേതാദൃശം സ്ത്രീജനം.'

(ഊരുഭംഗം)

(3) 'ഭാഗ്യത്താൽപോരിൽഞാൻതോററിട്ടേററീലാപരദാസ്യത
ഭാഗ്യത്താലവമാനത്തെയേററല്ലാതോററതിന്നുഞാൻ.'

(ഭാരതം)

ഭൂരിശ്രീയഭിമാനദീപ്തിമതിയാമെൻതാതദുര്യോധനൻ
നേരിട്ടേയുധിതുല്യനാൽ നിഹതനായെന്നല്ലൽനീക്കെവിടു'.

(ഊരുഭംഗം)

ഇങ്ങിനെ കഥാഗതി, പാത്രരചന, ആശയകല്പന മുതലായ ഭാഗങ്ങളിലെല്ലാം ഊരുഭംഗകർത്താവു വ്യാസനു കടപ്പെട്ടിട്ടുണ്ടെങ്കിലും, ആ ദുരന്തകഥയുടെ പ്രധാന വൈചിത്ര്യം അദ്ദേഹത്തിന്റെ കല്പനാശക്തിയെ അവലംബിച്ചുതന്നെയാണു നില്ക്കുന്നതെന്നുള്ള സംഗതി പ്രത്യേകം പ്രസ്താവിക്കേണമെന്നില്ലല്ലോ.

ഊരുഭംഗം ദശരൂപകങ്ങളിൽ അങ്കം (ഉൽസൃഷ്ടികാങ്കം) എന്ന വിഭാഗത്തിലുൾപ്പെടുന്നു. അതിലെ ഇതിവൃത്തം, നാടകങ്ങളിലേപ്പോലെതന്നെ പ്രഖ്യാതമായിരിക്കണം. നായകൻ സാധാരണമനുഷ്യനും, അംഗിയായ വീരകരുണങ്ങളിൽ ഒന്നും ആയിരിക്കണം. വൈരസൂചകങ്ങളായ വാഗ്വാദങ്ങളും, യുദ്ധവർണ്ണനയും, സ്ത്രീകളുടെ വിലാപവും, ജയപരാജയങ്ങളും ഇതിൽ കാണാവുന്നതാണ്. അങ്കം ഒന്നുമാത്രമായിരിക്കേണ്ടതും, അതിൽ മുഖസന്ധിയും, നിർവ്വഹണസന്ധിയും അടങ്ങിയിരിക്കേണ്ടതുമാകുന്നു.

ഊരുഭംഗത്തിൽ ഈ ലക്ഷണങ്ങളെല്ലാം കാണുന്നുണ്ട്. ഇതിലെ ഇതിവൃത്തം പ്രഖ്യാതമായ ഭാരതയുദ്ധത്തിന്റെ അവസാനഘട്ടമാകുന്നു. നായകൻ ദുര്യോധനൻതന്നെ. അംഗിയായ രസം കരുണമെന്നുതന്നെ ചിലർ അഭിപ്രായപ്പെടുന്നു. ഭടന്മാരുടെ യുദ്ധവർണ്ണന, ഗാന്ധാരിപ്രഭൃതികളായ സ്ത്രീകളുടെ വിലാപം, നായകനായ ദുര്യോധനന്റെ പരാജയം മുതലായ

വയെല്ലാം ഇതിൽ കാണുന്നുണ്ട്. അങ്കം ഒന്നുമാത്രമേ ഉള്ളു. അതിൽ മുഖസന്ധിയും നിൎവ്വഹണസന്ധിയും അടങ്ങിയിരിക്കുന്നു. അതിനാൽ ഊരുഭംഗം ലക്ഷണസമ്പൂൎണ്ണമായ ഒരു 'ഉൽസൃഷ്ടികാങ്ക'മാകുന്നു.

# പേടി.

(എം. രാമവൎമ്മതമ്പാൻ ബി. എ, എൽ. ടി.)

മനുഷ്യന്റെ വികാരങ്ങളിൽവച്ചു വളരെ ആദിയിൽ തന്നെ ഉണ്ടാകുന്നതും മരണം അടുക്കുന്നതുവരെ അവനെ വിട്ടുമാറാത്തതുമായ വികാരമാണ് പേടി. ഇതിനെ ജയിക്കാനാണു മനുഷ്യന്റെ സകലയത്നവും. പണം സമ്പാദിക്കുന്നതും സൂക്ഷിക്കുന്നതും ദാരിദ്ര്യത്തെ പേടിച്ച്, യശസ്സുനേടുന്നതു ലോകനിന്ദയെ ഭയന്ന്, മൎയ്യാദയായി നടക്കുന്നതും ലോകാപവാദത്തെ പേടിച്ചുതന്നെ. കുട്ടിക്കാലത്തു തുടങ്ങുന്ന പേടി മനുഷ്യൻ എത്രതന്നെ ശ്രമിച്ചിട്ടും അന്ത്യത്തിലെ ബോധം കെടുന്നതുവരെ ഒരു രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിൽ അവനെ വിട്ടുമാറാതെ ഉപദ്രവിച്ചുകൊണ്ടു തന്നെയിരിക്കുന്നു. 'ജീവിതമാകുന്ന സദ്യയിൽ ആദ്യം മുതൽ അവസാനംവരെ നിലനില്ക്കുന്ന വിഭവമാണ് പേടി' എന്ന് ഒരു ശാസ്ത്രജ്ഞൻ പറഞ്ഞിരിക്കുന്നതു യഥാൎത്ഥമാകുന്നു. ഒരു കുട്ടിയുടെ രക്ഷാകൎത്താവിനൊ അദ്ധ്യാപകനൊ കുട്ടിക്കു പേടി തീരെ ഇല്ലാതാക്കാൻ കഴിയുമെങ്കിൽ അതാണു പരിപൂൎണ്ണമായ വിദ്യാഭ്യാസം. അതു കുറയ്ക്കാനെങ്കിലും സാധിച്ചാൽ വിദ്യാഭ്യാസത്തിൽ ഏതാണ്ടു സാധിച്ചതായി കരുതാം. രക്ഷാകൎത്താക്കന്മാർ കുട്ടികളുടെ ഈ വികാരത്തോട് എങ്ങിനെ പെരുമാറണമെന്ന് ഒന്നാലോചിക്കാം.

സന്മാൎഗ്ഗവിദ്യാഭ്യാസത്തിന്റെ ഒരു മുഖമത്രെ പേടിയില്ലായ്മ വരുത്തുകയൊ, പേടി കുറക്കുകയൊ ചെയ്യേണ്ടതു്. ഒരു കുട്ടിക്ക് ആറുവയസ്സാകുമ്പോഴേക്ക് അതിന്റെ സന്മാൎഗ്ഗവിദ്യാഭ്യാസം ഒട്ടുമുക്കാലും കഴിഞ്ഞിരിക്കണം. എന്നുവച്ചാൽ അതിൽ പിന്നീടുണ്ടാകുന്ന ഗുണങ്ങൾ കുട്ടിതന്നെ സമ്പാദിക്കേണ്ടവയാണ്. അതുവരെ സമ്പാദിച്ച ശീലംകൊണ്ടും ഉദ്ദീപിപ്പിച്ചിട്ടുള്ള മോഹങ്ങൾക്കൊണ്ടും സൽഗുണങ്ങളെ കുട്ടിതന്നെ പോഷിപ്പിക്കണം. സന്മാൎഗ്ഗവിദ്യാഭ്യാസം ആദിയിൽ ഉപേക്ഷിക്കപ്പെടുകയൊ, അപൂൎണ്ണമായി നൽകുകയൊ ചെയ്യുന്നിടത്തെ പിന്നീടും അതിനായി ശ്രമിക്കേണ്ടി വരികയുള്ളു.

ആദിവൎഷത്തിൽ സാധിക്കേണ്ടതായി വിവരിച്ചിട്ടുള്ളതിൽ നിന്നും പന്ത്രണ്ടുമാസം പ്രായംതികഞ്ഞകുട്ടി അരോഗിയായും സുഖവാനായും വളൎന്ന സ്വഭാവത്തിന്റെ അസ്ഥിവാരം ഇട്ടുകഴിഞ്ഞിരിക്കുമെന്ന് അനുമാ

നിക്കാമല്ലോ. എത്രയൊക്കെ രക്ഷാകർത്താവു സൂക്ഷിച്ചാലും രോഗികളായിത്തന്നെ ചിലകുട്ടികളുണ്ടാവാം. എന്നാൽ അങ്ങിനെയുള്ളവരുടെ സംഖ്യ വളരെ കുറഞ്ഞിരിക്കുമെന്നു നമുക്കു വിശ്വസിക്കാം. ഇന്നു നമുക്കു സിദ്ധിച്ചിട്ടുള്ള ശാസ്ത്രജ്ഞാനം തന്നെ വേണ്ടതുപോലെ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ ഇത്തരം കുട്ടികളുടെ ഒരു കണക്കെടുക്കേണ്ടുന്ന ആവശ്യമില്ലാത്ത വിധം അവരുടെ സംഖ്യ കുറവായിരിക്കണം.

ഒരു കുട്ടിയുടെ രണ്ടാമത്തെ വയസ്സ് ഏററവും ആനന്ദപ്രദമായ ഒന്നായിരിക്കണം. നടക്കുകയും പറയുകയും ചെയ്യുവാൻ സാധിച്ചപ്പോൾ ഒരു പ്രത്യേക ശക്തിയും സ്വാതന്ത്ര്യവും ലഭിച്ചതായി കുട്ടി അറിയുന്നു. ഈ രണ്ടു കാര്യങ്ങളിലും കുട്ടി ദിവസംപ്രതി നന്നായി നന്നായി വരുന്നു. അന്യസഹായം കൂടാതെ കുട്ടിക്കു കളിക്കാം. ലോകം ചുററിസ്സഞ്ചരിക്കുന്ന ഒരുവനേക്കാൾ അധികം സന്തോഷത്തോടുകൂടി കുട്ടിക്കു ലോകത്തെ അറിയാം. പക്ഷികളും പൂക്കളും പുഴയും കടലും വള്ളവും വണ്ടിയും കപ്പലും തീവണ്ടിയും കാറും വിമാനവും മററും തീക്ഷ്ണമായ സന്തോഷത്തേയും രസത്തേയും കുട്ടിക്കു നൽകുന്നു. ഈ കാലത്തു് അതു കാണണം ഇതു കാണണം എന്നാണു് കുട്ടിയുടെ വായിൽനിന്നും വീഴുന്നമൊഴി. ഓരോന്നും കാണാനുള്ള ഔത്സുക്യം അതിരററതുതന്നെ. തോട്ടത്തിലൊ, വയലിലൊ കടൽകരയിലൊ ഓടിനടക്കുമ്പോൾ ഗൃഹത്തിലുണ്ടായിരുന്നതിലധികമായി കിട്ടുന്ന സ്വാതന്ത്ര്യലാഭം കുട്ടിയെ പരമാനന്ദത്തിൽ മുക്കുന്നു. ഇപ്പോൾ ദഹനശക്തി ആദ്യവർഷത്തേക്കാൾ അധികമുണ്ടു്. ഭക്ഷണത്തിനു വിവിധത്വംകൂടി കടിച്ചു ചവയ്ക്കുന്ന വിദ്യ ഒരു പുതിയ സന്തോഷത്തെ നൽകുന്നു. ഈ കാരണങ്ങളാൽ കുട്ടിയെ സൂക്ഷിച്ചു വളർത്തുന്നു എങ്കിൽ ജീവിതം സുഖഭൂയിഷ്ഠമായ ഒരു ഉത്സാഹം തന്നെയാകും.

എന്നാൽ നടക്കുകയും ഓടുകയും ചെയ്യുന്നതിനാലുണ്ടാകുന്ന കൂടുതൽ സ്വാതന്ത്ര്യത്തോടുകൂടി ഒരു പുതിയ പേടികൂടി ഉണ്ടാകുന്നുണ്ടു്. ജനിച്ച ഉടനെതന്നെ കുട്ടിയെ പേടിപ്പിക്കാം. വലിയ ഒച്ചയും അതിനെ താഴത്തിട്ടേക്കുമെന്ന ബോധവുമാണു് ആദ്യം പേടിയുണ്ടാക്കുന്നതു് എന്നു് ഈ വിഷയത്തിൽ പര്യവേക്ഷണം ചെയ്തിട്ടുള്ള ഡാക്ടർ വാട്സൺ പറയുന്നു. എന്നാൽ കുട്ടിയെ എത്രയും പരിപൂർണ്ണമായി രക്ഷിച്ചാൽ യുക്തിപൂർവ്വമായ പേടിയുണ്ടാവാനിടയില്ല. യഥാർത്ഥമായ ആപത്തിൽതന്നെയും കുട്ടി കേവലം നിസ്സഹായിയാകകൊണ്ടു, പേടിച്ചതുകൊണ്ടു് ഒരുപ്രയോജനവുമില്ല. രണ്ടും മൂന്നും വയസ്സുകളിൽ പുതിയ പേടികൾ വളർന്നുവരുന്നു. ഇതു് എത്രത്തോളം വാസനാമൂലമാണെന്നും എത്രത്തോളം കണ്ടുപഠിച്ചതാണെന്നും ഒരു തർക്കവിഷയമായിരിക്കുന്നതേയുള്ളു. കുട്ടികളുടെ ആദ്യവയസ്സുകളിൽ പേടിയുണ്ടെന്നുള്ള സംഗതിമാത്രംകൊണ്ടു് അതു വാസനാവിശേഷമായി കരുതാൻ പാടില്ല. വാസനയാണെങ്കിൽ അതു് ഏതു വയസ്സിലും പ്രകാ

ശിക്കാം. ഇങ്ങനെ ചേരാനുള്ള വാസന പ്രത്യക്ഷമാകുന്നതു് ആദിവയസ്സുകളിലല്ലയല്ലോ. പ്രായമാകുമ്പോഴല്ലേ? നടക്കാവുന്ന കുട്ടികൾക്ക് അതു വഹിയാത്ത പ്രായത്തിലെ കുട്ടികളെക്കാൾ അധികം പേടി തോന്നുമെന്നുള്ളതു തെളിവായ സംഗതിയാണ്. അതുകൊണ്ടു വാസനയാണെങ്കിൽ പേടി ആവശ്യംപോലെ ഉണ്ടാകുന്നതാണെന്നുവന്നാൽ അതിനെപ്പററി കുട്ടിക്ക് അത്ഭുതപ്പെടാനില്ലാതാകും. വിദ്യാഭ്യാസദൃഷ്ട്യാ ഇതു് ഏററവും പ്രധാനമായ ഒരു സംഗതിയാണ്. എല്ലാത്തരം പേടിയും കണ്ടിട്ടുണ്ടാവുന്നതാണെങ്കിൽ അവയെ കാണിക്കാതിരുന്നാൽ പേടിയില്ലാതാക്കാമല്ലൊ. നേരെമറിച്ച് ചില പേടികൾ വാസനമൂലമുണ്ടാകുന്നവയാണെങ്കിൽ ഇവയെപ്പററി കുറെക്കൂടി വിസ്തരിച്ചാലോചിക്കേണ്ടതുണ്ട്.

ജന്തുക്കളെപ്പററി പലതും കണ്ടു പരിശോധിച്ചറിഞ്ഞിട്ടുള്ള ഡാക്ടർ ചാമെർസ് മിച്ചൽ അഭിപ്രായപ്പെടുന്നതു മൃഗക്കുട്ടികൾക്കു പേടി പാരമ്പര്യമായി കിട്ടിയ വാസനയാണെന്നു പറയാൻ തെളിവില്ലെന്നാണ്. കുരങ്ങും ചില പക്ഷികളും ഒഴിച്ചു മററു ജന്തുക്കളുടെ കുട്ടികൾ തങ്ങളുടെ വംശശത്രുക്കളായ പാമ്പു മുതലായവയെ തീരെ ഭയപ്പെടുന്നില്ല. അവയുടെ തള്ളകൾ പഠിപ്പിച്ചാൽ ഭയപ്പെടാറുമുണ്ട്. ഒരു വയസ്സു തികയാത്ത കുട്ടികൾക്കു ജന്തുക്കളെ പേടിയില്ല. ഡാക്ടർ വാട്സൺ ഒരു കുട്ടിയെ കൂടക്കൂടെ എലിയെക്കാണിച്ചു പേടിയുണ്ടാക്കി. ഒച്ചകേട്ടു പേടിച്ചശേഷം ഒച്ചയേയും എലിയേയുംകൂടി ഘടിപ്പിച്ചു. അപ്പോൾ മുതൽ എലിയെ കണ്ടാൽ പേടിച്ചുതുടങ്ങി. ആദിമാസങ്ങളിൽ കുട്ടികൾക്കു ജന്തുക്കളെ പേടിക്കാനുള്ള വാസന തീരെക്കാണുന്നില്ല. കുട്ടികളെ പറഞ്ഞു പേടിപ്പിച്ചില്ലെങ്കിൽ ഇരുട്ടും അവർക്കു പേടിയുണ്ടാക്കുന്നില്ല. വാസനയായി നാം കരുതുന്ന പലതരം പേടികളും നാം സമ്പാദിച്ചവയാണെന്നും പാരമ്പര്യമല്ലെന്നും കാണിക്കാൻ പല തെളിവുകളും ഉണ്ട്. പ്രായംചെന്നവർ ഇവയെ ഉണ്ടാക്കിയില്ലെങ്കിൽ കുട്ടികൾ ഇവയെ അറിയുകതന്നെയില്ല.

പരിചയമില്ലാത്ത വസ്തുക്കളെ പേടിക്കുന്നതു് ആദിമനുഷ്യനിൽനിന്നും പാരമ്പര്യവഴിക്കു കിട്ടിയ വാസനയാവാം. ആപത്തറിഞ്ഞു ഭയപ്പെടുന്നതു് അത്ര അങ്ങിനെ അല്ല. കുട്ടിക്കു പരിചയമുള്ള പരിതസ്ഥിതിയോടു യോജിക്കാത്ത ഒന്നിനെ കാണുമ്പോൾ മൂന്നുകൂട്ടം സംഗതികൾ സംഭവിക്കാം. ഒന്നുകിൽ ആ അനുഭവം തീരെ അപരിചിതമാകയാൽ അതിനെ അവഗണിച്ചു എന്നു വരാം. അല്ലെങ്കിൽ ഈ ഭാവം ശ്രദ്ധക്കു വിഷയമായി എങ്കിലും അതിനോട്ട് അടക്കാൻ തക്കതല്ല എന്ന ബോധം വരാം. അതു് ഒരത്ഭുതമൊ, അറിയാനുള്ള ആഗ്രഹമൊ, വിചാരത്തിന്റെ ആദിഘട്ടമൊ, അഭിപ്രായമൊ, പര്യവേക്ഷണമൊ ആവാം. അല്ലെങ്കിൽ പുതുമ പഴമയിൽ പെട്ടെന്നു പ്രവേശിച്ച് പരിചിതഭാവങ്ങളെ വല്ലാതെ കലക്കിമറിച്ച്, ഉടനെ അവയെ ക്രമീകരിക്കാൻ വഹിയാതെ ആകുന്നു;

പിന്നെ ഒരു അസന്തോഷത്തോടുകൂടി ഒരു വിഭ്രമം ഉണ്ടാകുന്നു. ഇതാണ് അവേദ്യമായതിനെപ്പററിയുള്ള ഭയം. ഇതു് ഏകദേശം വാസനയെ സംബന്ധിച്ച ഒന്നാണ്.

ഈ മാതിരിതന്നെയാണു കുട പെട്ടന്നു തുറക്കുമ്പോഴുണ്ടാകുന്നതും ചില കളിക്കോപ്പുകൾ ഉണ്ടാക്കുന്നതുമായ ഭയങ്ങളും. ഇവയിൽ ആദ്യത്തേതു കുതിരകളിലും പശുക്കളിലും ധാരാളം കാണാം. കുട പെട്ടന്നു വിടൎത്തുന്നതുകൊണ്ടു വളരെ പശുക്കളെ പെട്ടന്നു ഓടിച്ചുകളയാം. ഈ മാതിരി പേടിയെ പരിചയംകൊണ്ടു കുറക്കാം. നിഴലിനെ കുറിച്ചുള്ള ഭയം ചുവരിന്മേൽ നമ്മുടെ കൈകൾകൊണ്ടു നിഴലുണ്ടാക്കിക്കാണിച്ചും കുട്ടികളെക്കൊണ്ടു നിഴൽ ഉണ്ടാക്കാൻപറഞ്ഞു പരിചയിപ്പിച്ചും തീൎക്കാവുന്നതാണ്. കളിക്കോപ്പുകളുടെ സൂത്രം മനസ്സിലായാൽ കുട്ടി പിന്നെ അതിനെ ഭയപ്പെടുകയില്ല. ഒരു കുട്ടിക്കു് ഒരാൾ ഒരു തലയിണ കൊടുത്തു. അതിന്മേൽ ഇരുന്നാൽ അതു് ഒരു വല്ലാത്ത ശബ്ദം ഉണ്ടാക്കും. ആദ്യം കുട്ടി ഭയപ്പെട്ടു. കാൎയ്യം പറഞ്ഞു മനസ്സിലാക്കീട്ടും കുട്ടിയുടെ ഭയം മുഴുവൻ തീൎന്നില്ല. പക്ഷെ ഭയം ഉണ്ടാക്കുന്ന വസ്തുവിന്റെ സ്വഭാവം നല്ലവണ്ണം മനസ്സിലാകുമ്പോൾ പേടിപോയി ചിരിയാണുണ്ടാവുക. അകാരണമായ ഭയം വെറുതെ വിടരുതു്. പരിചയംകൊണ്ടു തീരെ നശിപ്പിക്കതന്നെ വേണം. ആപത്തിനെപ്പററി യുക്തിയുക്തമായ അറിവു് ആവശ്യമാണ്. ഭയം ആവശ്യമില്ലതാനും. ഒരു കുട്ടിക്കു സ്വല്പം ഭയമില്ലാതെ ആപത്തിനെ അറിയാൻ കഴികയില്ല. ഈ ഭയം തന്റെ ഉപദേഷ്ടാവിലില്ലെങ്കിൽ കുട്ടിയുടെ വളരെ കുറച്ചുണ്ടായാൽമതി. കുട്ടിയുടെ രക്ഷാകൎത്താവ് ഒരിക്കലും ഭയപ്പെടരുതു്. അതുകൊണ്ടാണ് സ്ത്രീകളിലും പുരുഷന്മാരിലും ധൈൎയ്യം ഒരുപോലെ വളൎത്തണമെന്നു പറയുന്നതു്. കുട്ടികൾക്കു പാമ്പിനെ കണ്ടാൽ ആദ്യം ഭയമില്ല. പ്രായംചെന്നവർ പറഞ്ഞിട്ടാണു പേടി തോന്നുക. എന്നാൽ ചില കുട്ടികൾക്കു വെള്ളത്തിനോടുള്ള ഭയം പാരമ്പൎയ്യമാണെന്നുതന്നെ തോന്നിപ്പോകും. പക്ഷെ, ആ കുട്ടികളുടെ സ്വന്തസഹോദരീസഹോദരന്മാരിൽ ഇതു കാണാതിരിക്കുമ്പോൾ ഇതു പാരമ്പൎയ്യമല്ലെന്നും തോന്നിപ്പോകുന്നു. സ്വല്പം നിൎബ്ബന്ധിച്ചിട്ടോ ഹസിച്ചിട്ടോ എങ്ങിനെ എങ്കിലും പേടി കുറക്കേണ്ടതാണ്. വിദ്യാഭ്യാസവിഷയത്തിൽ ബലം പ്രയോഗിക്കുന്നതു തെററാണെന്നുള്ള ആധുനികാഭിപ്രായം സ്വീകാൎയ്യംതന്നെയെങ്കിലും പേടികുറയ്ക്കുന്നതിൽ സ്വല്പം ബലം പ്രയോഗിക്കുന്നതും നന്നായിരിക്കും എന്നുവേണം പറയാൻ. ബലം പ്രയോഗിക്കാതെ പരിചയംകൊണ്ടോ സ്തുതികൊണ്ടോ നിന്ദകൊണ്ടോ പേടി കളയാമെങ്കിൽ ഏററവും ഉത്തമം. ജയിക്കാൻ കഴിയാത്ത ഭയത്തിന്റെ അടിമത്തത്തേക്കാൾ ബലം പ്രയോഗിച്ചും പേടി കളകയാണ് ശ്രേഷ്ഠം.

ഒരു കാൎയ്യംകൂടി പറയാം. കുട്ടികൾക്കു പേടിയെ ജയിക്കുക എന്ന

ത് ഏററവും സന്തോഷമായ കാര്യമാണ്. കുട്ടികളുടെ അഭിമാനത്തെ ഉദ്ദീപിപ്പിക്കുന്നതു് എളുപ്പമാണ. തൻെറ ധൈര്യത്തെ പുകഴ്ത്തികാണുമ്പോൾ കുട്ടിക്ക അന്നു മുഴുവൻ പരമാനന്ദംതന്നെ.

കുറെപ്രായം ചെല്ലുമ്പോൾ പേടിയുള്ള കുട്ടികൾക്ക മററുകുട്ടികളുടെ ആക്ഷേപം മരണവേദനയ്ക്കു തുല്യമാണ്. പിന്നീട പുതിയ ശീലം സമ്പാദിക്കാൻ കുട്ടിക്ക പ്രയാസം വളരെ കൂടുതലാകും. അതുകൊണ്ടു കാലെക്കൂട്ടിതന്നെ പേടി കളയുന്നതു നല്ലതാണ്. അതിനാൽ നന്നച്ചെറുപ്പത്തിൽതന്നെ ധൈര്യം സമ്പാദിക്കണം. ഇതിനു കുറെ ബലം പ്രയോഗിച്ചാലും തരക്കേടില്ല.

മാതാപിതാക്കന്മാർ പഠിക്കുന്നതു തങ്ങളുടെ തെററുകളിൽനിന്നാകുന്നു. കുട്ടികൾക്ക പ്രായമാകുമ്പോഴാണ് അവരെ ശീലിപ്പിച്ചതു തെററിപ്പോയി എന്നു മാതാപിതാക്കളറിയുന്നതു്. അതിലാളനം ആപൽകരമാണ്. പ്രായംചെന്നവർ ഒരിക്കൽ ഉണർന്നുവന്നു തന്നെ അന്വേഷിക്കുമെന്നു കുട്ടിക്ക തോന്നിയാൽ കുട്ടി എന്നും അങ്ങിനെ കരഞ്ഞുതുടങ്ങും.

പേടി ഇല്ലാതാകുവാനുള്ള ചില സാധാരണ മാർഗ്ഗങ്ങളെപ്പററി ആലോചിക്കാം. ആദ്യത്തെ ഒന്നുരണ്ടു വർഷങ്ങൾ കഴിഞ്ഞാൽ പേടിയില്ലാതാക്കാൻ പററിയ ഉപാദ്ധ്യായന്മാർ മററു കുട്ടികൾതന്നെയാണ്. മൂത്ത സഹോദരീസഹോദരന്മാൎക്ക അഭിമാനംകൊണ്ടു തങ്ങളുടെ എളയ സഹോദരീസഹോദരന്മാരെ ധൈര്യം ശീലിപ്പിക്കാൻ കഴിയും. ഇംഗ്ലാണ്ടിലെ സ്കൂളുകളിൽ കരയുന്നതു വലിയ പോരായ്മയായിട്ടാണ വച്ചിരിക്കുന്നതു്. വേഗം കരയുന്ന കുട്ടിയെ "അമ്മ പോററിയ കുട്ടി" എന്നു പറഞ്ഞു മററുള്ളവർ ആക്ഷേപിക്കാറുണ്ടു്. പെൺകുട്ടികൾക്കും ആൺകുട്ടികളെപ്പോലെ ധൈര്യം ഉണ്ടായിരിക്കേണ്ടതാണ്. കളികളും മററും രണ്ടുതരക്കാൎക്കും രണ്ടു തരത്തിൽ വേണം ഏൎപ്പാട് എന്ന് ഇന്നും ചിലർ ശഠിക്കുന്നതു തെറെറാകുന്നു. ശരീരബലത്തിൽ ഇന്നും ഇരുകൂട്ടരും തങ്ങളിൽ സ്വല്പം വ്യത്യാസമുണ്ട്. അതു പോകേണ്ടതാണ്.

ധൈര്യം ആവശ്യമാണെന്നു പറയുമ്പോൾ കുട്ടികളുടെ പെരുമാററത്തിലെ ധൈര്യമെ ഉദ്ദേശിച്ചിട്ടുള്ളു. അന്യന്നു ഭയംമൂലം ചെയ്യാൻ സാധിക്കാത്ത ഒരു കൃത്യം ഒരാൾ ചെയ്താൽ അയാളെ നാം ധീരൻ എന്നു പറയുന്നു. അയാൾക്ക ഭയം തോന്നുന്നില്ലെങ്കിൽ അത്രയും നന്നു. മനസ്സുറപ്പിച്ചു് പേടിയെ കീഴടക്കുന്നതു മാത്രമല്ല ധൈര്യം. ഏററവും ആദരണീയമായ ധൈര്യവും അതല്ല. ഇന്നത്തെ സന്മാൎഗ്ഗോപദേശത്തിൻെറ സത്തു ഭയരഹിതമായ ശീലങ്ങൾ വൎദ്ധിപ്പിക്കയാണ്. പണ്ടു സ്വയംഭരണംകൊണ്ടു സാധിച്ചിരുന്നതു ഇപ്പോൾ സുശീലംകൊണ്ടു സാധിക്കുന്നു.

മനസ്സുറപ്പിച്ചുണ്ടാകുന്ന ധൈര്യം ഞരമ്പുകൾക്ക കേടുണ്ടാക്കുന്നു. യു

ദ്ധക്കളത്തിൽ വെടിപൊട്ടിക്കേൾക്കുമ്പോൾ പലരിലും പേടിയുണ്ടാകുന്നു. നാം അടക്കിവച്ചിരുന്ന ഭയം എന്തെന്നറിയാതെ പുറത്തു പുറപ്പെടുന്നു. സ്വയംഭരണം തീരെ ഒഴിക്കാമെന്നല്ല പറയുന്നതു്. നേരെമറിച്ചു അതില്ലാതെ ഒരാൾക്കും ക്രമമായ ജീവിതം അസാദ്ധ്യമാണു്. സ്വയംഭരണത്തിന്റെ ആവശ്യം അവിചാരിതങ്ങളായ അവസ്ഥകളിലാണു്. ഇതിനു നമ്മുടെ വിദ്യാഭ്യാസം നമ്മെ മുൻകൂട്ടി ശീലിപ്പിച്ചിരിക്കയില്ല. യുദ്ധത്തിലാവശ്യമുള്ള ധൈര്യം ഒരു ജനതയ്ക്കാകമാനം നൽകുന്നതു സാദ്ധ്യമാണെങ്കിൽതന്നെ അതു ഒരു വക വിഡ്ഢിത്തമാണു്. യുദ്ധം എന്നതു ചിലപ്പോൾ വരുന്നതും അധികകാലം നിലനില്ക്കാത്തതുമായ ഒരു അവസ്ഥയാണു്. ഇതിനു ആളുകളെ തയ്യാറാക്കണമെങ്കിൽ മററു സകലതരം വിദ്യാഭ്യാസവും ചുരുക്കണം.

അവിചാരിതസംഭവങ്ങളിൽ വേണം ധൈര്യം ഉണ്ടാക്കാൻ. ശരീരം കൊണ്ടു പ്രവൎത്തിച്ചു ശീലിക്കയാകുന്നു വേണ്ടതു്. യന്ത്രബാഹുല്യമുള്ള ഇക്കാലത്തു സൈക്കിൾ ഓടിക്കുക, വിമാനം നടത്തുക, കാററുവഞ്ചിയോ കപ്പലോ നടത്തുക ഈ വകയൊക്കെ യുദ്ധത്തിൽ ആവശ്യമുള്ള ധൈര്യമുണ്ടാക്കാൻ പര്യാപ്തമായ ശീലങ്ങളാണു്. യന്ത്രബാഹുല്യമുള്ള ഇക്കാലത്തും ആ ധൈര്യം അത്യാവശ്യമാണുതാനും. യന്ത്രങ്ങളെ ഭരിച്ചു പ്രവൎത്തിച്ചു ശീലിപ്പിച്ചുതന്നെവേണം ഈ ധൈര്യം സമ്പാദിക്കാൻ. പട്ടാളക്കാർ കാട്ടുംപോലെ കളിയുദ്ധം ചെയ്തുണ്ടാകുന്നതിലധികം എളുപ്പത്തിൽ യന്ത്രഭരണംകൊണ്ടു യുദ്ധത്തിൽ വേണ്ട ധൈര്യം നമുക്കുണ്ടാകും. പന്തുകളിയെക്കാൾ ഏറെക്കുറെ ആപത്തുള്ള യന്ത്രഭരണാദികളിൽ സാമൎത്ഥ്യം കാണിച്ചാണു ധൈര്യശീലം സമ്പാദിക്കേണ്ടതു്. നമുക്കു ഒരു മനുഷ്യനെ ജയിക്കുന്നതിൽ ഭേദം ഒരു യന്ത്രത്തെ ജയിക്കയാണു്. ഇതു ഒരു വേദവാക്യമാക്കണമെന്നല്ല പറയുന്നതു്. കായികാഭ്യാസം ഏൎപ്പാടുചെയ്യുമ്പോൾ ഈ വക പ്രവൃത്തികൾക്കു കുറെക്കൂടി സൗകൎയ്യമുണ്ടാക്കണം എന്നാണു പറയുന്നതു്.

പ്രവൃത്തിമാൎഗ്ഗമല്ലാതെയും ധൈര്യത്തിന്റെ ചില അവസ്ഥകളുണ്ടു്. ക്ഷമയോടെ വേദന അനുഭവിക്കുക. ഇതു പഠിപ്പിക്കുന്നതിനു കുട്ടികളുടെ ചില്ലറ വേദനകളിൽ വലിയ അനുഭാവം കാണിക്കാതിരുന്നാൽ മതി. പ്രായംചെല്ലുമ്പോൾ ആളുകൾ വേദനകൊണ്ടു ലഹളകൂട്ടുന്നതിൽ അധികഭാഗവും അന്യന്റെ അനുഭാവം നേടാനായിട്ടു കാണിക്കുന്ന ഗോഷ്ടിയാണു്. ചിലർ അന്യരുടെ ശുശ്രൂഷയ്ക്കും അനുഭാവത്തിനുംവേണ്ടി രോഗങ്ങളെ നിൎമ്മിക്കുകകൂടി ചെയ്യും. ഈ വാസനയെ തടയാൻ കുട്ടികളുടെ ചില്ലറ ചതവു്, മുറിവു് ഇവയ്ക്കു കരയാതിരിക്കാൻ അവരെ ശീലിപ്പിച്ചാൽ മതി. ഈ വിഷയത്തിൽ ആൺകുട്ടികളെക്കാൾ കഷ്ടമായി ദുശ്ശീലം സമ്പാദിക്കുന്നതു പെൺകുട്ടികളാണു്. ആൺകുട്ടികളെ എന്നപോ

ലെതന്നെ പെൺകുട്ടികളേയും അധികം ഓമനിക്കുന്നതു കൂടാതെ കഴിക്കണം. സ്ത്രീകൾക്കു പുരുഷന്മാരോടു തുല്യതവേണമെങ്കിൽ ആപത്തു നേരിടുന്നതിലും അതിയായ മാൎദ്ദവശീലം കൂടാതിരിക്കണം. ഇനി കേവലം ശാരീരകമല്ലാത്ത ധൈൎയ്യത്തെപ്പററി ആലോചിക്കാം. ഇതിനു പ്രാധാന്യം കൂടും. അതു ശീലിപ്പിക്കുന്നതിനും തക്കതായ അടിസ്ഥാനം വേണം.

അവേദ്യമായുള്ളതിനെക്കുറിച്ചുള്ള പേടി ഒരുവിധം വാസനയാണു്. ഇതിന്റെ ചരിത്രം രസാവഹമാണു്. നമ്മുടെ അന്ധവിശ്വാസങ്ങളിൽ മിക്കതും അവേദ്യഭീതികൊണ്ടുണ്ടാകുന്നവയാണു് ഗ്രഹണം, ഭൂകമ്പം, വാൽനക്ഷത്രം, പ്ലേഗു് ഇതുപോലെയുള്ള സംഭവങ്ങൾ ശാസ്ത്രീയജ്ഞാനമില്ലാത്തവരിൽ ഈ ഭയത്തെ തീക്ഷ്ണമായുണ്ടാക്കുന്നു. ഈ പേടി വ്യക്തിപരമായാലും സാമുദായികമായാലും വളരെ ആപൽക്കരമായ ഒന്നാണു്. അതിനാൽ ചെറുപ്പത്തിൽത്തന്നെ അതിനെ ഉന്മൂലനം ചെയ്യേണ്ടതു് അത്യാവശ്യമാകുന്നു. ഇതിനു തക്കതായ മറുമരുന്നു ശാസ്ത്രീയമായ വ്യാഖ്യാനമാണു്. ഈ സംഭവങ്ങൾ എങ്ങിനെയുണ്ടാകുന്നു, എന്നു വിശദമായി പറഞ്ഞുകൊടുത്താൽ കുട്ടികൾ പിന്നെ അതിനെ വൃഥാ ഭയപ്പെടുകയില്ല. പ്രഥമദൃഷ്ടിയിൽ അവേദ്യമായതു് എല്ലാം വ്യാഖ്യാനിക്കണം. ഇപ്രകാരം ചില കാൎയ്യങ്ങൾ വ്യാഖ്യാനിച്ചു കഴിഞ്ഞാൽ മററുള്ളവയ്ക്കും വ്യാഖ്യാനങ്ങൾ ഉണ്ടായിരിക്കുമെന്നു് അവർ അനുമാനിക്കും. വ്യാഖ്യാനം കുട്ടികൾക്കു തല്ക്കാലം മനസ്സിലാകയില്ലെന്നു പറഞ്ഞാൽതന്നെ തരക്കേടില്ലാതാകും. കാൎയ്യമായിട്ടുണ്ടാക്കേണ്ടതു് അവേദ്യത അജ്ഞതയുടെ ഫലമാകുന്നു എന്നു് ഒരു ബോധം ജനിപ്പിക്കയാണു്. ക്ഷമയോടുകൂടി ആലോചിച്ചാൽ അതു് അറിയാൻ കഴിയുമെന്നു് അവൎക്കു തോന്നിക്കതന്നെ വേണം. ആദ്യം കുട്ടികളെ പേടിപ്പിക്കുന്ന അവേദ്യസംഭവംതന്നെ അവരെ പിന്നീടു വിനോദിപ്പിക്കുമെന്നതു് അത്ഭുതകരമായ ഒരവസ്ഥയാണു്. അങ്ങിനെ അവേദ്യത അന്ധവിശ്വാസമല്ലാതായിത്തീൎന്നു് അതിന്റെ കാൎയ്യമറിയാൻ അവൎക്കു് ഉത്സാഹംകൂടിയുണ്ടാകും. ഗ്രഹണം കൊച്ചുകുട്ടികൾക്കു മനസ്സിലാകത്തക്കവണ്ണം പറഞ്ഞുകൊടുക്കാവുന്നതാണു്. കുട്ടിയ്ക്കു ഭയമൊ രസമൊ ഉണ്ടാകുന്നവയെ ഒക്കെ നിവൃത്തിയുണ്ടെങ്കിൽ വിശദീകരിച്ചു കൊടുക്കേണ്ടതാണു്. ഇതിനാൽ ഭയത്തെ ശാസ്ത്രൗത്സുക്യമായി പരിവൎത്തനം ചെയ്യാവുന്നതാകുന്നു. ഇപ്രകാരം ചെയ്താൽ അതു കുട്ടിയുടെ വാസനയ്ക്കു് അനുരൂപമായിരിക്കും. മനുഷ്യർ വളൎന്നുവന്ന ചരിത്രം ആവൎത്തിക്കയുമാകും.

ചില കാൎയ്യങ്ങൾ പറഞ്ഞു മനസ്സിലാക്കാൻ പ്രയാസമുണ്ടു്. നല്ല നയം ഉപയോഗിക്കേണ്ടിവരും. ഉദാഹരണമായി മരണത്തെത്തന്നെ എടുക്കാം. ചെടികളും ജന്തുക്കളും മരിക്കുന്നു എന്നു കുട്ടികൾ കണ്ടറിയുന്നുണ്ടു്. കുട്ടിയ്ക്കു് അഞ്ചാറു വയസ്സാകുംമുമ്പിൽ അവൻ അറിയുന്ന ഏതെങ്കിലും ഒരാൾ മരിച്ചിരിക്കും. കുട്ടിയുടെ മനസ്സിനു് പ്രസരിപ്പുണ്ടെങ്കിൽ അവന്റെ

മാതാപിതാക്കന്മാരും താൻതന്നെയും മരിക്കുമെന്നു് അവന്നു തോന്നും. ഇതു വിചാരിക്കാൻ കുറെ ഏറെ പ്രയാസമുണ്ടു്. ഇതു് അനവധി ചോദ്യങ്ങൾ കുട്ടിക്കു ചോദിക്കാനിടയാക്കിയേക്കാം. അവയെല്ലാം സൂക്ഷ്മമായി ഉത്തരം പറയണം. പുനർജ്ജന്മമുണ്ടെന്നു വിശ്വസിക്കുന്ന ഒരാൾക്കു് ഈ ചോദ്യങ്ങൾക്കു് ഉത്തരംപറയുക എളുപ്പമായിരിക്കും. മാതാപിതാക്കന്മാർക്കു ആ വിശ്വാസമില്ലെങ്കിൽ തങ്ങളുടെ വിശ്വാസത്തിനു വിപരീതമായി ഒന്നും പറഞ്ഞുകൊടുക്കരുതു്. കുട്ടിയോടു കള്ളംപറയുന്നതിനു മാതാപിതാക്കൾക്കു യാതൊരു അവകാശവും ഇല്ല. മരണം എന്നതു് ഉണരാത്ത ഉറക്കം എന്നു പറഞ്ഞുകൊടുക്കയാണുത്തമം. ഇതു പറയുന്നതുതന്നെ വലിയ ഗൌരവമൊന്നും നടിക്കാതെ ഒരു സാധാരണ കാര്യംപോലെ വേണം. കുട്ടി മരിക്കുമെന്നുവെച്ചു വ്യസനിക്കയാണെങ്കിൽ അതു വളരെ വളരെക്കാലത്തേക്കുണ്ടാകയില്ലെന്നു തീർച്ചയായി പറഞ്ഞാൽ മതി; മരണത്തെപ്പറ്റി നന്നച്ചെറുപ്പത്തിൽതന്നെ ഒരനാസ്ഥയുണ്ടാക്കാൻ നോക്കീട്ടു ഫലമൊന്നുമില്ല. നാമായിട്ടു മരണത്തിന്റെ കാര്യം കുട്ടിയോടു പറയേണ്ട. കുട്ടി പറകയാണെങ്കിൽ അതിനെ മറയ്ക്കാൻ ഉത്സാഹിക്കയും വേണ്ട. ഇതിൽ അവേദ്യമായി ഒന്നുമില്ലെന്നു കുട്ടിക്കു തോന്നാൻ വേണ്ടതൊക്കെ പ്രവർത്തിക്കാം. കുട്ടി ആരോഗ്യമുള്ള ഒരു സാധാരണ കുട്ടിയാണെങ്കിൽ അതിനെപ്പറ്റി ആലോചിക്കാതിരിക്കാൻ ഇത്രയൊക്കെ മതി.

എല്ലാ ഘട്ടങ്ങളിലും കുട്ടികളോടു പൂർണ്ണമായും തുറന്നും സംസാരിക്കണം. നിങ്ങൾ വിശ്വസിക്കുന്നതൊക്കെ പറഞ്ഞുകൊടുക്കണം. ഈ വിഷയം രസശൂന്യമാണെന്നു കുട്ടിക്കു തോന്നിക്കുക. ചെറുപ്പക്കാർക്കാകട്ടെ വൃദ്ധന്മാർക്കാകട്ടെ മരണത്തെപ്പറ്റി അങ്ങിനെ വിചാരിച്ചുകൊണ്ടിരിക്കുന്നതു നല്ലതല്ല.

ഇപ്രകാരം പ്രത്യേകമായ പേടികൂടാതെ അവ്യക്തമായി ഒരുവിധം വ്യാപ്തമായ ഒരു പരിഭ്രമം കുട്ടികൾക്കു ചിലപ്പോൾ തോന്നാറുണ്ടു്. ഇതുണ്ടാകുന്നതു പിതാക്കൾ കുട്ടികളെ വേണ്ടതിലധികം ശാസിച്ചിട്ടാണു്. അതുകൊണ്ടു് ഇതത്ര സാധാരണയല്ല. ഒച്ചയുണ്ടാക്കാതിരിക്കു, ഇതു മര്യാദയല്ല, അതു മര്യാദയല്ല എന്നൊക്കെ കൂടക്കൂടെ പറഞ്ഞുകൊണ്ടിരുന്നാൽ കുട്ടികൾക്കു ബാല്യകാലം ഒരുവിധം ദുഃഖകാലംതന്നെയാകും. കുട്ടികളോടു ബാല്യകാലമാണു പരമാനന്ദകാലം എന്നു പറഞ്ഞിട്ടു കാര്യമില്ല. അതു് ഒരു പച്ചക്കള്ളമാണെന്നേ കുട്ടികൾക്കു തോന്നൂ. ഇത്ര കഷ്ടമായ കാലം പരമാനന്ദകാലമാണെങ്കിൽ മേൽവരാനിരിക്കുന്ന കാലം എങ്ങിനെയാണു് കഴിച്ചുകൂട്ടുന്നതു് എന്നു് ഓർത്താണു് ബുദ്ധിയുള്ള കുട്ടികൾ ഇതു കേൾക്കുമ്പോൾ ദുഃഖിക്കുന്നതു്. കുട്ടിയുടെ നോട്ടം എല്ലായ്പോഴും മുമ്പോട്ടേക്കാക്കിതീർക്കാനാണു അവന്റെ വാസന. ഞാൻ വലുതാകുമ്പോൾ അതുചെയ്യും ഇതുചെയ്യും എന്നൊക്കെയാണു കുട്ടി വിചാരിച്ചാനന്ദിക്കുന്നതു്. കുട്ടിയു

ടെ പ്രയത്നത്തിനുള്ള പ്രോത്സാഹനങ്ങളും ഇവതന്നെയാണു്. കഴിഞ്ഞ കാലമാണു നല്ലതു് എന്നു പിന്നോക്കം നോക്കുന്നുള്ള വാസന വൃദ്ധന്മാരുടേതാണു്. ഇതു കുട്ടികളെ പഠിപ്പിച്ചാൽ അവരുടെ ജീവിതത്തിന്റെ സാരം വററി വരണ്ടുപോകും. എന്നാൽ ഇതാണു പലരും കുട്ടികളോടു പറയാറുള്ളതും. ഭാഗ്യവശാൽ ഈ വാക്കുകൾ കുട്ടികളുടെ മനസ്സിൽ നല്ലവണ്ണം പതിയുന്നില്ല. പ്രായംചെന്നവർക്കു ദിവസവും പാഠം പഠിക്കേണ്ടായ്കയാലും വേണ്ടതൊക്കെ തിന്നാവുന്നതിനാലും സുഖമാണു് എന്നുവേണ്ട വിശ്വസിക്കാൻ. ഈ വിശ്വാസം ആരോഗ്യപ്രദവും ഉത്സാഹപ്രദവുമാകുന്നു.

നാണം കുണുങ്ങുന്നതു് ഒരുമാതിരി ഭയംകൊണ്ടാണു്. ഇതുണ്ടാകുന്നതു് അന്യരോടു് ഇടപെടായ്കയാലും ആളുകളോടു പെരുമാറുമ്പോൾ അങ്ങിനെ ചെയ്യണം ഇങ്ങിനെ ചെയ്യരുതു് എന്നൊക്കെ അതിനിഷ്കൃഷ്ട ചെയ്യുന്നതിനാലും ആണു്. നിവൃത്തിയുള്ളിടത്തോളം ഒരു വയസ്സു കഴിഞ്ഞാൽ കുട്ടികൾ അന്യരോടു് ഇടപെടുകയാണു വേണ്ടതു്. മര്യാദയാണെങ്കിൽ അന്യർക്കു് ഉപദ്രവം എന്നു തോന്നാത്തിടത്തോളം മാത്രം പഠിപ്പിച്ചാൽ മതി. അവർ അന്യരെ സ്വല്പനേരം നിർബ്ബാധമായി കാണട്ടെ. വളരെനേരം അവരുടെ അടുക്കൽനിന്നു ശബ്ദമുണ്ടാകാതിരിക്കാൻ ഉന്നദോഷിക്കേണ്ടതായി വരരുതു്. രണ്ടു വയസ്സായാൽ തന്നെത്താൻ കളിക്കാനയക്കയാണുത്തമം. പടങ്ങളോ, കളിക്കോപ്പുകളോ, മാണ്ടിസ്സോറി വിദ്യാലയങ്ങളിലെ ഉപകരണങ്ങളോ ഉപയോഗിച്ചു വിനോദിക്കട്ടെ. ഇവ ഉപയോഗിച്ചു നിശ്ശബ്ദമായിരിക്കാൻ അവസരം കൊടുക്കുന്നതു് അവർക്കു കാര്യം മനസ്സിലാക്കാൻ നല്ലതാണു്. മര്യാദ പഠിപ്പിക്കുന്നതും പ്രവൃത്തിമൂലം ആവശ്യംപോലെ ചെയ്യാമെന്നല്ലാതെ കേവലം തത്വോപദേശമാകരുതു്. എന്നാൽ കുട്ടിക്കു കാര്യം മനസ്സിലാകാറാകുമ്പോൾ പിതാക്കൾക്കും തനിക്കുള്ളതുപോലെ ചില അവകാശങ്ങളുണ്ടെന്നു് അവരെ മനസ്സിലാക്കണം. തനിക്കു സ്വാതന്ത്ര്യംവേണമെന്നാശിക്കുംപോലെ അന്യർക്കും സ്വാതന്ത്ര്യം നൽകാൻ കുട്ടി തയ്യാറാകണം. കുട്ടികൾക്കു ന്യായം എളുപ്പത്തിൽ മനസ്സിലാകും. തങ്ങൾക്കു നീതി കിട്ടാൻ ശഠിക്കുംപോലെ അന്യർക്കും നീതി നൽകും. ഉദാഹരണമായി ഒരു കഥ പറയാം. മിസ്റ്റർ റാസ്സൽസായ്പു തിരുവനന്തപുരം വിട്ടുപോയ അവസരത്തിൽ അദ്ദേഹം സുന്ദരംപിള്ള അവർകൾക്കു് ഒരു ബൈബിൾ സമ്മാനം കൊടുത്തു. സായ്പിന്റെ രണ്ടു വയസ്സായ മകൻ ആ പുസ്തകം എടുത്തു തനിക്കുവേണം, അതു കൊടുക്കയില്ല എന്നു ശാഠ്യംപിടിച്ചു. ഹാർവിസായ്പു് അപ്പോൾ അവിടെ എത്താനിടയായി. സംഗതി മനസ്സിലാക്കി. കുട്ടിയോടു ഞാനുംകൂടി പുസ്തകം നോക്കട്ടെ എന്നുപറഞ്ഞു വാങ്ങി. പുസ്തകം തനിക്കു വേണമെന്നു സായ്പു് ശാഠ്യം തുടങ്ങി. കുട്ടി സമ്മതിച്ചില്ല. നിനക്കെവിടുന്നു കിട്ടി എന്നു സായ്പു് ചോ

ഭിച്ചു. സുന്ദരംപിള്ളയെ ചൂണ്ടിക്കാണിച്ച് 'ഈ മനുഷ്യൻെറ കയ്യിൽനിന്ന്' എന്നു മറുപടി പറഞ്ഞു. 'എനിക്കു നിന്നിൽനിന്നും കിട്ടി' എന്നായി സായ്പ്. കുട്ടി, 'അതു് ഇദ്ദേഹത്തിനു കൊടുക്കണം' എന്ന് പറഞ്ഞു. 'എന്നാൽ അതിനായി ഞാൻ നിനക്കും തരണം' എന്നു പറഞ്ഞു കൊടുക്കയും കുട്ടി വാങ്ങി സുന്ദരംപിള്ളക്കു കൊടുക്കയും ചെയ്തു. ഇങ്ങിനെ പല ഉദാഹരണങ്ങളും കാണാം. ഇതാണു സകല മര്യാദയുടേയും കാതല്.

എല്ലാററിനും പുറമെ കുട്ടികളിൽനിന്നും പേടിയകററണമെങ്കിൽ നാംതന്നെ പേടിയില്ലാത്തവരാകണം. നമുക്കു ഇടിവെട്ടുന്നതു പേടിയാണെങ്കിൽ നമ്മുടെ മുമ്പിൽ കുട്ടി നില്ക്കുമ്പോൾകൂടി പേടിച്ചാൽ കുട്ടിയും ഇടിയെ പേടിക്കും. സാമുദായികമായ ഒരു വിപ്ലവത്തെ നാം ഭയപ്പെടുന്ന സ്തോഭം കാണിച്ചാൽ കുട്ടിയും കാര്യമറിയാതെ ഭയപ്പെടും. ദീനം വരുമെന്നു നാം പേടിച്ചാൽ കുട്ടിയും പേടിക്കും. ജീവിതം ആപല്പൂരിതമാണ്. എന്നാൽ ബുദ്ധിമാന്മാർ ഒഴിച്ചുകൂടാൻവഹിയാത്തവയെ നിസ്സാരമായി ഗണിക്കും. മററുള്ളവയെ പരിഭ്രമവികാരം ലവലേശം കാണിക്കാതെ ബുദ്ധിപൂർവ്വം എതിർക്കുകയോ ഒഴിക്കാൻ നോക്കുകയോ ചെയ്യും. മരണം നമുക്ക് ഒഴിക്കാൻ വഹിയാ. എന്നാൽ നമ്മുടെ സമ്പാദ്യങ്ങളെപ്പററി ഒരു മരണശാസനം എഴുതിവയ്ക്കാതെ മരിക്കുന്നതു ബുദ്ധിയുണ്ടെങ്കിൽ കൂടാതെ കഴിക്കാം. അതുകൊണ്ടു കാലേകൂട്ടി മരണശാസനം എഴുതി നാം മരിക്കും എന്ന കഥയെപ്പററി വിചാരിച്ചു ദുഃഖിക്കാതെ മറന്നുകളയുകയാണു വേണ്ടതു്.

ആപത്തുകാലത്തേക്കു യുക്തമായ മുൻകരുതൽ ചെയ്യുന്നതു പേടികൊണ്ടല്ല. അതു ബുദ്ധിയാണ്. പേടി ഏതുവിധത്തിലായാലും അടിമത്തംതന്നെ. നമുക്കു പേടിക്കാതിരിക്കാൻ നിവൃത്തിയില്ലെങ്കിൽ കുട്ടികളെ നമ്മുടെ ഈ അവശത അറിയിക്കാതിരിക്കാൻ നോക്കുക. അവക്കു വിസ്തൃതമായ നോട്ടവും വിവിധമായ കാര്യങ്ങളിൽ ആസക്തിയും ഉണ്ടാക്കികൊടുക്കുക. എന്നാൽ അവർ പ്രായമാകുമ്പോൾ തങ്ങൾക്കാപത്തു വരുമെന്നു വിചാരിച്ചു വിചാരിച്ചു ഭയപ്പെടുകയില്ല. ഇപ്രകാരം ആയാൽ മാത്രമെ നമുക്കു കുട്ടികളെ സ്വതന്ത്രരായ ലോകപൌരന്മാരാക്കിത്തീർക്കാൻ കഴികയുള്ളു.

## ശ്രീചിത്തിര തിരുനാൾ

ഈ മാസം എട്ടാംതിയ്യതി, തിരുവിതാംകൂർ രാജ്യത്തിൻെറ ഭാവിഭദ്രൈശ്വര്യങ്ങൾക്കു നിദാനമായ ശ്രീചിത്തിരതിരുനാൾ മഹാരാജാവിനു പതിനഞ്ചു തിരുവയസ്സു തികഞ്ഞിരിക്കുന്നതിൽ ഞങ്ങൾ സന്തോഷിക്കുകയും ആ തിരുമേനിയ്ക്കു ദീർഘായുരാരോഗ്യങ്ങളെ പ്രാർത്ഥിക്കയും ചെയ്തുകൊള്ളുന്നു.

# തിരുനാൾ മംഗളപദ്യം

(കെ. ശങ്കരപ്പിള്ള ബി. എ.)

(വഞ്ചിപ്പാട്ട്.)

വാഞ്ഛിതാനുകൂലപ്രജാ-സഞ്ചിതസൌഭാഗ്യസത്താം
വഞ്ചിരാജവംശകല്പ-ദ്രുമസൂനമേ! 1
ഇപ്രജകളെത്രമുമ്പി-ട്ടാററുനോററു കിട്ടിയുള്ള
സൽപ്രഭാവപുണ്യഫല-സർവ്വസമ്പത്തേ! 2
മൂലതന്തുസേതുസ്ഥാനീ-സേതുപാർവ്വതിയാം റാണി-
ശ്രീലാലസസൂനവാമോ-ദോമനമൃതേ! 3
വേണാടെല്ലാമോണനാടി-ന്റേറാണക്കാലത്തെന്നപോലെ
വാണീടാനാസ്ഥുള്ളുന്നാ-വഞ്ചിവാസവ! 4
എത്ര ചിത്രമോർത്താലത്ര-ചിത്രർക്ഷജകുമാരനിൽ
ക്ഷത്രവീർയ്യവിചിത്രത,-ലക്ഷിതമിന്നേ!! 5
പാരിലെങ്ങും പ്രജാക്ഷേമ-പ്പൂനിലാവിന്നൊളിവീശി
പൂരിതമാം യശസ്സാന്ദ്രി-സ്സോമവംശജൻ; 6
വാഴ്ക, വാഴ്ക, വഞ്ചിനാട്ടിൻ-പൂർവ്വാധികഭൂതിപ്രദൻ
വാഴ്ക, വാഴ്ക മഹാരാജൻ-രാമവർമ്മാഖ്യൻ, 7
അന്നദാതാവാകും സാക്ഷാൽ-പൊന്നോമനത്തിരുമേനി,
മന്നോർമന്നവിഖ്യാതനായ്,-ലസിക്കമെന്നിൽ. 8

# പുസ്തകാഭിപ്രായം.

## സാമദർശികം.

(സമദർശിപ്രസ്സ്, തിരുവനന്തപുരം. വില 12 അണ)

തിരുവിതാംകൂറിലെ വർത്തമാനപ്പത്രങ്ങളിൽ അദ്വിതീയമായ ഒരു സ്ഥാനത്തെ അർഹിക്കുന്ന 'സമദർശി'യുടെ വിശേഷാൽപ്രതി ഞങ്ങൾക്കു ലഭിച്ചിട്ടു രണ്ടുമാസത്തിലധികം കാലം കഴിഞ്ഞെന്നുവരുകിലും, ഇതുവരെയും അതേപ്പററി ഒരു അഭിപ്രായം പറവാൻ ഞങ്ങൾക്കു സാധിച്ചില്ല. ഈ കാലതാമസത്തിനിടയായതിൽ ഞങ്ങൾ നിർവ്യാജം വ്യസനിക്കുന്നു. പത്രങ്ങൾക്കും മാസികകൾക്കും വിശേഷാൽപ്രതി ഇപ്പോൾ ഒരുതരം 'ഫാഷ'നായിത്തീർന്നിട്ടുണ്ട്. എന്നാൽ അവയിൽ ജനങ്ങൾ വായിക്കുന്നതും, വായിക്കേണ്ടതുമായ ഗദ്യപദ്യങ്ങളുടെ ദൌർല്ലഭ്യം പ്രായേണ കണ്ടുവരാറുള്ളതാണ്. എങ്കിലും സമദർശിയുടെ ഈ വിശേഷാൽപ്രതി അത്യന്തം അഭിന

ദനീയമാണെന്നു സമ്മതിച്ചേതീരൂ. ഇന്നത്തെ കേരളീയകവികളിൽ പ്രഥമഗണനീയന്മാരായ വള്ളത്തോളും, ഉള്ളൂർ എന്നീ രണ്ടു മഹാകവികളുടേയും, ശ്രീമാന്മാർ ജി. ശങ്കരക്കുറുപ്പ്, ഗോപാലക്കുറുപ്പ്, പള്ളത്തുരാമൻ മുതലായ യുവകവികളുടേയും പദ്യങ്ങളും, ശ്രീമാന്മാർ ആർ. ഈശ്വരപിള്ള, കുന്നേഴത്തു പരമേശ്വരമേനോൻ മുതലായ ശ്രേഷ്ഠഗദ്യകാരന്മാരുടേയും, ഒരുവിധം പേരെടുത്തിട്ടുള്ള മററു പലരുടേയും ഗദ്യപ്രബന്ധങ്ങളും, ഈ വിശേഷാൽപ്രതിയിൽ അടങ്ങീട്ടുണ്ട്. ഇവയിൽ വള്ളത്തോളിന്റെ 'പാരവശ്യം' സ്വാമിശ്രദ്ധാനന്ദജിയുടെ മരണംനിമിത്തം ഉണ്ടായിട്ടുള്ളതാണ്. ദേശകാലപരിതസ്ഥിതികളെ ആകമാനം ലംഘിക്കുന്നതിന് യാതൊരു കവിക്കും സാധിക്കുകയില്ലെങ്കിലും, അവർ സനാതനങ്ങളായ സത്യസൗന്ദര്യങ്ങളിൽ കൈവെക്കുമ്പോൾ സഹൃദയന്മാർക്കുണ്ടാകുന്ന പരമാനന്ദം കേവലം അനിർവാച്യമാണെന്നു വള്ളത്തോൾ മഹാകവി നമുക്കു പ്രത്യക്ഷപ്പെടുത്തിത്തരുന്നു. അന്നനടയിൽ 'കൊടുംപിശാചിന്റെ വകയായിരിക്കും' എന്നും മററുമെഴുതുന്നതു് സംഗീതരസികന്മാർക്കു ശ്രവണകടുവായിത്തോന്നുമെന്നുള്ളതിന് സംശയമില്ല. ഉള്ളൂർ പലപ്പോഴും സ്വപ്നരാജ്യപര്യടനം ചെയ്യാറുണ്ടല്ലോ. ഇത്തവണത്തെ 'സ്വപ്നദർശന'വും ആ മഹാകവിയുടെ ഇതരകൃതികളിൽ ഒട്ടും താഴെയല്ല. അദ്ദേഹത്തിന്റെ ആശയങ്ങൾക്കുള്ള ഗാംഭീര്യം, ഇപ്പോൾ സംസ്കൃതപദബാഹുല്യവും, ശൈലിയുംകൊണ്ടു് കുറേക്കൂടി ഗഹനമായിത്തീർന്നിട്ടുണ്ട്. 'ഭോഗശസ്ത്രീകളുമായ് രമിച്ചേൻ, പാപിഷ്ഠനാം ഞാൻപശുധർമ്മചാരി' ഈ പ്രയോഗത്തിന്റെ അനൗചിത്യം പ്രത്യക്ഷമാണല്ലോ. അതുപോലെ 'നൃത്തജ്ഞമാർ വേശ്യകളാട്ടിവെപ്പോൻ' എന്ന പ്രയോഗം ഗ്രാമ്യവുമായിരിക്കുന്നു. ശ്രീമാൻ പള്ളത്തു രാമന്റെ 'സനാതനഗാനം' ടാഗൂർ പ്രസ്ഥാനത്തിന്റെ അസ്പഷ്ടതക്കുദാഹരണമാണ്. 'മാദൃശർ, അശരീരിസന്ദേശപ്രചോദിതർ' എന്നു് അഭിമാനിക്കുന്ന അദ്ദേഹത്തിന്റെ 'പാടലിൽ' ഞങ്ങൾക്കു വലിയ കൗതുകം തോന്നിയില്ല. ജി. ശങ്കരക്കുറുപ്പവർകളുടെ 'കുനിഞ്ഞവനും കുനിയിച്ചവനും' എന്ന പ്രയോഗം ശ്രീമാൻ കുററിപ്പുറത്തിന്റെ 'കരഞ്ഞിടാനും കരയിച്ചിടാനും' എന്ന പ്രയോഗത്തെ അല്പം ശ്ലാഘിക്കുന്നു. 'മുത്തുപോൽമുന്നാട്ടുപായുംകണങ്ങളെ മുത്തുലാവിക്കൊണ്ടുപായ്ക്കപായ്ക്ക' എന്ന മിസ്റ്റർ സീ. പി പരമേശ്വരൻപിള്ളയുടെ ഗാഥയിലേ ഏകദേശവിവർത്തിയായ ഉപമയും അംഗഭംഗംവന്ന ക്രിയയും രുചികരങ്ങളല്ല. ഇങ്ങനെ പദ്യപ്രബന്ധങ്ങളിൽ പലതിലും ചില ന്യൂനതകൾ ഉണ്ടെങ്കിലും, അവ പൊതുവിൽ സഹൃദയാനന്ദദങ്ങൾതന്നെയാണ്.

സാമദ്ശികത്തിൽ ഗദ്യപ്രബന്ധങ്ങൾക്കുതന്നെയാണു പ്രാധാന്യം കൊടുത്തിരിക്കുന്നതു്. അവയിൽ ശ്രീമാൻ ആർ. ഈശ്വരപിള്ള അവർകളുടെ 'തിരുവിതാംകൂറിലെ വ്യവസായസ്ഥിതി' കുന്നേഴത്തു പരമേശ്വര

മേനവൻ അവർകളുടെ 'ശില്പവിദ്യ' എം. രാജരാജവമ്മ അവർകളുടെ 'രാജ്യഭരണത്തിൽ മതത്തിന്റെ നില' ഡാക്ടർ എൽ. രവിവമ്മയുടെ 'മൃത്തിരഹസ്യം' മുതലായവ ശ്രദ്ധേയങ്ങളാണ്. സാഹിത്യസംബന്ധമായ പ്രബന്ധങ്ങളിൽ ശ്രീമാൻ ആറ്റൂർ കൃഷ്ണപ്പിഷാരടി അവർകളുടെ 'ഭാഷയുടെ വേഷവും' കുററിപ്പുഴ പി. കൃഷ്ണപിള്ള അവർകളുടെ 'സൌന്ദര്യബോധ'വും വളരെ നന്നായിട്ടുണ്ടു്. 'മലയാളത്തിലെ ശൃംഗാരകവിത' എന്ന കെ. എം. പണിക്കരവർകളുടെ ലേഖനം സാരംകൊണ്ടല്ല, ദൈർഘ്യംകൊണ്ടാണ് ആകർഷണീയമായിരിക്കുന്നതു്. വെണ്മണിമുതലായ ചിലരുടെ കവിതാരീതി ആഭാസമാണെന്നു 'ഉച്ചൈസ്തരം' ഘോഷിച്ചുകൊണ്ടു് അവയിൽ ചില 'സാമ്പിൾ' ഉദ്ധരിക്കേണ്ടതില്ലായിരുന്നു. 'സമുദായത്തിൽ സാഹിത്യത്തിന്റെ സ്ഥാനം' എന്ന വടക്കുംകൂർ രാജരാജവമ്മ അവർകളുടെ ഉപന്യാസത്തിൽ അതിശയോക്തിയും, അവാസ്തവപ്രസ്താവങ്ങളും വളരെയുണ്ടു്. 'ഈശ്വരസൃഷ്ടി കാലശക്തിക്കു വശംവദമായി ക്ഷയിക്കുന്നു. കവിസൃഷ്ടിക്കു് ഈ ന്യൂനതയില്ല.' ഇവിടെ സൃഷ്ടിവിഷയത്തിൽ ഈശ്വരനേക്കാൾ പ്രാധാന്യം കവികൾക്കു കൊടുത്തിരിക്കുന്നതു കാണുന്നതിനു കണ്ണും, ആലോചിക്കുന്നതിനു തലച്ചോറും ഉള്ളവരാരും സമ്മതിക്കുന്നതല്ല. അതുപോലെ 'സാഹിത്യം മതത്തിന്റെ പ്രാണസർവ്വസ്വമാണെ'ന്നു പറയുന്നതും ലോകചരിത്രം അറിയാവുന്നവർ വിശ്വസിക്കുകയില്ല. 'നമുക്കുള്ളതുപോലെ പരമങ്ങളും, വിശുദ്ധങ്ങളുമായ ജീവിതാദർശങ്ങളും, അനുഷ്ഠാനപരമ്പരകളും, സാഹിത്യസമ്പത്തുകളും അന്യർക്കില്ലെന്നു പറയുന്നതു് ഒരു വലിയ മിഥ്യാഭിമാനം മാത്രമാണ്. 'അന്യമതങ്ങൾക്കു രാജസഹായമില്ലെങ്കിൽ ഒരിക്കലും നിലനില്ക്കുകയില്ലെ'ന്നു വിചാരിക്കുന്നതുതന്നെ അബദ്ധമാണ്. ഇന്ത്യാ ഈജിപ്റ്റ് മുതലായ ദിക്കുകളിലെ മഹമ്മദീയ മതത്തിന്റെ ഇന്നത്തെ നില നോക്കുക. സാഹിത്യത്തിന്റെ ഉൽക്കർഷത്തിനുവേണ്ടി ഇതരകലകളെ ക്രമത്തിലധികം അപലപിച്ചിരിക്കുന്നതും ക്ഷന്തവ്യമല്ല. ചിത്രമെഴുത്തും ശില്പവിദ്യയും മററും കവിതയോളംതന്നെ പ്രാചീനത്വമുള്ളവയാണ്. ഗ്രീസിലും ഇന്ത്യയിലും മററുമുള്ള കൊത്തുപണികളും ചിത്രവേലകളും തൽപ്രിയന്മാക്കു കവിതപോലെതന്നെ ആരാധ്യങ്ങളാണ്. ഇദാനീന്തനകാലങ്ങളിൽ ഇന്ത്യയിൽതന്നെ ഉണ്ടായിട്ടുള്ള രവിവമ്മ, മസുംമദാർ മുതലായവരുടെ ചിത്രങ്ങൾ ക്ഷണഭംഗുരങ്ങളാണെന്നു വിചാരിക്കുന്നതു കേവലം അന്ധവിശ്വാസമാണ്. അതുകൊണ്ടു 'നേത്രംഗതഃ ശുഷ്യതി നേത്ര ഏവ' എന്ന ഉപാലംഭം മുഴുവൻ അസ്ഥാനത്തിലാണ്. 'കണ്ണംഗതഃ ശുഷ്യതി കണ്ണ ഏവ സംഗീതകം സൈകത വാരിരീത്യാ' എന്ന അഭിപ്രായത്തെ വിലവെക്കുന്നതു് അതു് എഴുതിയ ആളിനോളം സംഗീതത്തിൽ അജ്ഞത പ്രകടിപ്പിക്കുകയാകുന്നു. ഇങ്ങനെ പല അസംബന്ധങ്ങളും ഈ ഉപന്യാസത്തിൽ കാണുന്നുണ്ടു്. ഒരു സാഹിത്യശിരോമണിയുടെ

‘വ്യംഗ്യാൎത്ഥവിമൎശനത്തെ’ക്കുറിച്ചും ഞങ്ങൾക്ക് അല്പം പറവാനുണ്ട്. സ്ഥലദൌൎല്ലഭ്യംനിമിത്തം തല്ക്കാലം അതിലേക്കുദ്യമിക്കുന്നില്ല. കഥകൾ എല്ലാംതന്നെ ഒരു കഥയാണ്. ജീവചരിത്രങ്ങളിൽ ‘ആനന്ദഗിരി പരമഹംസൻ’ നന്നായിരിക്കുന്നു. പണ്ഡിതർ ഇ. വി. രാമൻനമ്പൂതിരിയുടെ ‘സദാശിവേന്ദ്രസരസ്വതി’യിൽ ലേഖകനു് ‘സംസ്കൃതിന്നന്മാരായ അസംസ്കൃതന്മാ’രേപ്പററിയുള്ള പുച്ഛം ‘ക്ഷ’ തന്നെ. അദ്ദേഹത്തിന്റെ സംസ്കൃതഭ്രമമാണോ ‘വന്നപോലെ മെല്ലെമെല്ലെ പോയാർ’ ‘അക്കാട്ടിൽക്കടന്നുചെന്നാർ’ ‘അവർ അതു ഭക്തിപൂൎവ്വം സമ്മതിച്ചാർ’ എന്നും മററും ഭാഷാഗദ്യത്തിൽ ലിംഗവചനപ്പൊരുത്തം വരുത്തി തട്ടിമൂളിച്ചിരിക്കുന്നതിനു കാരണമെന്നു ഞങ്ങൾ ശങ്കിക്കുന്നു. ഏതായാലും ‘പുസ്തകംവരുത്തി വായിക്കാമല്ലോതാനും’ എന്നും മററുമുള്ള പ്രയോഗത്തിനു യാതൊരാലംബനവുമില്ല. ഇതു നോക്കുക! ‘ജാതിഭേദവും കൎമ്മഭേദവും നശിപ്പിക്കാൻ കോപ്പുകൂട്ടുന്നവരൊക്കെ യോഗീശ്വരന്മാരാണെന്നും, അവരുടെ ആത്മജ്ഞാനത്തിന്റെ പരമകാഷ്ഠയുടെ ദൃഷ്ടാന്തം തദുന്മുഖമായ പരിശ്രമങ്ങളും വിപ്ലവങ്ങളുമാണെന്നും ധരിച്ചിരിക്കുന്ന പലരേയും ഇപ്പോൾ കേരളത്തിൽ കാണ്മാനുണ്ട്. യഥാൎത്ഥജ്ഞാനികളുടെ നില കുലപാംസനന്മാരായ കൂടകാരികളുടെ കൂക്കുവിളിയും കൂത്താട്ടവുമല്ലെന്നു് അത്തരക്കാൎക്കു ഗ്രഹിക്കാൻ കഴിയുമല്ലോ.’ ഇതാണു ജുഗുപ്സാവഹമായ പണ്ഡിതകാകോളകാഹളം! പണ്ഡിതരുടെ പൎയ്യവസാനംകൂടി നോക്കുക. ‘നമ്മുടെ ആധുനികയുവജനങ്ങൾ ബഹിൎമ്മുഖന്മാരായ രാഷ്ട്രീയ ധൌരേയന്മാരിൽ കാണിക്കുന്നതിന്റെ ശതാംശമെങ്കിലും ശ്രദ്ധ സദാശിവേന്ദ്രസരസ്വതിസ്വാമികളേപ്പോലെ(യുള്ള)... ആദൎശപുരുഷന്മാരിലും അവരുടെ ഉപദേശങ്ങളിലും ചെലുത്തുവാൻ തുടങ്ങുന്നതെന്നാണോ ആദിശങ്കരാചാൎയ്യരുടെ അമ്മയായ കേരളഭൂമിയുടെ കേളികേട്ട കൈവല്യകാലം അതുതന്നെയാണെന്നു ബുദ്ധിമാന്മാരൊക്കെ സമ്മതമായിരിക്കും.’ ബുദ്ധിമാനായ പണ്ഡിതരേ!—ശാന്തം പാപം! ഈ ലേഖനത്തിന് സാമദൎശികത്തിൽ സ്ഥലമനുവദിക്കാൻ പാടില്ലാത്തതായിരുന്നു.

ആകപ്പാടെ അഭിനന്ദനീയമായ സാമദൎശികത്തിലെ ചില ദോഷങ്ങളെ മാത്രമാണു ഞങ്ങൾ ചൂണ്ടിക്കാണിച്ചതു്. ഗുണഭാഗങ്ങൾ ഇവയേക്കാൾ വളരെ വിപുലവും സാരഗൎഭവുമാകുന്നു. അവ അനുഭവിച്ചറിയണമെന്നുള്ളവർ ഈ സൽഗ്രന്ഥം വായിക്കുകതന്നെ ചെയ്യണം. ഇതുനല്ല ഒരു പ്രസിദ്ധീകരണത്തിനു സാധിച്ച സമദൎശിപ്രവൎത്തകന്മാരെ ഞങ്ങൾ അഭിനന്ദിക്കുന്നു.

## 2. ലോകം

ഗ്രന്ഥകർത്താവു് — നാലപ്പാട്ടു നാരായണമേനോൻ.
പ്രസാധകൻ— കെ. എം. കുട്ടികൃഷ്ണമാരാർ, മംഗളോദയം പ്രസ്സ്, തൃശ്ശിവപേരൂർ. വില 0—8—0

"പരിഷ്കാരം പരിഷ്കാരം" എന്നു സർവ്വജനങ്ങളും ഒരുപോലെ മുറവിളിക്കുന്ന ഈ കാലത്തു് അതിന്റെ പ്രാപ്തിക്കുള്ള ശ്രമം ഭിന്നപ്രദേശങ്ങളിൽനിന്നു ചെയ്യുന്നതുകൊണ്ടു് അഭിവൃദ്ധിയുടെ ഐകരൂപ്യം അസംഗതമായിട്ടാണു കാണുന്നതു്. പരിഷ്കാരത്തെ ഭ്രമിച്ചു പാശ്ചാത്യരെ അങ്ങിനെതന്നെ അനുഗമിക്കുന്നവർ ഒരു കൂട്ടരെങ്കിൽ പൌരസ്ത്യരുടെ പുരാതനപരിഷ്കാരം കണ്ണടച്ചു സ്വീകരിപ്പാൻ മറ്റൊരു കൂട്ടർ ഒരുക്കമാണു്. സീത, ദ്രൌപദി, അഹല്യ ഇവരുടെ ജീവിതാദർശത്തെ നമ്മുടെ വനിതകൾ ഇന്നു സ്വീകരിക്കണമെന്നു ഒരു കൂട്ടർ ഉൽഘോഷിക്കുമ്പോൾ നമ്മുടെ യുവതികൾക്കു "പൂച്ചക്കണ്ണും ചെമ്പൻതലമുടിയും" കൂടി ഉണ്ടാകാത്തതിൽ അനുതപിക്കുന്നവരും ധാരാളമുണ്ടു്.

അനുകരണംകൊണ്ടോ, അഭ്യാസംകൊണ്ടോ അഥവാ ജന്മസിദ്ധവാസനകൊണ്ടോ ഒരുവൻ മറ്റൊരുവന്റെ ബാഹ്യമോടിയേയോ, ആന്തരസത്വത്തേയോ, എന്തിനു് അവതാരശക്തിയെത്തന്നെയോ അനുവർത്തിച്ചു എന്നു വന്നേക്കാം. അവയുടെ ഗുണപരിമാണം ക്രമപ്രവൃദ്ധവുമാണല്ലോ.

കവിതാവിഷയത്തിൽ പ്രവർത്തിക്കുന്ന മഹാന്മാരിൽകൂടി മുൻപറഞ്ഞ ക്രമം കാണുന്നുണ്ടു്. അതിന്റെ ഫലമായി നമ്മുടെ അഭിമാനത്തിനുതന്നെ—പക്ഷെ, ദുരഭിമാനമായിരിക്കാം—ഹാനി വരത്തക്കവണ്ണം, 'ടാഗ്ഗൂർ, ആൻറൂസ്' എന്നെല്ലാം പേരിട്ടു് ആ മഹാശയന്മാരുടെ യശസ്സിനു് ഒരു വിദേശമോടി വരുത്തിക്കൂട്ടുന്നു.

പ്രസക്ത്യാനുപ്രസക്താ വന്നുചേർന്ന സ്മരണയുടെ ഫലമായി നമ്മുടെ ആൻറൂസ്—അഥവാ നാലപ്പാട്ടു നാരായണമേനോൻ അവർകൾ പലപ്പോഴായി എഴുതി പ്രസിദ്ധംചെയ്തിരുന്ന അന്യാപദേശസമുച്ചയമായ "ലോകം" ചിന്താവിഷയമായിത്തീർന്നിരിക്കുന്നു. കെ. എം. കുട്ടികൃഷ്ണമാരാർ അവർകൾ പ്രസാധകത്വം വഹിച്ചു പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഗ്രന്ഥത്തെ ഞങ്ങൾ സവിശേഷം വായിച്ചുനോക്കി. ആകെ 62 പദ്യങ്ങളോടും ഒരു ചെറിയ മുഖവുരയോടും സാമാന്യജനത്തിനു് ഉപകരിക്കാത്ത ടിപ്പണത്തോടുംകൂടി പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഗ്രന്ഥത്തിന്റെ വില അല്പം കൂടുതലായിട്ടുണ്ടെങ്കിലും ബാഹ്യമോടി മലയാളപുസ്തകങ്ങൾക്കു് അനുകരണയോഗ്യമെന്നതു നിസ്തർക്കംതന്നെ.

വള്ളത്തോൾ നാരായണമേനോനവർകളുടെ സഹവാസഭാഗ്യംകൊണ്ടും പ്രശസ്തിപ്രസരണത്തിന്റെ നിബിഡതകൊണ്ടും ജനമനോമണ്ഡല

ത്തിൽ പിടിച്ചിരിക്കുന്ന സ്ഥാനത്തോട് ഈ കവിതയെ തുലനംചെയ്യുമ്പോൾ ഞങ്ങൾക്ക് അല്പമായ ഒരു അഭിപ്രായവ്യത്യാസമുണ്ട്. എല്ലാ പദ്യങ്ങളും ഒരേ വായനയിൽതന്നെ സുഗമങ്ങളാകുന്നില്ല. അവയുടെ ഗാംഭീര്യം അതിനു കാരണമെങ്കിൽ അപാണ്ഡിത്യത്തെക്കുറിച്ചു സങ്കടപ്പെടുന്നതേ ഉള്ളൂ.

ഒന്നാമത്തെപദ്യം ലൌകികവിജയത്തിനു വന്നുകൂടുന്ന അധർമ്മസ്പർശത്തെ കാണിക്കുന്നതാണ്. എന്നാൽ അപ്രകാരമുണ്ടാകുന്ന ധർമ്മച്യുതി കൂടി ത്യാജ്യമെന്നു വരാത്തതല്ല. അതിനെ നിസ്സാരക്കോടിയിൽ ഗണിപ്പാൻ കവി ഉപദേശിക്കുന്നതു യുക്തമാണോ? മൂന്നാമത്തെ പദ്യത്തിൽ "തിയ്യുകാണില്ല" എന്ന ദിക്കിൽ കകാരത്തിനു ദ്വിത്വം കൂടാതെ പ്രയോഗിച്ചിരിക്കുന്നു. തിയ്യിനെ കാണുകപോലും ചെയ്യുന്നില്ല എന്നർത്ഥമെങ്കിൽ 'ഏ' എന്ന നിപാതം സ്ഥാനംതെററി പ്രയോഗിച്ചിരിക്കുന്നു. "പണികൾ കഴിയവെ" എന്നതിൻെറ അർത്ഥം കാണുക, തല്ലുക, ആട്ടുക ഇവയെന്നു ഗ്രഹിക്കണം. ക്രിയകളെല്ലാം നിഷേധരൂപത്തിൽ പ്രയോഗിച്ചുമിരിക്കുന്നു. ഈവിധപ്രയോഗം ഉത്തമമെന്നു തോന്നുന്നില്ല. 'സ്തവനവിഷയമല്ലേക്ക്' ഈ പ്രയോഗവും സാധുവല്ല. ആളെ പരാമർശിക്കുമ്പോൾ "ക്ക്" എന്നും കേൾവി എന്ന അർത്ഥത്തിൽ "ഇൻ" എന്നും ഇടനില വരേണ്ടതാണ്. അഞ്ചാമത്തെ പദ്യത്തിൽ "ഉടലുതകിയതാം" എന്ന പ്രയോഗം നോക്കുക. ഉതകുക എന്ന പദത്തിനു സാഹായികം എന്നാണർത്ഥം. ഉടൽ പുളിങ്ങയിൽ കാണുന്ന മധ്യസ്ഥപദാർത്ഥമായ മാംസവിശേഷമത്രെ. അതുകൊണ്ട് "ഉടലിനു" എന്നല്ലേ പ്രയോഗിക്കേണ്ടതു്. അങ്ങിനെ അല്ലെങ്കിൽ അർത്ഥഹാനി കൂടിയുണ്ടാകുന്നു. എട്ടാമത്തെ പദ്യം അതുവരെ കഴിഞ്ഞിട്ടുള്ളവയിൽ സാരസ്യമേറിയതാണ്. "തൊട്ടാൽ വാടുന്നതമ്മുള്ളുകൾ" എന്ന ദിക്കിൽ മുള്ളു വാടുന്നതാണെന്നു അർത്ഥം സിദ്ധിക്കുന്നു. എന്നാൽ അങ്ങിനെ കാണുന്നുമില്ല. വാടിയ മുള്ളു മുറിവുപെടുത്തുമെന്നു പറയുന്നതും അസംബന്ധമാണ്. അടുത്ത പദ്യത്തിൽ "വന്നുൾമയക്കേണ്ടതുണ്ടോ?" എന്ന പ്രയോഗത്തിൽ "നു" ഗുരുവാക്കിയിരിക്കുന്ന സമ്പ്രദായം പ്രയോഗാനർഹമെന്നു പണ്ടുപണ്ടേ വിധിച്ചിട്ടുള്ള ഒന്നാണ്. "വംശക്കാരായെങ്ങും" എന്നുള്ള കുസന്ധി പലദിക്കിലും കാണുന്നതു വലിയ കഷ്ടം തന്നെ. നല്ലവരെ ഉപദ്രവിക്കുന്ന ശീലം ലോകസ്വഭാവമെന്നു കാണിക്കുന്ന പദ്യത്തിൽ മൂർച്ചയുള്ള പല്ലിനെ മൂടുന്ന പാപകർമ്മം ചുണ്ടിൻെറ ഗുണമായി വർണ്ണിച്ചതെന്തിന്? ആ ഹീനകൃത്യത്തിൻെറ ഫലമാണു പീഡാപാത്രമാകുന്നതു് എന്നുപദേശിച്ചാൽ ഇതിലധികം നന്നാകുമായിരുന്നു. മനോഗുണം ഏറിയവർക്കു ദുഃഖം അധികം തട്ടുമെന്നും ഈശ്വരചൈതന്യം അവരിൽ സ്ഫുരിക്കുമെന്നും ഉപദേശിക്കുന്ന പദ്യം ആ അപദേശത്തിനു

യോഗ്യമായോ, ദുഃഖങ്ങൾ വരുന്നതായോ ഒന്നുംതന്നെ കാണിക്കുന്നില്ല. പുറന്നീരുറവുകളെ നിരോധിക്കൽ ദുഃഖമായിട്ടു സങ്കല്പിച്ചിരിക്കുകയായിരിക്കും. അതിന്റെ ദുഷ്കരതയെ പ്രസ്പഷ്ടീകരിച്ചെങ്കിലേ ഗുണപൌഷ്കല്യം സിദ്ധിക്കുകയുള്ളു. പെരിച്ചാഴി ഏതുകാലത്തും വെളിച്ചംകണ്ടാൽ "മുട്ടനാത്തു" സാധാരണമാണു്. അന്ത്യനാളിൽ വേണമെന്നതു് അബദ്ധംതന്നെ. 28-ാം പദ്യത്തിലെ ഉപദേശം വാസ്തവമെങ്കിലും അതിനു സ്വീകരിച്ചിരിക്കുന്ന പ്രകൃതം അസംബന്ധമായി ബാഹ്യമോടിയെ അടിസ്ഥാനപ്പെടുത്തി ഒരുവന്റെ ആന്തരസ്വഭാവം നിർണ്ണയിക്കുന്ന-വിഡ്ഢിത്വമെന്നുപദേശിക്കുന്ന-പദ്യം പദപ്രയോഗവിലക്ഷണമായിരിക്കുന്നു. അർത്ഥം അത്യന്തം ക്ലിഷ്ടവുമത്രെ. ഇങ്ങിനെ ഓരോന്നായി പരിശോധിക്കുന്നപക്ഷം അഭിപ്രായമൈക്യംവരുമൊ എന്നു ഞങ്ങൾ ശങ്കിക്കുന്നു. ആകപ്പാടെ, അപദേശത്തിനു വിഷയമാക്കിയിരിക്കുന്ന ഈ "ലോകം" ജനസാമാന്യത്തിനു രുചിക്കുന്ന മട്ടിൽ ആയിട്ടില്ല.

എന്തോ ചില തത്വങ്ങളെല്ലാം പറഞ്ഞു കുറെ പദ്യങ്ങൾ തീർത്തിരിക്കുന്നു എന്നല്ലാതെ കാവ്യഗുണപ്രവാഹം ഗ്രന്ഥത്തിൽ അപൂർവ്വമായിട്ടു കാണുന്നുള്ളു. എല്ലാവരും പദ്യകാവ്യനിർമ്മാണത്തിനൊരുങ്ങുന്നതു് അത്ര ശുഭമാകുമെന്നും തോന്നുന്നില്ല. കാവ്യനിർമ്മാണം ഗദ്യത്തിലായാൽ ലോകോപകാരമാവുകയില്ലെന്നു വിചാരിക്കുന്നവരുടെ കൂട്ടത്തിലാണു മിസ്റ്റർ മേനോൻ എന്നു ഞങ്ങൾക്കു തോന്നുന്നില്ല. അദ്ദേഹത്തിന്റെ "പാവങ്ങൾ" എന്ന പരിഭാഷ അതിനു സാക്ഷ്യവുമാണു്. ഒരു കാര്യം എല്ലാപ്പോഴും ഓർത്തിരിക്കേണ്ടതാണു്. ഗദ്യപദ്യങ്ങളായി നിർമ്മിക്കുന്ന ഗ്രന്ഥങ്ങൾ ഇതരജനഹിതത്തിനു പററുന്ന മാതിരിയിൽ ആയിരിക്കേണ്ടതാകുന്നു. ഇംഗ്ലീഷുകാരുടേയും നമ്മുടേയും കാവ്യാസ്വാദനസ്വഭാവം ഭിന്നിച്ച രീതിയെ അവലംബിച്ചിരിക്കുന്നു. അതുകൊണ്ടു ഗ്രന്ഥനിർമ്മാണത്തിൽ സ്വീകരിക്കുന്ന ഭാഷ, അലങ്കാരം, ശൈലി എന്നിവയോരോന്നും അതാതു ഭാഷയ്ക്കു് അനുയോജ്യമായിരിക്കണമെന്നുമാത്രം അഭിപ്രായപ്പെടുന്നു.

8. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ കൃതികൾ, (ബുക്കു് 3)

പ്രസാധകൻ— പി. വി. കൃഷ്ണവാരിയർ, ലക്ഷ്മീസഹായം അച്ചുക്കൂടം, കോട്ടക്കൽ. വില 1—0—0

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ കൃതികൾ മൂന്നാംഭാഗവും പുറത്തായിരിക്കുന്നു. "സരസദ്രുതകവി കിരീടമണി"യെന്നും, കേരളവ്യാസനെന്നും, മഹാകവി മൂർദ്ധന്യൻ എന്നും മററും ഉള്ള അപരനാ

മധേയങ്ങളാൽ പ്രകീൎത്തിക്കപ്പെട്ടുവരുന്ന ആ തിരുമനസ്സിലെ ഈ കൃതികളിൽ, ശ്രീസ്തുതി, കവിഭാരതം, കൂടൽമാണിക്യം, ഒരുകരാർ, 'ഒരു ചരിത്ര' കഥ, ഗൎവ്വശമനം, ശ്രീഭൂതപ്പുരത്തപ്പൻ, ശ്രീശങ്കരഗുരുചരിതം, സന്താനഗോപാലം നാടകം, ദ്വിതീയാക്ഷരപ്രാസം, ഉദയസിംഹൻ, ഭദ്രകാളീസ്തവം എന്നിങ്ങനെ പന്ത്രണ്ടു കവിതകളാണ് അടങ്ങിയിരിക്കുന്നതു്. ഇവയിൽ അഞ്ചെണ്ണം ചരിത്രസംഭവങ്ങളും ശ്രീസ്തുതിതുടങ്ങിയ മൂന്നു വിശിഷ്ടകൃതികൾ ഭക്തിരസപ്രധാനങ്ങളും ആകുന്നു. കവിഭാരതം, സന്താനഗോപാലം ഇവ രണ്ടും അദ്ദേഹത്തിന്റെ ബാല്യകാലകവനങ്ങളും അതിൽ സന്താനഗോപാലം ദ്രുതകവനപാടവത്തെ പരീക്ഷിപ്പാൻ എഴുതിയതുമാണ് ദ്വിതീയാക്ഷരപ്രാസം, തികച്ചും ഒരു പ്രാസപക്ഷവാദിയുടെതന്നെ. സാഹിത്യസാമ്രാജ്യത്തിൽ ചിരപ്രതിഷ്ഠ ലഭിച്ചിട്ടുള്ള ആ തിരുമനസ്സിലെ കവനപാടവത്തെയോ, ചരിത്രജ്ഞാനത്തെയോ, ഗ്രന്ഥപരിചയത്തെയോ കുറിച്ചു ഞങ്ങൾ ഒന്നും തന്നെ പ്രസ്താവിക്കേണ്ടതായിട്ടില്ല. എങ്കിലും ഒരൻപതു കൊല്ലത്തിനിടക്കു മലയാളഭാഷാസാഹിത്യത്തിനുണ്ടായിട്ടുള്ള അഭിവൃദ്ധിയിൽ ഒരുഭാഗം കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ പരിശ്രമഫലമാണെന്നു പറയാതെയും തരമില്ല. അദ്ദേഹത്തിന്റെ സാഹിത്യപരിശ്രമങ്ങളെക്കുറിച്ച് ഇപ്പോഴത്തെ "പുത്തൻകൂറുകാർ"ക്ക് എന്തെല്ലാം അഭിപ്രായങ്ങൾ ഉണ്ടായാലും മഹാഭാരതംതൎജ്ജമ മൂലംമാത്രം അദ്ദേഹം ആൎജ്ജിച്ചിട്ടുള്ള കവിയശസ്സ് മലയാളഭാഷ ഉള്ള കാലത്തോളം നിലനില്ക്കുന്നതാണ്. ആ തിരുമനസ്സിലെ കൃതിതല്ലജങ്ങളെ തേടിപ്പിടിച്ച് ഇപ്രകാരം പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന സാഹിത്യവ്യവസായി, മി: കൃഷ്ണവാരിയരെ എത്രതന്നെ അഭിനന്ദിച്ചാലും മതിയാകുന്നതുമല്ല. ഭാഷാഭിമാനികളായ കേരളീയർ ഈ കൃതികളുടെ ഓരോ ഭാഗവും വാങ്ങി വായിച്ചു രസിക്കുമെന്നു ഞങ്ങൾ ആശിക്കുന്നു. പ്രസാധകന്റെ ഈ മഹത്തായ പരിശ്രമങ്ങൾക്കു ഞങ്ങളും ഹാൎദ്ദപൂൎവ്വമായ സ്വാഗതം പറയുന്നു.

## മണ്ഡനമഞ്ജരി

(ഗ്രന്ഥകൎത്താ, ഡി. പത്മനാഭനുണ്ണി ബി. എ. യൂണിയൻ കാളേജ്, ആലുവാ)

(മേ. വി. സി. ജി. ബ്രദേഴ്സ്, വടക്കേക്കര. പറവൂർ വില 10ണ.)

മലയാളഭാഷയിൽ ഗദ്യപ്രബന്ധങ്ങൾ ഗണനീയമായ നിലയിലെത്തിയിട്ടില്ലെങ്കിലും അല്പം ചില നല്ല ഗദ്യഗ്രന്ഥങ്ങളോ മാനനീയന്മാരായ ചില ഗദ്യകാരന്മാരും ഉണ്ടെന്നുള്ള വസ്തുത മറച്ചുവയ്ക്കാനോ മറന്നുകളയാനോ തക്ക ധാൎഷ്ട്യം മിസ്റ്റർ ജോസഫ് മുണ്ടശ്ശേരിയോളം മററധികംപേൎക്കുമുണ്ടാകുമെന്നു തോന്നുന്നില്ല. ഇന്നുള്ളതിൽ ഒന്നാന്തരം ഗദ്യകാരന്മാരുടെ സുസ്ഥിരവും സുഖപ്രദവുമായ ഗദ്യസരണികളെ അപലപിക്കത്തക്ക കൃതഘ്നതയും ഞങ്ങൾക്കില്ല. മലയാളഭാഷയിൽ ഗദ്യത്തിൽ വി

ശേഷിച്ച് — വിമർശനപദ്ധതിയിൽ — ഗ്രന്ഥങ്ങൾ വളരെ ദുർല്ലഭങ്ങളായിട്ടാണിരിക്കുന്നതെന്നുള്ള ദയനീയമായ സ്ഥിതിയെ പരിഹരിക്കാൻ യഥാശക്തി പരിശ്രമം ചെയ്തിട്ടുള്ളതിന്റെ ഫലമാകുന്നു ഞങ്ങളുടെ അഭിപ്രായത്തിന് വിഷയമായിരിക്കുന്ന 'മണ്ഡനമഞ്ജരി.' ഇംഗ്ലീഷ് മുതലായ ഭാഷകളിൽ നിരൂപണഗ്രന്ഥങ്ങൾമൂലം ആ ഭാഷകൾക്കു വളരെ ഉയർച്ച ലഭിച്ചിട്ടുണ്ട്. രാജരാജവർമ്മ തമ്പുരാൻ, നാരായണക്കുരുക്കൾ, കുമാരനാശാൻ, നായനാർ, ഉള്ളൂർ, അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ട്, കുഞ്ചൻനമ്പ്യാർ, വള്ളത്തോൾ മുതലായ സാഹിത്യകാരന്മാരുടെ കൃതികളെ കൂലങ്കഷമായി പരിശോധിച്ച് അവയിൽ ഒളിഞ്ഞും തെളിഞ്ഞും കിടക്കുന്ന കാവ്യമർമ്മങ്ങളെയും കാവ്യധർമ്മങ്ങളേയും പ്രകാശിപ്പിക്കുകയാകുന്നു പ്രസ്തുത ഗ്രന്ഥകർത്താവായ ഉണ്ണി അവർകൾ ചെയ്തിരിക്കുന്നതു്. ഇതിലെ ഭാഷയുടെ ജീവനം, രസികത്വവും അനുഭവൈകവേദ്യം തന്നെയാണ്. ഇതു ഭാഷയ്ക്കും ഭാഷാഭിമാനികൾക്കും വളരെ പ്രയോജനപ്രദമായ ഒരു പരിശ്രമമാണെന്നുള്ളതു നിസ്തർക്കമായ സംഗതിയാകുന്നു. ഈ പുസ്തകം മിക്കവാറും അനുകൂലനിരൂപണങ്ങളാണെങ്കിലും അവിടവിടെ ചില ദോഷഭാഗങ്ങളേയും ചൂണ്ടിക്കാണിക്കാതിരുന്നിട്ടില്ല. മിസ്റ്റർ നാരായണക്കുരുക്കളുടെ ആഖ്യായികയായ 'ജ്യോതിഷ്മതി' അതിന്റെ ഗുണപൗഷ്കല്യത്തിനൊത്തവണ്ണം പ്രചാരത്തിലായിട്ടില്ലെങ്കിലും അതിനെ കുറിച്ചുള്ള നിരൂപണം വായിക്കുമ്പോൾ വായനക്കാർക്ക് തൽഗ്രന്ഥകർത്താവിനോടും ഗ്രന്ഥത്തിനോടും പൂർവ്വാധികമായ ബഹുമാനം തോന്നുന്നതാണ്. കുമാരനാശാന്റെ കൃതികളെ കുറിച്ച് ഇതിലധികം സൂക്ഷ്മമായ ഒരു നിരൂപണം ഞങ്ങൾ കണ്ടിട്ടില്ല. മലയാളത്തിലെ ഗദ്യകാരന്മാരിൽ ഒരു പ്രമാണിയായിരുന്ന നായനാരുടെ ഉപന്യാസങ്ങളെക്കുറിച്ചും ഈവിധം വിമർശിച്ചിരിക്കുന്നതു് ഉചിതമായിട്ടുണ്ട്. 'ഹിം' മുതലായ കൃതികളെക്കുറിച്ചും എത്രയും ഹൃദയംഗമമായ വിധത്തിൽ നിരൂപണം ചെയ്തിട്ടുള്ളതു സ്തുത്യർഹമായിരിക്കുന്നു. എന്നാൽ 'ഭ്രതായകരെ'ക്കുറിച്ചു പറഞ്ഞിട്ടുള്ള ഭാഗങ്ങളോടു മുഴുവനുംതന്നെ എല്ലാവരും യോജിച്ചില്ലെന്നു വരാവുന്നതാണ്.

ഏതായാലും 'മണ്ഡനമഞ്ജരി' മലയാളഭാഷയ്ക്ക് ഒരുത്തമസമ്പാദ്യമായി ഞങ്ങൾ കരുതുന്നു. മിസ്റ്റർ ഉണ്ണി പലപ്പോഴായി എഴുതിയിട്ടുള്ള ലേഖനങ്ങൾ ചേർത്തു 'ഖണ്ഡനമഞ്ജരി'യും പ്രസിദ്ധപ്പെടുത്തുന്നതു നന്നായിരിക്കും. വിമർശനവിഷയത്തിൽ അസാമാന്യധീമാനും സൂക്ഷ്മദൃക്കുമായ മിസ്റ്റർ ഉണ്ണി അക്രമമായി ബാധിച്ചിട്ടുള്ള അലസതയെ ദൂരീകരിച്ചു മലയാളത്തിലെ വിമർശനപദ്ധതി കുറെക്കൂടി വിപുലവും വിശാലവുമാക്കുന്ന വിഷയത്തിൽ യഥാശക്തി പരിശ്രമിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു

# ഇതൊന്നു നോക്കണേ — അതും.

‡ (ഒരു ഗുരുനാഥൻ)

### * ഇതു്

സ്കൂളിൽ ആദ്യത്തെ മണി അടിച്ചു. കുട്ടികൾ മിക്കവാറും ക്ലാസ്സിൽ കയറി. ഒരു മുറിയുടെ മുൻപിൽ ചിലർ അലഞ്ഞുതിരിഞ്ഞു നടക്കുന്നു. എന്താണെന്നറിയാനായി അവരുടെ അടുത്തു് എത്തി. അവിടെ ക്ലാസുവാദ്ധ്യാർ വന്നിട്ടില്ലെന്നു മനസ്സിലായി. പെട്ടെന്നു് ഒരു മാററം കണ്ടു. തിരിഞ്ഞു നോക്കിയപ്പോൾ ഒരാൾ തിടുക്കത്തിൽ നടന്നുവരുന്നതു കണ്ടു. കുട്ടികൾ ക്ലാസ്സിൽ കയറാൻ തുടങ്ങി. വരുന്ന ആൾ, ആ ക്ലാസ്സിലെ അദ്ധ്യാപകൻ ആയിരിക്കണം. വലതുകയ്യിൽ കുടപിടിച്ചിരിക്കുന്നു; ഇടത്തേതുകൊണ്ടു പറപറാ പറയുന്ന തലമുടിയെ ചീകി ഉണക്കുന്നു; കറുത്ത ഉടുപ്പാണു ധരിച്ചിരിക്കുന്നതു്; ബട്ടൻ ഇട്ടിട്ടില്ല; ഉള്ളിലുള്ള കുട്ടുത്തുണിയിൽ പററിയിട്ടുള്ള അഴുക്കും പൊടിയും പ്രത്യക്ഷമായി കാണാം. പുറമെ നീണ്ട ഒരു നേര്യതു തൂക്കിയിട്ടിട്ടുണ്ടു്. വെററിലമുറുക്കുകൊണ്ടു് പല്ലും ചുണ്ടും രക്തവർണ്ണമായിരിക്കുന്നു; കണ്ണും ചുവന്നിട്ടുണ്ടു്; ആകെപ്പാടെ ആൾ, ഭയങ്കരൻ; പ്രസന്നത തീരെ ഇല്ല.

### * അതു്

മണി അടിച്ചതും അദ്ധ്യാപകൻ ക്ലാസ്സിൽ എത്തിയതും ഒന്നായി കഴിഞ്ഞു. ആൾ സരസൻ, നടപ്പിലും നോട്ടത്തിലും എല്ലാം ചുണകാണുന്നുണ്ടു്. താൻ ക്ലാസ്സിൽ കയറിയതു കുട്ടികളുടെ നന്മക്കാണ്; അവരുടെ മാനസികശക്തികളുടെ വളർച്ചയ്ക്കും ജ്ഞാനാഭിവൃദ്ധിക്കുംവേണ്ടി കഴിയുന്നതും ശ്രമിക്കണം എന്ന ബോധം മുഖത്തു സ്ഫുരിക്കുന്നുണ്ടു്. ഒരു വെള്ളയുടുത്തുണി ശുചിയായി ധരിച്ചിട്ടുണ്ടു്. അസഹ്യപ്പെടുത്തത്തക്ക രണ്ടാംമുണ്ടു് ഒന്നുമില്ല. കയ്യിൽ പുസ്തകവും, നോട്ടുബുക്കും, ചോക്കുകഷണവും കൊണ്ടാണു് ക്ലാസ്സിനുള്ളിൽ കടന്നതു്. അതിനു മുൻപായിട്ടുതന്നെ കുട്ടികൾ അവരവരുടെ സ്ഥാനങ്ങളിൽ ഇരുന്നുകഴിഞ്ഞു. അദ്ധ്യാപകനെക്കണ്ട മാത്രയിൽ എല്ലാവരും ഒന്നായി എഴുന്നേററുനിന്നു. അദ്ദേഹം കുട്ടികളെ ആകെ ഒന്നു നോക്കി മന്ദസ്മിതം ചെയ്തിട്ടു് ആംഗ്യംകൊണ്ടു് ഇരിക്കാൻ ആജ്ഞാപിച്ചു. ആദ്യത്തെ നോട്ടത്തോടുകൂടിത്തന്നെ മൂന്നുപേർ ഹാജരില്ലെന്നു മനസ്സിലായി. ഇന്നു സ്ഥ

---

‡ മുൻ ഒരുലക്കം ഗുരുനാഥനിൽ 'ഒരു അപനയം' എന്ന പേരിൽ ഒരു ലേഖനം എഴുതിയ പെൻഷൻപററി വിശ്രമിക്കുന്നതായ ഒരു സുപ്രസിദ്ധ ഹൈസ്കൂൾ ഹെഡ്മാസ്റ്റർതന്നെയാണ് ഈ ലേഖനം എഴുതിയതും.

* 'ഇതു്' എന്നതിന്റെ ബാക്കി അടുത്തപുറത്തു് ഇടത്തും, * 'അതു്' എന്നതിന്റെ ബാക്കി അടുത്തപുറത്തു വലത്തുഭാഗത്തുമായി വായിക്കേണ്ടതാണ്.

### ഇത്

മണി അടിച്ചുപോയതുകൊണ്ട് ഓടി കിതച്ചാണു വരുന്നത്. കൈവശം പുസ്തകമാവട്ടെ നോട്ടുബുക്കാവട്ടെ, ഒന്നുമില്ല. നേരെ നടന്നു ക്ലാസ്സിനുള്ളിൽ കടന്നു കസേരയിൽ ചാരി ഇരുന്നു. 'ആവു' എന്ന ശബ്ദത്തോടുകൂടി രണ്ടാംമുണ്ടു കൊണ്ടു വീശി അല്പനേരം കണ്ണടച്ചു വിശ്രമിച്ചു. കുട്ടികളെ നോക്കിയേ ഇല്ല. ഇതിനിടയ്ക്ക് ആചാരോപചാരങ്ങൾ എന്ന മട്ടിൽ ചിലർ എഴുന്നേററു നില്ക്കയും ചിലർ അതിനു ഭാവിക്കയും, മററു ചിലർ അലക്ഷ്യമായി ഇരുന്നിടത്തിരുന്നു സംസാരിക്കയും മററും ചെയ്തുകൊണ്ടിരുന്നു. കുറച്ചുകഴിഞ്ഞ് ഒന്നു മൂരിവിട്ടിട്ടു ഹാജർബുക്ക് എവിടടാ എന്നു ഗർജ്ജിച്ചു. ശബ്ദവും ആകൃതിക്കൊത്തതുതന്നെ. ഒരു കുട്ടി ഉടൻ മേശ തുറന്ന്, ഹാജർബുക്കെടുത്തു മേശമേൽ വച്ചു. ഒരു കുട്ടി കൊടുത്ത ഫൌണ്ടൻ പേനകൊണ്ടു ഹാജർ പതിക്കാൻ തുടങ്ങി. അതും സർവ്വത്ര കുഴപ്പമായിരുന്നു. ഹാജർ, ഹീയർസാർ, പ്രസൻറുസാർ എന്നും മററുമുള്ള ശബ്ദങ്ങളും അവൻ ഇന്നലെ വന്നില്ല സാർ, ഇയ്യാൾ മണി അടിച്ചതിൽപിന്നെയാണു വന്നതു സാർ, എന്നു തുടങ്ങിയ അഭിപ്രായങ്ങളും കൂടികലർന്ന് ആകപ്പാടെ ഒരു മുഴക്കം. ഏതായാലും 'അധികപ്രസംഗി' 'കഴുതെ' 'കുരങ്ങന്മാർ' എന്ന് ഇടയ്ക്കിടക്കുള്ള ശകാരവർഷങ്ങളോടുകൂടി ഒരു വിധ

### അത്

ലത്ത് ഇന്ന കുട്ടി ഇരിക്കുമെന്ന് അദ്ധ്യാപകനു പരിചയംമൂലം ബോദ്ധ്യമുണ്ടായിരുന്നതു കൊണ്ടു ഇതു് നിഷ്പ്രയാസം സാധിച്ചു. ഉടൻതന്നെ കസേരയിൽ ഇരുന്നു മേശ തുറന്നു ഹാജർ പുസ്തകം എടുത്തു സ്വന്തം പേനകൊണ്ടു ക്ഷണത്തിൽ ഹാജർ ഉള്ള കുട്ടികൾ ഉണ്ടെന്നും ഇല്ലാത്തവർ വന്നിട്ടില്ലെന്നും അടയാളപ്പെടുത്തി. ഇതു കഴിഞ്ഞു കസേരയിൽനിന്നും എഴുന്നേററ് അതിൻെറ പുറകിൽ മാറി ചാരിൻെറ പിൻവശത്തു പിടിച്ചുകൊണ്ടു നിന്നിട്ട് ഇപ്രകാരം പാഠത്തിലേയ്ക്കു പ്രവേശിച്ചു. (പാഠം ഇടതുവശത്തുള്ള കുറിപ്പിലെ പദ്യംതന്നെയായിരുന്നു)

അദ്ധ്യാ—ഇന്നലത്തെ പാഠത്തിൽ നളൻ ആരെയോ പിടിക്കാൻ ഭാവിച്ചല്ലൊ. ആരെയാണ്? ഉത്തരം കണ്ടുപിടിക്കുന്നതിന് എല്ലാവരും ആലോചിക്കണം എന്ന മട്ടിൽ പ്രത്യേകം ആരെയും ചൂണ്ടിക്കാണിക്കാതെയാണു ചോദിച്ചത്. അല്പനേരം കഴിഞ്ഞു് ഒന്നാംബെഞ്ചിലെ മൂന്നാമനോട് ഉത്തരം പറയുന്നതിന് ആംഗ്യം കാണിച്ചു.

തലേദിവസത്തെ പാഠസമയത്തു കുട്ടികളുടെ ശ്രദ്ധ മുഴുവൻ അതിൽ പതിഞ്ഞിരുന്നതിനാൽ ഇതിന് എല്ലാവരും സന്നദ്ധരായിരുന്നു. അതുകൊണ്ട് ആ കുട്ടി "ഒരു ഹംസത്തിനെ പിടിക്കാനാ

## ഇത്

ത്തിൽ ഹാജർ പതിച്ചുകഴിഞ്ഞു. അനന്തരം ഇന്നത്തെ പാഠം ഏതാണ്ടാ എന്നുച്ചത്തിൽ ചോദിച്ചതിന്നു പലരും പല ഉത്തരം നല്കി. ഒടുവിൽ ഒന്നു സ്ഥിരപ്പെടുത്തി, ഭാഷാപുസ്തകമെടുത്തു വായിക്കാൻ ആജ്ഞാപിച്ചു. ഒന്നാമത്തെ കുട്ടി വായിക്കാൻ തുടങ്ങി, അടുത്തയാൾ, അടുത്തയാൾ എന്നിടയ്ക്കിടെ പുറപ്പെടുന്ന ശബ്ദത്തോടുകൂടി ക്രമപ്രകാരം വായന നടന്നു. വായനസമയത്തു് ഉച്ചാരണത്തിലും പദങ്ങളുടെ കൂട്ടിച്ചേർപ്പിലും മററും വളരെ പോരായ്മകൾ ഉണ്ടായിരുന്നുവെങ്കിലും, അവയെ ശരിപ്പെടുത്തുന്നതിന്നു് അദ്ധ്യാപകൻ ശ്രമിച്ചില്ല. ക്ഷീണംകൊണ്ടു് അല്പം മയങ്ങിപ്പോയി. ഒരുത്തൻ വായിക്കുന്ന സമയത്തു മററു കുട്ടികൾ അതിൽ ശ്രദ്ധിക്കാതെ അന്യോന്യം വർത്തമാനം പറഞ്ഞുകൊണ്ടാണിരുന്നതു്. ഒടുവിലത്തെ കുട്ടി വായിച്ചു നിറുത്തിയതോടുകൂടി അന്യശബ്ദങ്ങളും അല്പം ശമിച്ചു. അദ്ധ്യാപകൻ പെട്ടെന്നുണർന്നു് ഒന്നാമനോടു് ആദ്യഭാഗം ഒന്നുകൂടി വായിക്കാൻ പറഞ്ഞു. അയാൾ ഇങ്ങിനെ വായിച്ചു.

‘കൊന്നാൽ, പാപം തിന്നാൽ (പോമെ-
ന്നൊരു വലുതാം മൂഢതയുണ്ടേ

ഉടൻ അദ്ധ്യാപകൻ രണ്ടാമനെ ചൂണ്ടിക്കാണിച്ചിട്ടു് ഇങ്ങിനെ ചോദിച്ചു.

ഈ വാക്യത്തിൽ ഗ്രന്ഥകർത്താവു സമർത്ഥിച്ചിരിക്കുന്ന അഭി

## അത്

ണു ശ്രമിച്ചതു്” എന്നു നിഷ്പ്രയാസം പറഞ്ഞു.

ഇതിനെ തുടൎന്നു ചെറിയ ചോദ്യങ്ങളും ഉചിതമായ ഉത്തരങ്ങളുംകൊണ്ടു പഴയ പാഠത്തെ ഉണർത്തിയിട്ടു പുതിയ പാഠത്തിലേയ്ക്കു കടന്നു. ആദ്യമായി ‘മൂഢത’ എന്ന വാക്കു ബോർഡിൽ എഴുതി ശരിയായി ഉച്ചരിപ്പിച്ചു. കടമ, പാഠം, ഡംഭം മുതലായ വാക്കുകളും എഴുതി ടവർഗ്ഗത്തിന്റെ രൂപത്തിലും ശബ്ദത്തിലും ഉള്ള വ്യത്യാസങ്ങളെ ശരിയായി ധരിപ്പിച്ചു. അതിന്റെ ശേഷം ‘കുട്ടികളെ കാററുകൊള്ളിക്കരുതു്’ എന്നൊരു മൂഢത മുത്തമ്മമാർക്കുണ്ടു്, എന്ന ചൊല്ലിനെ ഉപയോഗിച്ചു് ‘മൂഢതയുണ്ടു്’ എന്നതിലെ താല്പര്യം വെളിവാക്കി. ഇതു കഴിഞ്ഞു കുട്ടികളോടു പുസ്തകം എടുത്തു മേൽവരികൾ അടങ്ങിയ ഇന്നപുറം തിരിച്ചുവയ്ക്കാൻ പറഞ്ഞു. ക്ഷണംകൊണ്ടു കുട്ടികൾ എല്ലാം പുറം മറിച്ചു പാഠം നോക്കിത്തുടങ്ങി. രണ്ടാം ബെഞ്ചിൽനിന്നും നാലാമത്തെ കുട്ടിയെക്കൊണ്ടു ശ്ലോകം വായിപ്പിച്ചു. അയാൾ ഇങ്ങിനെയാണു വായിച്ചതു്.

കൊന്നാൽ (ഇതു കഴിഞ്ഞു് അല്പം നിറുത്തിയിട്ടു) പാപംതിന്നാൽ,— പോമെന്നൊരു വലുതാം മൂഢതയുണ്ടെ.

വാക്കുകൾ അടക്കിയതു ശരിയായില്ല; ഒന്നുകൂടി സൂക്ഷിച്ചു നോക്കുക എന്നു അദ്ധ്യാപകൻ പറ

### ഇത്

‘പ്രായം എന്തായിരിക്കുമെന്നാണ് . തനിയ്ക്കു തോന്നുന്നതു്?’

രണ്ടാമൻ ഉത്തരം പറഞ്ഞില്ല. ൩, ൪, ൫ തുടങ്ങി ൧൨ വരെയുള്ള കുട്ടികളിൽനിന്നും ഉത്തരം കിട്ടിയില്ല. ൧൩-ാമൻ പറഞ്ഞതു് ഇതാണ്.

‘പാപം തിന്നുതന്നെ തീരണം’

അദ്ധ്യാപകൻ ‘എന്നുവെച്ചാലെന്താ’ എന്നു് അടുത്തുള്ള കുട്ടിയോടു ചോദിച്ചു. ഉത്തരം കിട്ടാഞ്ഞതുകൊണ്ടു്, ശുനമണ്ടൻ, ചെളിത്തലയൻ എന്നു ശകാരിച്ചിട്ടു് “അവനവൻ ചെയ്യുന്ന പാപം അവനവൻതന്നെ അനുഭവിക്കും” എന്നു പറഞ്ഞുകൊടുത്തിട്ടു് “ഇപ്പോൾ എല്ലാവർക്കുംമനസ്സിലായല്ലോ” എന്നു ദേഷ്യത്തോടുകൂടി അലറി.

മുൻകൂട്ടി പാഠം തയ്യാറാക്കുക പതിവില്ലാത്ത ഈ സാധുവിനു കാര്യം മനസ്സിലാകാതെ പോയതിൽ അത്ഭുതപ്പെടുവാനുണ്ടോ? ഇതിനിടക്കു ചില കുട്ടികൾ തമ്മിൽ തമ്മിൽ നോക്കുകയും ഹാസ്യരൂപത്തിൽ അല്പം ചിരിക്കുകയും ചെയ്തു എന്നു കണ്ടിട്ടു്, അസഹ്യമായ കോപത്തോടുകൂടി, എന്തടാ പല്ലിളിക്കുന്നതു് എന്നു ചോദിച്ചതിനു, ‘സാർ അങ്ങിനെയല്ലാ അർത്ഥം. ആടിനേയോ കോഴിയേയൊ എന്തിനെ എങ്കിലും നാം കൊന്നാൽ, അതുനിമിത്തമുള്ള പാപം, ആ ജന്തുവിൻെറ മാംസം വെച്ചുതിന്നാൽ മതി, പൊയ്പ്പോകും’ എന്നാണു സാർ, എന്നു പറ

### അത്

ഞ്ഞതുകേട്ടു് എല്ലാവരും വായനയിൽ മനസ്സിരുത്തി. അല്പംകഴിഞ്ഞു മൂന്നാംബെഞ്ചിൽ രണ്ടാമൻ വായിക്കാൻ സൂചിപ്പിച്ചു. അയാൾ ഇങ്ങിനെ വായിച്ചു.

കൊന്നാൽ പാപം— തിന്നാൽ. തീരുമെന്നൊരുവലുതാം— മൂഢതയുണ്ടു. വീണ്ടും ചോദ്യംചെയ്തു ഇടക്കിടെയുള്ള കുട്ടികളിൽനിന്നു ശരിയായ രൂപം വരുത്തി ഇങ്ങിനെ ബോർഡിൽ എഴുതി.

കൊന്നാൽ പാപം—തിന്നാൽതീരും— എന്നു്— ഒരുവലുതാം മൂഢത—ഉണ്ടു.

അവിടവിടെനിന്നു പല കുട്ടികളെക്കൊണ്ടു ശരിയായി വായിപ്പിച്ചു.

ഇത്രയും കഴിഞ്ഞപ്പോൾതന്നെ കുട്ടികൾക്കു് അതിലെ താല്പര്യവും മനസ്സിലായി.

അതു് ഇങ്ങിനെ പ്രത്യക്ഷപ്പെട്ടു.

“അദ്ധ്യാ:— ഒരു മൂഢതയുണ്ടു”—ഇവിടെ മൂഢത എന്താണ്? ഉത്തരത്തിനായി ഒരു കുട്ടിയെ ചൂണ്ടിക്കാണിക്കുന്നു.

കുട്ടി (ഒട്ടും ക്ലേശംകൂടാതെ) കൊന്നാൽ പാപം, തിന്നാൽ പോകും’ ഇതാണു മൂഢത.

ഉത്തരം സന്തോഷത്തോടെ സ്വീകരിച്ചു എന്നു മുഖഭാവംകൊണ്ടു കാണിച്ചിട്ടു് ‘എന്തിനെ കൊന്നാൽ’ ‘എന്തിനെ തിന്നാൽ’ ‘എന്താണു ഫലം?’ ‘എന്തുമാതിരി ചൊല്ലാണ് ഇതു്?’ എന്നിങ്ങനെ

## ഇതു്

ഞ്ഞു. അപ്പഴാണ് മൂപ്പർ പുസ്തകം നോക്കിയതു്. എന്തിനേറെപ്പറയുന്നു. കോപംകൊണ്ടും ലജ്ജകൊണ്ടും മുഖം താഴ്ത്തി അല്പനേരം ഇരുന്നു; മണിയടിച്ചു; ആശ്വാസമായി: ആട്ടെ, ശരിയായിട്ടുള്ളതു നാളെപ്പറഞ്ഞുതരാമെന്നു പറഞ്ഞു് ഒരുവിധത്തിൽ പാഠം അവസാനിപ്പിച്ചു.

---

## അതു്

യുള്ള ചോദ്യങ്ങൾ അവിടവിടെ വിതറി, ശരിയായി ഉത്തരം പറയിച്ചു കാര്യം ഭംഗിയായി മനസ്സിലാക്കി. ഇതുമാതിരി ചൊല്ലുകൾ അബദ്ധങ്ങളാണെന്നും, ജനങ്ങൾ അവയെ സ്വീകരിക്കരുതെന്നും ഉള്ള അനുമാനങ്ങളും ഉചിതമായി പറയിച്ചു. രണ്ടുവരികളും പഠിപ്പിച്ചിട്ടു്, ഇതേ സമ്പ്രദായത്തിൽതന്നെ മൂന്നു പദ്യങ്ങൾ തീർത്തതിന്റെ ശേഷമെ മണി അടിക്കയുണ്ടായുള്ളു. മുഴുവൻ സമയവും കുട്ടികൾക്കു മനോവ്യാപാരം ഉണ്ടായിരുന്നതിനാൽ മററു സംഗതികൾ ചിന്തിക്കുന്നതിനോ അന്യോന്യം സംസാരിച്ചു സമയം കളയുന്നതിനോ അവൎക്കു സാധിച്ചില്ല. ആദ്യന്തം അദ്ധ്യാപകന്റെ നില ക്ലാസ്സു മുഴുവൻ അദ്ദേഹത്തിന്റെ നോട്ടത്തിൽ പെടത്തക്കതായിരുന്നു. ചോദ്യങ്ങൾ കുട്ടികളുടെ ശക്തിയെ അധികരിച്ചുവയെല്ലാം. ശരിയായ ഉത്തരം പൂൎണ്ണമായ വാചകത്തിൽ കിട്ടുന്നതുവരെ ഒരേ സംഗതിയെപ്പററി തന്നെ മാറി, മാറി ചോദിച്ചുകൊണ്ടിരുന്നു. പാഠം ആകപ്പാടെ കുട്ടികൾക്കു് ആനന്ദകരമായിരുന്നു. ഒരിക്കലും ഒരു മുഷിച്ചിലും തോന്നിയിരുന്നില്ല. എന്നല്ലാ ഇസാറുതന്നെ എന്നും എല്ലാ പാഠവും പഠിപ്പിക്കണമെന്നു് ഒരാഗ്രഹം ജനിക്കയും ചെയ്തു.

# കുറിപ്പു്

## സ്ത്രീവിദ്യാഭ്യാസം

നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസപദ്ധതി വരണ്ടു പോയി എന്നു് ഒരു യൂറോപ്പു ദേശക്കാരൻ എന്നോടു പറയുകയുണ്ടായി. തൽസമയത്തു് അദ്ദേഹം എന്നോടു പുരുഷന്മാരുടെ വിദ്യാഭ്യാസത്തെപ്പററി സംസാരിക്കുകയായിരുന്നു. പുരുഷന്റെ വിദ്യാഭ്യാസം നിന്ദാൎഹമാണെങ്കിൽ സ്ത്രീയുടെ വിദ്യാഭ്യാസം കൂടുതൽ നിന്ദാൎഹമാകാനല്ലേ തരമുള്ളു. ഇപ്പോഴത്തെ വിദ്യാഭ്യാസരീതി പുരുഷന്മാൎക്കു് ഉചിതമല്ലെങ്കിൽ സ്ത്രീകൾക്കു തീരെ യോജിച്ചതായിരിക്കുകയില്ലല്ലൊ. ബ്രിട്ടീഷു പാർല്ലിമെണ്ടിന്റെ അധികാരങ്ങളെപ്പററി പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ഒരു പുരുഷനെ സ്ത്രീയാക്കുവാനും സ്ത്രീയെ പുരുഷനാക്കുവാനും ഒഴിച്ചു എല്ലാം ആ ഭരണസഭക്കു സാധിക്കും എന്നു് ഒരാൾ സൂചിപ്പിച്ചിട്ടുണ്ടു്. എന്നാൽ നമ്മുടെ വിദ്യാഭ്യാസപദ്ധതിക്കു പൊതുവെയും സൎവ്വകലാശാലകൾക്കു പ്രത്യേകിച്ചും ആ പാർല്ലിമെണ്ടിനേക്കാൾ അധികാരവും ശക്തിയും ഉള്ളതായിക്കാണുന്നു. അവയുടെ പ്രധാന ജോലി സ്ത്രീകളെ പുരുഷന്മാരാക്കുകയാകുന്നു. പുരുഷന്റെ വിദ്യാഭ്യാസംതന്നെ സ്ത്രീകൾക്കും ലഭിക്കുന്നു. മാത്രമല്ല, ആധുനികവനിതമാർ പുരുഷന്മാരെ അവരുടെ വസ്ത്രധാരണത്തിലും വിനോദങ്ങളിലും അനുകരിച്ചു തുടങ്ങിയിട്ടുണ്ടു്. പാശ്ചാത്യരാജ്യങ്ങളിലെ സൎവ്വകലാശാലാബിരുദധാരികളായ വനിതകൾ അവരുടെ ഇപ്പോഴത്തെ വസ്ത്രധാരണരീതി മാററി നല്ല വിസ്താരമുള്ള കാലുറകളും മററും ധരിച്ചു തുടങ്ങിയിരിക്കുന്നു. ഫുട്ബാൾ ഹാക്കി മുതലായ പുരുഷന്മാരുടെ വിനോദങ്ങളിലാണു (സ്ത്രീകളുടേതാണോ?) അവർ കൂടുതലായി ഏൎപ്പെടുന്നതു്. ഇൻഡ്യയിലെ സൎവ്വകലാശാലാവനിതകൾ അവരുടെ സാരികൊണ്ടു തൃപ്തിപ്പെടുന്നുണ്ടെങ്കിലും വിനോദകാൎയ്യങ്ങളിൽ അങ്ങനെയാണെന്നു തോന്നുന്നില്ല.

സ്ത്രീയുടെ പ്രവൃത്തിരംഗം ഗൃഹമാണു് എന്നു പറഞ്ഞിരുന്ന ഒരു കാലമുണ്ടായിരുന്നു. ഗൃഹജോലികളും കുട്ടികളെ വളൎത്തലുമാണു് പ്രകൃതി അവൎക്കുദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ എന്നു് എല്ലാവരും സമ്മതിച്ചിരുന്നു. എന്നാൽ ആ അഭിപ്രായത്തെ ഇന്നു സ്ത്രീലോകം മാത്രമല്ല, പുരുഷലോകത്തിലെ ഒരു ഭാഗവുംകൂടി പ്രതിഷേധിക്കുന്നതായിരിക്കും. ഗൃഹഭരണകൃത്യങ്ങൾ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള സ്ത്രീകളുടെ സംമൎത്ഥ്യത്തിന്നു് ഏററവും നിസ്സാരങ്ങളാണെന്നോ, അവരുടെ മുഴുവൻ സമയവും ശ്രദ്ധയും ചിലവാക്കുന്നതിന്നു് അവ ഏററവും പരിമിതങ്ങളാണെന്നോ ആണു് അഭിപ്രായം. സാമ്പത്തികമായും രാഷ്ട്രീയമായും ഉള്ള സ്ത്രീകളുടെ നിലയെപ്പററി പ്രസംഗിക്കുന്നവരുമുണ്ടു്. ഗൃഹത്തിലെ ഭക്ഷണസമ്പാദനകൃത്യം പുരുഷൻതന്നെയാണു നിൎവ്വഹിക്കേണ്ടതെങ്കിൽ ആധുനി

കപരിഷ്കാരത്തിൻെറ ഒരു പ്രധാന മൂലതത്വമായ 'രണ്ടു വർഗ്ഗങ്ങളുടേയും' സമത്വം എങ്ങനെയാണു പാലിക്കുക?

രാഷ്ട്രീയമായി നോക്കുകയാണെങ്കിൽ ഭരണവിഷയത്തിൽ സ്ത്രീകൾക്കുള്ള സ്ഥാനം അവർ കൂടുതലായി മനസ്സിലാക്കിവരികയാണു്. സ്ത്രീകളുടെ സമ്മതിദായകാവകാശം, വലിയസഭകളിലും മററുമുള്ള അവരുടെ പ്രാതിനിധ്യം മുതലായവ ഇന്നത്തെ പ്രധാന വിഷയങ്ങളാണു്.

ഇവയെല്ലാം പാശ്ചാത്യദേശങ്ങളിലേയും പൌരസ്ത്യദേശങ്ങളിലേയും ആധുനികവനിതകൾ അഭിവൃദ്ധി പ്രാപിച്ചുവരുന്ന ചില പാന്ഥാക്കളാണു്. എന്നാൽ വെള്ളക്കാരുടെ ദേശങ്ങളിലെ സ്ത്രീപ്രസ്ഥാനവും ഇൻഡ്യയിലെ സ്ത്രീപ്രസ്ഥാനവും തമ്മിൽ അല്പം വ്യത്യാസമുണ്ടു്. അവരുടെ അസ്വാതന്ത്ര്യത്തേയും, പരിധികളേയും, അപ്രാപ്തിയേയും മററും നല്ലപോലെ മനസ്സിലാക്കി, പോരാടി വിജയംനേടി അവരുടെ സ്ഥാനം അവർ കയ്യിലാക്കി. എന്നാൽ ഇവിടെ അവരുടെ അവകാശങ്ങൾ ബലാൽക്കാരേണ അവരിൽ കെട്ടിവച്ചതാണെന്നുതന്നെ പറയാം. സ്ത്രീപ്രസ്ഥാനത്തിൻെറ പ്രാരംഭപ്രവർത്തകന്മാരും നായകന്മാരും ഇവിടെ ഭൂരിപക്ഷവും പുരുഷന്മാരാണു്. സ്ത്രീകളുടെ നിസ്സഹായത ആലോചിച്ചാൽ അങ്ങനെ വരാനല്ലെ തരമുള്ളു. എന്നാൽ സ്ത്രീകളുടെ നന്മക്കുവേണ്ടിയുള്ള ശ്രമത്തിൽ പുരുഷന്മാർ വിഡ്ഢിത്തം കാണിച്ചു എന്നുവേണം പറയുവാൻ. സ്ത്രീകളുടെ യഥാർത്ഥ ആവശ്യങ്ങൾ എന്താണെന്നറിയുന്നതിൽ അവർ പരാജിതരാകുകയും അവർക്കാവശ്യമല്ലാത്തവ നൽകുകയും ചെയ്തു. വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഈ വിഡ്ഢിത്തം നല്ലപോലെ വ്യക്തമായിക്കാണാം. രണ്ടു വർഗ്ഗക്കാർക്കും ഒരേതരത്തിലുള്ള വിദ്യാഭ്യാസപദ്ധതി രൂപീകരിച്ചിട്ടുള്ളതുതന്നെ ഒരു ഭീമാബദ്ധമാണു്. അതിൻെറ ദുഷിച്ച ഫലങ്ങൾ ഇന്നു് ഓരോ നാൾ കഴിയുന്തോറും വ്യക്തമായിക്കണ്ടു വരുന്നുണ്ടല്ലൊ.

ഇൻഡ്യയിലെ സ്ത്രീവിദ്യാഭ്യാസത്തിനുള്ള ഒരു ദോഷം അതു നമ്മുടെ ഹൈന്ദവവനിതാദർശങ്ങളെ ഭേദപ്പെടുത്തുന്നു എന്നുള്ളതാണു്. നമ്മുടെ മഹൽഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുള്ളതും സീത, സാവിത്രി ദമയന്തി മുതലായ പൌരാണിക വീരവനിതാരത്നങ്ങളിൽ പ്രശോഭിച്ചിരുന്നതുമായ ഉൽകൃഷ്ടാദർശങ്ങൾ ഇന്നു് അദൃശ്യങ്ങളായിരിക്കുന്നു. പുരുഷൻ ഇന്നു സ്ത്രീയുടെ മുമ്പിൽ അവതരിപ്പിക്കുന്ന ആദർശം ഇതാണു്. "ഹൈസ്ക്കൂളുകളിലും കാളേജുകളിലും പഠിച്ചു് എന്നേപ്പോലെ സർവ്വകലാശാലാബിരുദങ്ങൾ സമ്പാദിക്കുക; പിന്നീടു് എന്നേപ്പോലെ ഉദ്യോഗത്തിൽ പ്രവേശിക്കുകയൊ, അപ്പോത്തിക്കിരിയാകുകയൊ, വക്കീലാകുകയൊ ചെയ്യുക". എന്തു് ഉൽകൃഷ്ടമായ ആദർശം!

താൻ വിദ്യാഭ്യാസം ചെയ്യുന്നതിനേക്കാൾ വിദ്യാഭ്യാസം സിദ്ധിച്ചിട്ടു

ള്ള ഒരു സ്ത്രീയെ വിവാഹംചെയ്യുന്നതാണു കൂടുതൽ ആദായകരമെന്നു് ഒരു യോഗ്യൻ എന്നോടു് ഈയിടെ പറയുകയുണ്ടായി. പുരുഷന്റെ സൎവ്വകലാശാലാബിരുദ ലഭിച്ചിട്ടുള്ള ഒരു സ്ത്രീക്കു കൂടുതൽ ആദായം ഉള്ളതുകൊണ്ടു ഭൎത്താവിനേയും കുട്ടികളേയും എളുപ്പത്തിലും കുറേക്കൂടി സുഖമായവിധത്തിലും രക്ഷിക്കുന്നതിനു സാധിക്കുന്നതാണു്. സ്ത്രീകളുടെ ഉൽകൃഷ്ടവിദ്യാഭ്യാസത്തിനു് ഇന്നും എന്തോ ഒരു പ്രത്യേകമഹിമയുള്ളതുകൊണ്ടു് അതിന്റെ ചന്തവില സാധാരണ വിലയേക്കാൾ കൂടുതലായിത്തന്നെയിരിക്കുന്നു.

സ്ത്രീവിദ്യാഭ്യാസത്തിൽ നാം തെററായ ഒരു മാൎഗ്ഗത്തിൽകൂടി സഞ്ചരിക്കുകയാണു്. ഗുണകരമായ ഒരു പദ്ധതി എത്രയും വേഗത്തിൽ സ്വീകരിക്കുന്നുവോ, അത്രയും നല്ലതാണു്. ഇന്നത്തെ സമ്പ്രദായം സ്ത്രീയെ പുരുഷനാക്കുകതന്നെയാണു ചെയ്യുന്നതു്. അതു നല്ലതല്ല. തങ്ങളുടെ ജീവിതത്തിൽ അവരുടെ നാനാവിധതൊഴിലുകൾക്കും പുരുഷന്മാരേയും സ്ത്രീകളേയും യോഗ്യരാക്കിത്തീൎക്കുന്ന ഒന്നാണു നല്ല വിദ്യാസസമ്പ്രദായം. ധനതത്വശാസ്ത്രത്തിൽ പ്രയത്നവിഭജനം പ്രധാനമായ ഒരു തത്വമാണു്. അതു സാധാരണ ജീവിതത്തിലും ഉപയോഗിക്കാവുന്നതാണു്. സ്ത്രീകളേയും പുരുഷന്മാരേയും അവരുടെ വ്യത്യസ്തങ്ങളായ ചുമതലകൾ നിൎവ്വഹിക്കുന്നതിനു വ്യത്യസ്തമായി തയാറാക്കണം.

സ്ത്രീയുടെ രംഗം ഗൃഹമാകുന്നു എന്നു പറയുന്നതുകൊണ്ടു ലോകാഭിവൃദ്ധിയിൽ ശരിയായ താല്പൎയ്യം കാണിക്കാതെ പിൻമാറണമെന്നാകുന്നു് ആരും തെററിദ്ധരിക്കേണ്ട. സ്ത്രീകളുടെ വിദ്യാഭ്യാസം ഇന്നത്തെപ്പോലെ കച്ചവടരീതിയിലുള്ളതാകരുതു്.

പെൺപാഠശാലകളിലെ പാഠപദ്ധതിയിൽ തുന്നൽ പാചവൃത്തി, സംഗീതം മുതലായവ ഉൾപ്പെടുത്തിയിട്ടില്ലേ എന്നു ചോദിച്ചേക്കാം. ശരിതന്നെ. എന്നാൽ അവ അപ്രധാനങ്ങളായിട്ടേ വിചാരിച്ചിട്ടുള്ളു എന്നു്, എല്ലാവരും സമ്മതിക്കാതിരിക്കയില്ല. ഹൈസ്കൂളുകളിലും കാളേജുകളിലും ചെന്നാൽ അവ എങ്ങോട്ടോ അന്തൎദ്ധാനം ചെയ്യുന്നു. കലാശാലകളിൽ പഠിപ്പിച്ചു ബിരുദകൾ നൾകുന്നതിനു വേണ്ട നിലയോ വിലയോ ആ വിഷയങ്ങൾക്കില്ലായിരിക്കാം. എങ്കിലും ഈ വിഷയങ്ങളേയും ഗൃഹഭരണസംബന്ധമായ സകല വിഷയങ്ങളേയും പഠിപ്പിച്ചു്, ബി. ഏ. എം. ഏ. മുതലായ ബിരുദകൾ നൾകുന്ന ഒരു പ്രശസ്ത സൎവ്വകലാശാല അമേരിക്കയിലുണ്ടു്. സ്ത്രീവിദ്യാഭ്യാസത്തിന്റെ ആരംഭകാലത്തിലെങ്കിലും ഗൃഹഭരണസംബന്ധമായ അദ്ധ്യയനം നൾകാത്തതു ശോചനീയവും ലജ്ജാകരവും തന്നെ.

എഡ്യൂക്കേഷനൽ റെവ്യൂ. ഡി. എസ്സ്. ഗോർഡൻ എം. ഏ. എൽ. എൽ. ബി.